
# കുടുംബജീവിതം

ഫാ: കമിൽ



# കുടുംബജീവിതം

ഫാ. കമിൽ സി. എം. ഐ.

ACHARYA MAKACKAL JEEVASSKENDRAM
LIBRARY
10840
ALWAYE

JANATHA BOOK STALL
Lourde Centre
Sub Jail Road
Alwaye-I.

ഒരു ഡി. ബി. എച്ച് വിതരണം

M)301.42
CAM

(Malayalam)

KUDUMBA JEEVITHAM

By.

Fr. CAMIL C. M. I.

Second impression April 1988
Price: Rs. 6. 50

Printed at: Anaswara Printers Sastri Road, Kottayam

Pubiishers and Disributors:
Deepika Booke House
Sastri Road, Kottayam-686001

Branches:
KattaPpana-685 508
Pathanamthitta-689 645

# അവതാരിക

വിവാഹം ഭൂമിയിൽ നടക്കുന്നു. സ്വർഗ്ഗത്തിലല്ല.

ഭൂമിയിൽത്തന്നെ കുടുംബങ്ങൾ ജനിക്കുന്നു. കുടുംബജീവികൾ അതിനെ സ്വർഗ്ഗമോ നരകമോ ആക്കുന്നു.

സ്നേഹമെന്ന പൊന്നുനൂലുകൊണ്ട് ബന്ധിതമായ, സുഖവും ദുഃഖവും പങ്കുവച്ചനുഭവിക്കുന്ന കുടുംബങ്ങളിൽ സ്വരരാഗ താളലയങ്ങൾക്ക് ഇഴപിണക്കമുണ്ടാവില്ല. അപ്പോളവ കൊച്ചുകൊച്ചു സ്വർഗ്ഗങ്ങളായിപ്പകരും.

കുടുംബം സ്വർഗ്ഗമല്ലെങ്കിൽ പിന്നെ നരകമാണ്.

ചില കുടുംബങ്ങൾ നരകങ്ങളാണ്. അവിശ്വാസത്തിൻെറ, തെററിദ്ധാരണകളുടെ, അവിഹിത വേഴ്ചകളുടെ, അമ്മായിയമ്മപ്പോരിൻെറ, നാത്തൂൻപോരിൻെറ നരകങ്ങൾ.

നമ്മുടെ കുടുംബങ്ങൾ നരകങ്ങളാവരുത്. നരകങ്ങളാക്കരുത്. കുടുംബം സമൂഹത്തിൻെറ ആണിക്കല്ലാണ്. അതു ഭദ്രമെങ്കിൽ സമൂഹവും ഭദ്രമായിരിക്കും. പടിഞ്ഞാറൻ സമൂഹങ്ങളുടെ കടുത്ത അശാന്തിയേക്കുറിച്ചു നാം ധാരാളം കേൾക്കുന്നുണ്ട്, കുത്തഴിഞ്ഞ സ്ത്രീ പുരുഷബന്ധങ്ങളും വിവാഹമോചനക്കെട്ടതികളും വഴി കുടുംബജീവിത സൗധം ആടിഉലയുകയും അതിൻെറ അടിത്തറ ഊതി ഒലിച്ചു പോവുകയും ചെയ്യതിൻെറ പരിണിതഫലമാണീ ദുരന്തമെന്ന് നാമോർത്തിരിക്കുക.

നമ്മുടെ നാടൻ കുടുംബജീവിതത്തെ ചൈതന്യപൂർണ്ണമാക്കി നിലനിറുത്തുവാനുതകുന്ന വ്യക്തവും ശക്തവുമായ നിർദ്ദേശങ്ങളാണ് ഈ ചെറുഗ്രന്ഥത്തിലുടനീളം. പണ്ഡിതനും, വാഗ്മിയും, ഗ്രന്ഥകാരനും, ആദ്ധ്യാത്മ നിയന്താവുമായ കമിലച്ചൻെറ പരിചയസമ്പത്ത് കടഞ്ഞെടുത്തു കാഴ്ചവയ്ക്കുന്ന കുറെ മഹനീയ സങ്കല്പങ്ങളും ഉത്തുംഗചിന്തകളും ഈ പേജുകളിലുണ്ട്. കുടുംബജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നവർക്കും, പഠിക്കുന്നവർക്കും. പഠിപ്പിക്കുന്നവർക്കുമെല്ലാം ഈ ചെറുഗ്രന്ഥം മാർഗ്ഗദർശിയായിരിക്കും. തീർച്ച.

ഡോ. ജെ. എസ്. തേക്കുങ്കൽ C. M. I
M. Sc. B. D.,D.Phil (Oxon)

# ഉപോദ്ഘാതം

കുടുംബങ്ങളുടെ ക്രൈസ്തവൽക്കരണമാണ് ഇരുപതാം നൂററാണ്ടിലെ ഏററവും വലിയ പ്രേഷിതവൃത്തി എന്നു് ഫാ. ബെർണാദ് ഹേയറിംഗ് (Fr. Bernard Harring. Christian Renewal in a Changing World) പ്രസ്താവിച്ചിട്ടുണ്ടു്. 1980 ഒക്ടോബർ മാസത്തിൽ വത്തിക്കാനിൻവച്ചു് നടന്ന മെത്രാന്മാരുടെ സിനഡിന്റെയും ചർച്ചാവിഷയം "ആധുനിക യുഗത്തിൽ ക്രൈസ്തവകുടുംബങ്ങളുടെ ദൗത്യം" എന്ന വിഷയമാണ്. കുടുംബങ്ങളിൽ ക്രൈസ്തവ ചൈതന്യമുണ്ടായിരിക്കണമെങ്കിൽ മാതാപിതാക്കന്മാർ വളരെയധികം ശ്രദ്ധ പതിക്കേണ്ടതായിട്ടാണിരിക്കുന്നതു്. കുടുംബങ്ങളുടെ പരിപാവനമായ അന്തരീക്ഷത്തെ മലീമസമാക്കുന്ന പല തത്വസംഹിതകളും ആധുനിക ലോകത്തിൽ രംഗപ്രവേശം ചെയ്തിട്ടുണ്ടു്. അറിഞ്ഞോ അറിയാതെയോ അവയെല്ലാം ഇന്നു് ക്രൈസ്തവകുടുംബങ്ങളിലും കടന്നുകൂടിയിരിക്കുന്നു. അവയെല്ലാം പരിഹരിച്ചു് കേരളത്തിലെ കത്തോലിക്കാ കുടുംബങ്ങളെ യഥാർത്ഥ ക്രൈസ്തവ ചൈതന്യമുള്ളവയാക്കി തീർക്കുന്നതിനാവശ്യമായ ചില വസ്തുതകളാണു് ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നതു്. ഈ ഗ്രന്ഥരചനയ്ക്കു് എനിക്കു് പ്രചോദനം നല്കിയതു് റവ. ഫാ സക്കറിയാസു് പ്രാക്കുഴി സി. എം. ഐ. അവർകളാണെന്ന കാര്യം പ്രസ്താവിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥം എല്ലാ കേരള ക്രൈസ്തവ കുടുംബങ്ങളിലും പ്രവേശിക്കുമെന്നുള്ള പ്രത്യാശയോടെ. 1980 ഏപ്രിൽ മാസത്തിൽ കേരളത്തിലെ അഭിവന്ദ്യ കത്തോലിക്കാ മെത്രാന്മാരുടെ സംയുക്ത ഇടയലേഖനവും കുടുംബങ്ങളുടെ ക്രൈസ്തവൽക്കരണത്തിനുള്ള ആഹ്വാനമാണല്ലോ നല്കിയിരിക്കുന്നതു്.

ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറെറടുത്തു് നിർവ്വഹിച്ച ദീപിക ബുക്ക് ഹൗസു് മനേജർ റവ. ഫാ. ടോം ജോസ് മാത്തച്ചേരി അവർകളോടും, പ്രൗഢമായ ഒരു അവതാരിക എഴുതി ഗ്രന്ഥത്തെ സമ്പന്നമാക്കിയ റവ. ഡോ. ജെ. എസ്. തേക്കുങ്കൽ അവർകളോടും, ഇതിന്റെ കൈയ്യെഴുത്തു പ്രതി പരിശോധിച്ചു വേണ്ട നിർദ്ദേശങ്ങൾ നല്കിയ റവ. ഫാ. മെലാനിയൂസ് അവർകളോടുമുള്ള ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഫാ. കമിൽ സി. എം. ഐ.

# ഉള്ളടക്കം

അവതാരിക

ഉപോദ്ഘാതം


| | | പേജ് |
|---|---|---|
| 1. | മനുഷ്യന്റെ ലൈംഗിക പ്രവണത | 1 |
| 2. | കുടുംബം | 6 |
| 3. | ഭർത്താവ് | 11 |
| 4. | ഭാര്യ | 19 |
| 5. | കത്തോലിക്കാ അന്തരീക്ഷം | 25 |
| 6. | മാതാപിതാക്കന്മാരുടെ പുമതലകരം | 36 |
| 7. | മക്കരംക്കു് മാതാപിതാക്കളോടുള്ള കടമകരം | 49 |
| 7. | ആധുനിക യുഗത്തിൽ ക്രൈസ്തവ കുടുംബങ്ങളുടെ ദൗത്യം | 55 |
| 9. | അല്മായ പ്രേഷിതത്വം | |
| 10. | ദിവ്യബലിയിലുള്ള സജീവഭാഗഭാഗിത്വം | 97 |

ഗ്രന്ഥകർത്താവിന്റെ 35 ൽ പരം
കൃതികളിൽ ഏറ്റവും പുതിയത്

---

1 സന്യാസം ഇന്ന്

2 ധ്യാനസഹചാരി.

3 ഭൂമിയിൽ സ്വർഗ്ഗം (in printing)

1

# മനുഷ്യൻെറ ലൈംഗികപ്രവണത

ഒരു യവന പുരാണകഥയനുസരിച്ച് ആരംഭദശയിൽ സ്ത്രീപുരുഷ ലിംഗങ്ങൾ ഒരേ വ്യക്തിയിൽതന്നെ സമ്മേളിച്ചിരുന്നു. എന്നാൽ ആ സൗഭാഗ്യാവസ്ഥയിൽ അസൂയാകലുഷിതരായ ദേവന്മാർ ഒരു അസ്ത്രം തൊടുത്തുവിട്ട് അവരെ വിഭിന്ന വ്യക്തികളാക്കിത്തീർത്തു. സ്ത്രീപുരുഷ വർഗ്ഗങ്ങൾ തമ്മിൽ അത്ര വലിയ ആകർഷണം ഉണ്ടെന്നു മനസ്സിലാക്കുവാനായി ചമഞ്ഞെടുത്ത ഒരു കഥയായിരിക്കാം ഇത്.

ദൈവം മനുഷ്യനു ചില പ്രവണതകൾ നൽകിയിട്ടുണ്ട്. വിശപ്പ് എന്നൊരു പ്രവണത നമ്മിൽ ഉണ്ടാകുന്നു. നാം ഭക്ഷണം കഴിച്ച് അരോഗ ദൃഢഗാത്രരായി ജീവിച്ച് ദൈവസേവനവും സഹോദരസേവനവും നിർവ്വഹിക്കണം. എന്നാൽ വിശപ്പുള്ളതുകൊണ്ടുമാത്രം ഒരുവൻ ഭക്ഷണം കഴിക്കുകയില്ല—ഭക്ഷണസാധനങ്ങൾക്കു രുചി ഉണ്ടായിരിക്കണം അതു് ആസ്വാദ്യകരമാകുവാൻ. രസനേന്ദ്രിയത്തെ തൃപ്തിപ്പെടുത്തുവാനായി ആരോഗ്യനിയമങ്ങൾ പാലിക്കാതെ ഒരുവൻ എപ്പോഴും ഭക്ഷിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ രോഗബാധിതനായി അകാലചരമം അടയും. ഇപ്രകാരംതന്നെ ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്ന മറെറാരു കഴിവാണു് ലൈംഗിക സുഖഭോഗാസക്തി. മാനവകുലത്തിൻെറ നിലനില്പാണു് അതിൻെറ മൗലികമായ ലക്ഷ്യം. കൂടാതെ പരസ്പര സ്നേഹം പരിപോഷിപ്പിക്കുവാനും അതു് സഹായകമാണ്. മനുഷ്യൻ കേവലം മൃഗമല്ല. സുബുദ്ധിയും സ്വാതന്ത്ര്യവും ആത്മാവും ഉള്ളതിനാൽ

സെക്സ് മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു ധാർമ്മികമായ ഉത്തരവാദിത്വമാണ്. അത് സ്നേഹത്തിന്റെയും ജീവന്റെയും രഹസ്യമത്രെ. സെക്സ് അതിൽ തന്നെ നിഷിദ്ധമല്ല. അതു് പരിപാവനമാണു്. ലൈംഗികത കേവലം ശാരീരിക പ്രതിഭാസം മാത്രവുമല്ല. മനുഷ്യന്റെ മാനസിക, ധാർമ്മിക, ആദ്ധ്യാത്മിക, വൈയക്തിക, സാമൂഹ്യമണ്ഡലങ്ങളിൽ അത് സ്വാധീനം ചെലുത്തുന്നു. തന്മൂലം ലൈംഗികാതിപ്രസരവാദവും (Pan Sexualism), ലൈംഗികവിപ്ളവും, ലൈംഗികാരാജകത്വവും സ്വീകാര്യമല്ല. മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു് പറയുന്നതു് സ്ത്രീപുരുഷവ്യത്യാസത്തിലും കൂടിയാണെന്ന് പറയാം (ഉല്പത്തി. 1: 27). സെക്സ് ദൈവത്തിന്റെ സൃഷ്ടിപരവും പരിത്രാണപരവുമായ ഒരു രഹസ്യമത്രെ. മനുഷ്യനിൽ ഉണ്ടായിരുന്ന ദൈവീകമായ സന്തുലിതാവസ്ഥ അധഃപതനം നഷ്ടപ്പെടുത്തി എന്നാൽ ക്രിസ്തുവിലുള്ള പരിത്രാണത്തിലൂടെ മനുഷ്യനും അവന്റെ ലൈംഗികവാസനകളും സമുദ്ധരിക്കപ്പെട്ടു.

## ലൈംഗിക സ്നേഹം

മനുഷ്യന്റെ അസ്തിത്വപരമായിത്തന്നെ അവൻ പരോന്മുഖനാണ് സർവ്വോപരി ദൈവോന്മുഖനുമാണ്. അതുപോലെതന്നെ സ്ത്രീ പുരുഷവർഗ്ഗങ്ങൾ തമ്മിലും ഐക്യത്തിനുള്ള അഭിനിവേശമുണ്ട്. നൈസർഗ്ഗികമായി സ്ത്രീ പുരുഷ വർഗ്ഗങ്ങൾ പരസ്പര പൂരകങ്ങളാണ്. പുരുഷാത്മാവ് (animus) വിവാഹജീവിതത്തിൽ പ്രവേശിക്കുന്നില്ലെങ്കിൽതന്നെയും ലൈംഗിക വേഴ്ച കൂടാതെതന്നെ മൃദുലമായ സ്ത്രീ ആത്മാവുമായി (anima) വ്യക്തിത്വ പൂരണത്തിനായി അഭിമുഖീകരിക്കുവാൻ ആഗ്രഹിക്കുന്നതായി കാൾ ഗുസ്റ്റാവുയുങ്ങ് അദ്ദേഹത്തിന്റെ അബോധമനഃശാസ്ത്ര ഗവേഷണത്തിൽ അഭിപ്രായപ്പെടുന്നു. അതുപോലെതന്നെ സ്ത്രീക്കും അഭിനിവേശമുണ്ട്. വിവാഹജീവിതാന്തസിൽ പ്രവേശിക്കാത്തവരുടെ

വ്യക്തിത്വം അതിനാൽ പൂർത്തീകരിക്കപ്പെടുന്നില്ല എന്നു വിവക്ഷയില്ല. അതിലും ഉന്നതമായി ക്രിസ്തുവുമായിട്ടുള്ള സ്നേഹത്തിലൂടെ കന്യാവ്രതം പാലിക്കുന്നവരുടെ വ്യക്തി സാഫല്യമടയും.

മനുഷ്യൻ കേവലം ജഡികപൂരണത്തിനുള്ള ഒരു മൃഗമാണെന്നുള്ള (Pan Sexualism) ലൈംഗികാതിപ്രസരവാദവും അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ലൈംഗിക സ്നേഹവും വൈകാരികസ്നേഹവും ക്രിസ്തീയമായ ഉപവിയും സമന്വയിക്കേണ്ടതാണ് വിവാഹത്തിൽ. പുരുഷവിദ്വേഷവും സ്ത്രീവിദ്വേഷവും ശരിയായ സമീപനമല്ല. ലൈംഗികാസക്തിയെ സംബന്ധിച്ചിടത്തോളം മനുഷ്യരെ മൂന്നു തരക്കാരായി തിരിക്കാം. സാധാരണമായ ലൈംഗികാസക്തിയുള്ളവർ (normal) അതിരു കടന്ന ലൈംഗികാസക്തർ (hyper Sexual) ലൈംഗികാസക്തി ഇല്ലാത്തവർ (abnormal). ഭൂരിപക്ഷം ആളുകളും സാമാന്യമായ ലൈംഗികാസക്തിയുള്ളവരും വളരെ ചുരുക്കമാളുകൾമാത്രം അതിരുകടന്ന ലൈംഗികാസക്തിയുള്ളവരും ഒട്ടും ലൈംഗികവാസന ഇല്ലാത്തവരുമായി കാണുകയുള്ളു.

തന്നിമിത്തം ലൈംഗികസുഖഭോഗങ്ങൾ ഭാര്യാഭർത്തൃബന്ധത്തിൽ അവർ പരസ്പരം പരിപൂർണ്ണമായി നൽകിക്കൊണ്ട് സന്താനഉല്പാദനത്തിന് പ്രതിബന്ധമില്ലാത്ത രീതിയിൽ പ്രവർത്തിക്കുമ്പോൾ മാത്രമെ നിയമാനുസൃതവും അഭിലഷണീയവുമായിരിക്കുകയുള്ളു. വൈവാഹികജീവിതത്തിന് പുറമേ അഥവാ വിവാഹജീവിതാന്തസ്സുകാർ അവർക്കു് അനുവദനീയമല്ലാത്ത വിധത്തിൽ ആ സന്തോഷം അനുഭവിക്കുമ്പോൾ അതു് ദൈവസ്ഥാപിതമായ ക്രമങ്ങളുടെ ഒരു ലംഘനവും മനുഷ്യസ്വഭാവത്തിൽ ഒരു തകിടംമറിച്ചിലുമാണ് സംഭവിക്കുന്നതു്. ഇന്നത്തെ ലൈംഗികാതിപ്രസരവാദം അമേരിക്കയിലും മററു ചില പാശ്ചാത്യ രാജ്യങ്ങളിലും വരുത്തിയിട്ടുള്ള ധാർമ്മികാധഃപതനം വളരെ വിലപനീയ

മാണു്. അതിനാലാണു് പ. പിതാവ് ജോൺ പോാം രണ്ടാമൻ തിരുമേനി അമേരിക്കൻ പര്യടനവേളയിൽ യുവജനതകളെ ലൈംഗികാസക്തിക്കായി മാത്രം ജീവിക്കരുതെന്നുൽബോധിപ്പിച്ചതു്. ആധുനികലോകത്തെ ഏററവും വലിയ ചരിത്രപണ്ഡിതനായ ആർനോാഡ് സ്റ്റോയിംബിയുടെ (Arnold Stoymby) അഭിമതമനുസരിച്ചു് പൗരാണികമായ ഇരുപത്തഞ്ചു് സംസ്കാരങ്ങളിൽ പത്തൊമ്പതും നശിച്ചതു് ലൈംഗിക തിന്മകാം നിമിത്തമാണു്. വേറൊരു ചരിത്രപണ്ഡിതനായ ഡോ. ഏ. ജി. ഡാംട്ടൻെറ അഭിപ്രായം പ്രാചീനസംസ്ക്കാരങ്ങളിൽ എഴുപത്തഞ്ചും നശിച്ചതു് ധാർമ്മികാധഃപതനത്തിലൂടെയാണെന്നത്രെ. അതിനാൽ കുടുംബജീവിതത്തിൻെറ ഭദ്രതക്കും, മാനവകുല പുരോഗതിക്കും ലൈംഗികാസക്തിയെ സംബന്ധിച്ച ദൈവീക നിയമങ്ങളും പ്രകൃതി നിയമങ്ങളും സമാദരിച്ചേ മതിയാവൂ. വിശ്വാസത്തിൻെറ തിരുസംഘം 1976–ൽ ലൈംഗിക സദാചാരത്തെ സംബന്ധിച്ചു് ഒരു അനുഷ്ഠാനരേഖ പ്രഖ്യാപിച്ചു. അതിൽ സ്വയംഭോഗവും (masturbation)വിവാഹത്തിനു പുറമെയുള്ള ലൈംഗികവേഴ്ചകളും (Adultery) വിവാഹത്തിനുമുമ്പുള്ള ലൈംഗികാസ്വാദനവും (Pree–maritalsexual relatives) സ്വവർഗ്ഗ സംഭോഗവും(homo–sexual activity) പാപമാണെന്നു പ്രഖ്യാപിച്ചിട്ടുണ്ടു്.

ആർഷഭാരത സംസ്ക്കാരവും കേരളീയ സംസ്ക്കാരവും ലൈംഗികസദാചാരത്തെ സംബന്ധിച്ചിടത്തോളം ഉന്നതമായ ചില മാനദണ്ഡങ്ങാം പുലർത്തിയിരുന്നു. അതൊക്കെ പാടെ വിസ്മരിച്ചിട്ടു് പാശ്ചാത്യ സംസ്ക്കാരം ഇവിടെ അതേപടി പകർത്തിയാൽ നമ്മുടെ സാന്മാർഗ്ഗികനിലവാരം വളരെ അധഃപതിക്കും. നമ്മുടെ മാതാക്കാംക്കും, സഹോദരിമാർക്കും മാന്യതയോടുകൂടി പുറത്തിറങ്ങി സഞ്ചരിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു സാഹചര്യമാണു് അപ്പോാ സംജാതമാവുക. ഇന്നത്തെ സിനിമയിലും പത്രമാസികകളിലും റേഡിയോയിലും കാണുന്ന ലൈംഗികാതിപ്രസരം കേരളീയരെ

എങ്ങോട്ടാണ് നയിക്കുക? ബലാൽസംഗമൊക്കെ വദ്ധിച്ചുവരുന്നതാണ്. ഇന്നു പലരും കുടുംബജീവിതത്തിൻെറ പ്രശ്നങ്ങളെ ലൈംഗിക പ്രവണതയുടെയും മനഃശാസ്ത്രത്തിൻെറയും പശ്ചാത്തലത്തിൽ മാത്രം വീക്ഷിച്ച് പരിഹരിക്കുവാൻ പരിശ്രമിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ടുമാത്രം, പ്രശ്നം പരിഹൃതമാവുകയില്ല. പരിപക്വമായ ഒരു ക്രൈസ്തവ വീക്ഷണവും ലൈംഗികമായ പക്വതയും ഉണ്ടായാൽ മാത്രമേ ജീവിതപ്രശ്നങ്ങൾ വിജയപൂർവ്വം അഭിമുഖീകരിക്കുവാൻ സാധിക്കുകയുള്ള. തന്നിമിത്തമത്രെ ലൈംഗികവിദ്യാഭ്യാസം ഇന്നാവശ്യമാണെന്നു പറയുന്നതു്. അതു് നൽകേണ്ടതു് സെക്സിനെ സംബന്ധിച്ച ക്രൈസ്തവ വീക്ഷണമുള്ളവരായിരിക്കും. അശ്ലീലമായ സിനിമയിലും, ഗ്രന്ഥങ്ങളിലും, പത്രമാസികകളിലുംനിന്നു ലഭിക്കുന്ന വിജ്ഞാനം അവരെ അപഥചാരികളാക്കും. വൈവാഹികപ്രശ്നങ്ങൾ വർദ്ധിക്കും. ചില കത്തോലിക്കാ യുവതികൾ വിശ്വാസം പോലും പരിത്യജിച്ച് അകത്തോലിക്കരും അക്രൈസ്തവരുമായിട്ടുള്ളവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനുള്ള കാരണം ലൈംഗികമായ പക്വതയുടെ അഭാവമാണു്.

2

# കുടുംബം

മനുഷ്യൻ സ്വാഭാവികമായി ഒരു സാമൂഹ്യജീവിയാണ് എന്ന് യവനദാർശനികനായ അരിസ്റ്റോട്ടലും വേദപാരംഗതനായ വി. തോമസ് അക്വിനാസും അഭിപ്രായപ്പെട്ടിട്ടുണ്ട്. നാം സാമൂഹ്യജീവിതം ആരംഭിക്കുന്നത് കുടുംബത്തിലാണ്. കുടുംബം എന്താണ്? വിവാഹിതരായ ദമ്പതികളുടെ സമൂഹം എന്ന് കുടുംബത്തെ നിർവചിക്കാം. ''മനുഷ്യൻ തനിച്ചായിരിക്കുന്നത് നന്നല്ല ഞാൻ അവന് ഒരു തുണയെ നൽകും, എന്നു് ദൈവം അരുളിച്ചെയ്തു(ഉല്പത്തി II. 18). അതും മനുഷ്യന്റെ സാമൂഹ്യസ്വഭാവത്തെ വ്യക്തമാക്കുന്നു. നമുക്ക് മനുഷ്യനെ നമ്മുടെ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കാം എന്ന് ദൈവം അരുളിച്ചെയ്തു. പ. ത്രീത്വം ഒരു സാമൂഹ്യ ജീവിതമാണ് നയിക്കുന്നത്. അതിനാൽ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനും സാമൂഹ്യജീവിതം നയിച്ചേ മതിയാവൂ. മനുഷ്യന്റെ വ്യക്തിത്വവികാസത്തിനും പക്വത പ്രാപിക്കുന്നതിനും വ്യക്ത്യന്തരബന്ധം അനുപേക്ഷണീയമാണെന്ന് ആധുനിക മനഃശാസ്ത്രപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ഒരു കുടുംബം ക്രിസ്തീയമായ കുടുംബമാകണമെങ്കിൽ ക്രിസ്തീയമായ വിവാഹത്താൽ ബന്ധിതരായ കുടുംബമായിരിക്കണം. സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ലൈംഗികമായ ആകർഷണവും സ്നേഹവും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകരിക്കുവാനുള്ള ഒരു അവസരമാക്കി, മിശിഹാനാഥൻ വിവാഹത്തെ ഒരു കൂദാശയായി ഉയർത്തിയപ്പോഠം അവിടുന്ന് മനുഷ്യന്റെ ഈ സ്വാഭാവിക പ്രവണതയെത്തന്നെ വിശുദ്ധീകരണ മാർഗ്ഗമായി ഉയർത്തി

വിവാഹം സ്ത്രീ പുരുഷന്മാരെ പരസ്പരം സ്നേഹിക്കുവാനും സ്നേഹാർപ്പണത്തിലൂടെ സന്താനോല്പാദനവും അവരുടെ വിദ്യാഭ്യാസവും നിർവ്വഹിക്കുവാനും തമ്മിൽ യോജിപ്പിക്കുന്ന ഒരു കൂദാശയാണ്. കുടുംബം സമുദായത്തിൻെറ മൂലക്കല്ലാണെന്ന് അമർത്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപ്പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നു. (Ency· Immortale Dei Leo· XIII)

രണ്ടു ക്രിസ്ത്യാനികൾ വിവാബഹന്ധിതരാകുന്നതു് വിശുദ്ധരാകുവാൻവേണ്ടിയാണ് എന്നും പരിശുദ്ധമായ വിവാഹം ക്രിസ്തുവിൽ കേന്ദ്രീകൃതമായ കുടുംബജീവിതത്തിൻെറ കൂദാശയാണെന്നും (Fr· Philippen O· P. Sacraments in Christian Life P· 112·)ഫാ.ഫിലിപ്പോൺ ഒ. പി. പ്രസ്താവിക്കുന്നു. ഒരു കത്തോലിക്കൻെറ കുടുംബജീവിതം മററു മതസ്ഥരുടെ കുടുംബജീവിതത്തെക്കാൾ ഉന്നതമായ ഒരു നിലവാരം പുലർത്തണം. വൈവാഹിക ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും അവർക്ക് ക്രിസ്തുവിനെ കണ്ടെത്താൻ സാധിച്ചേ മതിയാവൂ.

വിവാഹം എന്ന കൂദാശ പരമോന്നതമായ ഒരു രഹസ്യമാണ്. അതു് ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിൻെറ പ്രതീകമാണ് (വി. പൗലോന്ന് എഫേ: V 35.) എന്നു് അപ്പസ്തോലപ്രവരൻ എഫേസൂസുകാർക്കുള്ള ലേഖനത്തിൽ ഉൽബോധിപ്പിക്കുന്നു. അതു് പ. ത്രീതചത്തിലെ മൂന്നു വ്യക്തികളുടെ ജീവിതത്തിൻെറ മാനുഷിക പ്രതീകമാണെന്നു് ഫാ. ബെർണാർദ് ഹേയറിംഗും അഭിപ്രായപ്പെട്ടിട്ടുണ്ടു്. (Fr· Bernard Harring C· S· S· R. Law of Christ Vol: III. P· 272)

വിവാഹം ഏകവും അവിഭക്തവുമാണു്. സന്താനങ്ങളുടെ വിദ്യാഭ്യാസത്തിനും സ്വഭാവരൂപവൽക്കരണത്തിനും അതു് കൂടിയേ തീരൂ. കുടുംബസമാധാനത്തിനും സൗഭാഗ്യത്തിനും സഹായകവുമത്രെ. തിരുക്കുടുംബം ഈജിപ്തിൽനിന്നും തിരിച്ചുപോന്ന യാത്രയിൽ നടന്ന

തായ ഒരു സംഭവത്തെപ്പററിയുള്ള ഐതിഹ്യകഥ കേട്ടിട്ടുണ്ട്. തിരുക്കുടുംബത്തിന് അറേബ്യൻ മണലാരണ്യത്തിൽക്കൂടി സഞ്ചരിക്കേണ്ടതായിട്ടുണ്ടായിരുന്നു. അപ്രകാരം സഞ്ചരിച്ചപ്പോഠം അവർക്കു വഴി നിശ്ചയമില്ലാതായി മാർഗ്ഗമദ്ധ്യേ ഒരു യാത്രക്കാരനെക്കണ്ട് അയാളോട് നസ്രസിലേയ്ക്കുള്ള വഴി കാണിച്ചുതരണമെന്നഭ്യർത്ഥിച്ചു. പക്ഷേ അയാഠം കോപിച്ചുകൊണ്ട് നടന്നുപോയി, കുറെ കഴിഞ്ഞപ്പോഠം വേറൊരു യാത്രക്കാരനെക്കണ്ടു. അയാഠം വഴി പറഞ്ഞുകൊടുക്കുകമാത്രമല്ല തിരുക്കുടുംബത്തെ അനുഗമിച്ചു നസ്രസിലേയ്ക്കുള്ള വഴിവരെ. അതിനുശേഷം അഭിവാദനങ്ങളർപ്പിച്ച് മടങ്ങി.

ആ യാത്രക്കാരൻ പോയിക്കഴിഞ്ഞപ്പോഠം പരിശുദ്ധകന്യക ഉണ്ണിമിശിഹായോട് ചോദിച്ചു. വഴിയിൽ കണ്ടുമുട്ടിയ യാത്രക്കാർക്കു രണ്ടുപേക്കും എന്തു സമ്മാനം നല്കുമെന്ന്; ഉടനെ ഉണ്ണിമിശിഹാ അരുളിച്ചെയ്തു. ഞാൻ ഒന്നാമത്തെ യാത്രക്കാരനു ഒരു സുശീലയായ ഭാര്യയേയും രണ്ടാമത്തെ യാത്രക്കാരനു ഒരു ദുസ്വഭാവിനിയായ ഭാര്യയേയും നല്കും. പ. കന്യക ഇതു കേട്ട് വിസ്മയത്തോടുകൂടി ചോദിച്ചു അതിൻെറ കാരണമെന്താണെന്ന്? ഉണ്ണിമിശാഹാ വീണ്ടും ഇപ്രകാരം അരുളിച്ചെയ്തു. ഞാൻ ആദ്യത്തെ മനുഷ്യനെ അയാളുടെ സുശീലയായ ഭാര്യ വഴി പവിത്രീകരിക്കും. രണ്ടാമത്തെ സൽസ്വഭാവിയായ മനുഷ്യൻ വഴി അയാളുടെ ദുസ്വഭാവിനിയായ ഭാര്യയെ വിശുദ്ധീകരിക്കും. ഇതു് ഐതിഹ്യമാണെങ്കിലും വലിയ ഒരു വസ്തുത നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. ഭാര്യാഭർത്താക്കന്മാർ പരസ്പര പൂരകങ്ങളാണ്. വിവാഹാവസരത്തിൽ ദമ്പതികഠം പരസ്പര വിശുദ്ധീകരണത്തിനും മക്കളുടെ വിശുദ്ധീകരണത്തിനുമുള്ള ഒരു ആഭിഷേചനമാണ് സ്വീകരിക്കുന്നതു്. വിവാഹം ഒരു ഉടമ്പടിയാണ്. കൂദാശയാണ്. അതിൻെറ കാർമ്മികർ ഭാര്യാഭർത്താക്കന്മാർതന്നെയാണ്. അതിൻെറ ചുമതലകഠം മനസ്സിലാക്കി ജീവിക്കണം.

ACHARYA PALACKAL JEEVASEKEN LIBRARY 10840

ഒരുവന് ഭാര്യയെ പരിത്യജിക്കാമോ എന്ന് പ്രീശർ ചോദിച്ചപ്പോൾ മിശിഹാ അരുളിച്ചെയ്തു. "ആദിയിൽ ഉണ്ടാക്കിയവൻ ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചുവെന്നും, അതിനാൽ പുരുഷൻ തൻെറ അപ്പനെയും അമ്മയേയും വിട്ട് തൻെറ ഭാര്യയോട് ചേർന്നിരിക്കയും അവരിരുവരും ഒരു ജഡമായിത്തീരുകയും ചെയ്യുമെന്ന് അവൻ പറഞ്ഞുവെന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? ആകയാൽ അവർ ഒരു ശരീരമല്ലാതെ രണ്ടല്ല. അതുകൊണ്ട് ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർതിരിക്കരുത്. (വി. മത്തായി 4-6) XIX.
വിവാഹത്തിൻെറ അവിഭക്തതയെ സംബന്ധിച്ച് അസന്നിഗ്ദ്ധമായി മിശിഹാ പ്രഖ്യാപിക്കുന്നു. കത്തോലിക്കാ സഭ എപ്പോഴും ഏകഭാര്യാത്വം മാത്രമെ അംഗീകരിച്ചിട്ടുള്ളു. അതും ദാമ്പത്യ സൗഭാഗ്യത്തിന് അനുപേക്ഷണീയമത്രെ. വൈവാഹിക വിശ്വസ്തത പാലിക്കുവാനും ഭാര്യാഭർത്താക്കന്മാർക്ക് കടമയുണ്ട്. വിവാഹം ഒരുടമ്പടിയാണെന്ന് (Covenant) പറയാം. ഭാര്യയുടെ ശരീരത്തിന്മേൽ അവളുടെ ഭർത്താവിനല്ലാതെ അവൾക്ക് അധികാരമില്ല. അങ്ങനെ തന്നെ ഭർത്താവിൻെറ ശരീരത്തിന്മേൽ ഭാര്യക്കല്ലാതെ അവനും അധികാരമില്ല. (വി. പൗലോ. I കോ. VII. 4.) എന്ന് പൗലോസ് ശ്ലീഹാ ഉപദേശിക്കുന്നു. വൈവാഹിക വിശ്വസ്തത പാലിക്കുവാനുള്ള ഭാര്യാഭർത്താക്കന്മാരുടെ ഗൗരവമായ ചുമതലയാണ് അത് അനുസ്മരിപ്പിക്കുന്നത്. ചാരിത്ര്യശുദ്ധി ഭാരതീയർ വളരെ വിലമതിക്കുന്ന ഒന്നാണ്—രാമായണം എന്ന പുരാണകഥ അത് അനുസ്മരിപ്പിക്കുന്നു.

അവസാനമായി ക്രിസ്തീയ ദമ്പതികൾ അവരുടെ വിവാഹമെന്ന കൂദാശയുടെ ശക്തിയാൽ ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിൻെറയും ഫലദായകമായ സ്നേഹത്തിൻെറയും രഹസ്യം പ്രദ്യോതിപ്പിക്കുകയും അതിൽ ഭാഗഭാക്കുകളാവുകയും ചെയ്യുന്നു. തങ്ങളുടെ ദാമ്പത്യ ജീവിതത്താലും സന്താനങ്ങളുടെ വളർത്തലിലും കൂടി വിശുദ്ധി പ്രാപിക്കുവാൻ അവർ പരസ്പരം സഹായി

ക്കുന്നു. അങ്ങനെ ജീവിതാന്തസ്സിലും ജീവിതരീതിയിലും ദൈവ ജനത്തിൻെറ ഇടയിൽ അവക്ക് അവരുടേതായ പ്രത്യേക ദാനമുണ്ട്. എന്തെന്നാൽ അവരുടെ ഐക്യത്തിൽ നിന്നും ഒരു കുടുംബം രൂപം കൊള്ളുന്നു. അവിടെ മനുഷ്യൻെറ നിലനില്പിനായി സമുദായത്തിൻെറ പുതിയ പൗരന്മാർ ജന്മമെടുക്കുകയും ചെയ്യുന്നു ഇവർ ദൈവ ജനത്തിൻെറ അവിരാമമായ നിലനില്പിനുവേണ്ടി പരിശുദ്ധാത്മാവിൻെറ ജ്ഞാനസ്നാന പ്രസാദവരംമൂലം ദൈവസുതരാക്കപ്പെടുന്നു. ''ഗാർഹിക സഭ'' എന്നു വ്യവഹരിക്കപ്പെടാവുന്ന കുടുംബത്തിൽ മാതാപിതാക്കളാണ് വാക്കുകളും പ്രവൃത്തികളും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടതു്. കുടുംബാംഗങ്ങളിൽ ഓരോരുത്തരുടെയും പ്രത്യേക ദൈവവിളി പരിപോഷിപ്പിക്കേണ്ടതു് അവർ തന്നെ. വിശുദ്ധാന്തസ്സിലേയ്ക്കുള്ളതാണെങ്കിൽ പ്രത്യേകിച്ചും അവർ പ്രോത്സാഹിപ്പിക്കേണ്ടതാണ്. (വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, ധർമ്മാരാം, തിരുസ്സഭ. No. II)

ഓരോ ക്രൈസ്തവ കുടുംബത്തിൻെറയും പരമോന്നതമായ മാതൃക നസ്രസിലെ തിരുകുടുംബമാണ്. ഈശോ മിശിഹാ നസ്രസിലെ തിരുകുടുംബത്തിൽ ജീവിച്ചുകൊണ്ട് കുടുംബ ജീവിതത്തിൻെറ മാഹാത്മ്യം നമ്മെ മനസ്സിലാക്കി. ജ്ഞാനസ്നാന സ്വീകരണത്തോടുകൂടി എല്ലാ ക്രൈസ്തവരും തിരുകുടുംബത്തിലെ അംഗങ്ങളായിതീരുന്നതായി ആലങ്കാരിക ഭാഷയിൽ ഒരു പണ്ഡിതൻ പ്രസ്താവിച്ചിരിക്കുന്നു.

യഥാർത്ഥ ദാമ്പത്യസ്നേഹം ദൈവികവും ക്രിസ്തുവിൻെറ പരിത്രാണത്താലും സഭയുടെ രക്ഷാകര പ്രവൃത്തിയാലും സമ്പന്നവുമത്രെ. ഈ സ്നേഹം അവരെ ദൈവത്തിലേയ്ക്കു് നയിക്കുകയും മാതാപിതാക്കന്മാർ എന്നുള്ള ഉദാത്തമായ പദവിക്ക് അവരെ പ്രാപ്തരാക്കുന്നു. അക്കാരണത്താൽ അവരുടെ ജീവിതാവസ്ഥയുടെ മാഹാത്മ്യത്തിനു് അനുയോജ്യമായവിധം പ്രവൃത്തിക്കുന്നതിനു്

ഒരു ക്ഷുദ്രാശയിൽ സുരക്ഷിതരാക്കുകയും ഏകദേശം ഒരു അഭിഷേചനം ലഭിക്കുകയും ചെയ്യുന്ന (വത്തിക്കാൻ സൂന്നഹദോസ് തിരുസ്സഭ ആധുനിക യുഗത്തിൽ. No. 48) എന്നത്രെ വത്തിക്കാൻ സൂനഹദോസും പ്രഖ്യാപിച്ചിട്ടുള്ളതു്.

# 3

## ഭർത്താവു്?

ഒരു വ്യക്തി കപ്പൽ യാത്രയ്ക്കു് പുറപ്പെടുന്നെങ്കിൽ ഒരു പ്രാവശ്യവും വിമാനയാത്രയ്ക്കാണെങ്കിൽ രണ്ടു പ്രാവശ്യവും വിവാഹത്തിനായി തയ്യാറെടുക്കുന്നെങ്കിൽ മൂന്നു പ്രാവശ്യവും ആലോചിച്ചിട്ടെ തീരുമാനിക്കാവൂ എന്നു് ഒരു പണ്ഡിതൻ അഭിപ്രായപ്പെടുന്നു. വളരെ ഗൗരവപൂർവ്വം പരിചിന്തിച്ചതിനുശേഷം സ്വീകരിക്കേണ്ട ഒരു ജീവിതാന്തസ്സാണു് വിവാഹം എന്നുള്ള വസ്തുത പലരും വിസ്മരിക്കുന്നു. വിവാഹത്തിനും ലൈസൻസു് സമ്പ്രദായമേർപ്പെടുത്തേണ്ടതാണെന്നു് ഒരു ഗ്രന്ഥകാരൻ അഭിപ്രായപ്പെടുകയുണ്ടായി. (മനഃശാസ്ത്രം പ്രായോഗിക

ജീവിതത്തിൽ) വ്യവസായ വ്യാപാരങ്ങൾക്കുള്ള ലൈസൻസല്ല ഉദ്ദേശിക്കുന്നതു്. വിവാഹ ജീവിതാന്തസ്സിലേയ്ക്കു് പ്രവേശിക്കുന്ന ഒരു വ്യക്തിയുടെ ചുമതലകൾ എന്തൊക്കെയാണെന്നു് ശരിയായി മനസ്സിലാക്കിയശേഷമേ ആ വ്യക്തിക്കു് വിവാഹത്തിനുള്ള അനുവാദം നല്കാവൂ എന്നാണ് വിവക്ഷ. ഇപ്പോൾ അമേരിക്കയിൽ ചില രൂപതകളിൽ വിവാഹത്തിനു് ഒരുക്കമായി ആറു മാസത്തെ കോഴ്സു നടത്തുന്നുണ്ടു്.

ഒരിക്കൽ ഒരു താത്വികൻ വിവാഹ ജീവിതാന്തസ്സിൽ പ്രവേശിക്കുവാൻ വിമുഖനായി ജീവിച്ചു, കാരണം അദ്ദേഹത്തിൻെറ ആദർശമനുസരിച്ചുള്ള ഒരു നല്ലവനിതയെ കണ്ടുകിട്ടിയില്ല. അവസാനം അദ്ദേഹത്തിൻെറ സുഹൃത്തുക്കളുടെ നിർബന്ധമനുസരിച്ചു് അദ്ദേഹം ഒരു വ്യവസ്ഥയ്ക്കു് വിധേയമായി വിവാഹം കഴിയ്ക്കാമെന്നു് സമ്മതിച്ചു. അദ്ദേഹം നിർദ്ദേശിക്കുന്ന ഗുണങ്ങളോടുകൂടിയ ഒരു മഹിളാരത്നത്തെ കണ്ടുപിടിച്ചുകൊടുക്കണമെന്നുള്ളതായിരുന്നു വ്യവസ്ഥ. പ്രസ്തുത ഗുണങ്ങളെല്ലാമുള്ള ഒരു വനിതയെ കണ്ടുപിടിച്ചു് സുഹൃത്തുക്കൾ അദ്ദേഹത്തെ വിവരം അറിയിച്ചതനുസരിച്ചു് വിവാഹവും നടന്നു. പക്ഷേ ആറുമാസം കഴിഞ്ഞപ്പോൾ വിവാഹമോചനം നേടി. പിന്നീടും അദ്ദേഹം വേറെ ചില ഗുണങ്ങൾകൂടി നിർദ്ദേശിച്ചു. ഒരു സ്ത്രീയെ കൂട്ടുകാർതന്നെ കണ്ടുപിടിച്ചു കൊടുത്തു് വീണ്ടും വിവാഹിതനായി. ഒരു കൊല്ലംകൂടി കഴിഞ്ഞപ്പോൾ ആ വിവാഹവും പരാജയപ്പെട്ടു.

താത്വികൻെറ വിവാഹപരാജയത്തിനുള്ള കാരണമെന്തായിരുന്നു? അദ്ദേഹം ഭാര്യയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങളെപ്പററി മാത്രമെ ചിന്തിച്ചുള്ളു. എന്നാൽ ഒരു നല്ല ഭർത്താവിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏതെല്ലാമാണെന്നു മനസ്സിലാക്കി അതു് പരിശീലിച്ചില്ല. വിവാഹിതനായ ഒരു പുരുഷനു് ഒരു കുടുംബത്തിൽ മൂന്നു റോളുകൾ അഭിനയിക്കാനുണ്ടു്. അതു് എത്ര തന്മയത്വ

ത്തോടും, ആത്മാർത്ഥതയോടും, ഭംഗിയായും അഭിനയിക്കുന്നുവോ അതിനനുസരിച്ചായിരിക്കും അയാളുടെ വിജയം. ഒന്നാമതായി അയാറം ഒരു നല്ല ഭർത്താവായിരിക്കണം. ഒരു നല്ല ഭർത്താവിനുണ്ടായിരിക്കേണ്ട ഗുണഗണങ്ങറം എന്തെല്ലാമാണെന്നു പരിചിന്തിക്കാം.

## ഭർത്താവു്

ഭർത്താക്കന്മാർ ഭാര്യമാരെ തങ്ങളുടെ ജഡികാശാപൂരണത്തിനുള്ള ഉപകരണമായി മാത്രം പരിഗണിച്ചാൽ മതിയാവുകയില്ല. അവരുടെ വ്യക്തിത്വത്തെയും ആദർശാഭിലാഷങ്ങളെയും മാനിക്കണം. ഭാര്യയെ അടിമയായിക്കരുതരുതു്. അവറം സഹധർമ്മിണിയാണു്. ഹ്യൂഗോ ഓഫ് സെൻറ് വിക്ടർ (Hugo of St. Victor The Husbands Role 1096–1141) പ്രസ്താവിക്കുകയാണു്. ദൈവം സ്ത്രീയെ സൃഷ്ടിച്ചതു് പുരുഷൻെറ പാദത്തിൽനിന്നല്ല. അപ്രകാരമായിരുന്നെങ്കിൽ അവറം പുരുഷൻെറ അടിമയാകുമായിരുന്നു. അവളെ ശിരസ്സിൽനിന്നും ഒരസ്ഥി എടുത്തല്ല സൃഷ്ടിച്ചതു്. അങ്ങനെയെങ്കിൽ അവറം അവൻെറ രാജ്ഞിയാകുമായിരുന്നു. എന്നാൽ ദൈവം സ്ത്രീയെ സൃഷ്ടിച്ചതു് പുരുഷൻെറ വാരിയെല്ലിൽനിന്നാണ്. അതു് സ്ത്രീ പുരുഷൻെറ സഹധർമ്മിണിയായിരിക്കുവാൻ; അവൻെറ ഹൃദയത്തിൻെറ സമീപത്തു നിന്നു്; അവളെ സ്നേഹിക്കുവാൻ. ഇന്നത്തെ സാഹിത്യകാരന്മാരാണ് അതു് എഴുതിയിരുന്നതെങ്കിൽ ദൈവം സ്ത്രീയെ സൃഷ്ടിച്ചതു് അവൻെറ കരളിൽ നിന്നാണെന്നു് പ്രസ്താവിക്കുമായിരുന്നു. ഇതു് സ്ത്രീ വിമോചനത്തിൻെറ യുഗമാണെന്നുള്ള കാര്യം ഭർത്താക്കന്മാർ വിസ്മരിക്കരുതു്. ആത്മാവും ശരീരവുമുള്ള വ്യക്തികളാണവർ. അവരുടെ ശാരീരികവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങറം മനസ്സിലാക്കി പ്രവൃത്തിക്കണം. ആരോഗ്യം. വസ്ത്രം, ഭക്ഷണം, രോഗചികിത്സ, ന്യായമായ ആഡംബരങ്ങറം, വിനോദം എന്നിവയും പരിഗണിക്കേണ്ടിയിരിക്കുന്നു. സ്വന്തം സുഖവും സൗകര്യങ്ങളും ഭക്ഷണവും മററാവശ്യങ്ങളും ഭംഗിയായി നടക്കണം, ഭാര്യയും

കുഞ്ഞുങ്ങളും എങ്ങനെ ജീവിച്ചാലും തരക്കേടില്ല എന്ന മനോഭാവം പരിവർജ്ജിക്കണം. അവരെ പരിഗണിക്കേണ്ടതുണ്ട് എന്നുള്ള ഒരു ബോദ്ധ്യം ഉണ്ടാകേണ്ടിയിരിക്കുന്നു. കുടുംബജീവിതത്തെ സൗഭാഗ്യപൂർണ്ണമാക്കുന്നതു് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പരസ്പര സ്നേഹമത്രെ. കേവലം ജഡികാകർഷണത്തിൽനിന്നുളവാകുന്ന സ്നേഹമോ, ബാഹ്യമായ സൗന്ദര്യത്തിൽനിന്നുളവാകുന്ന വൈകാരിക സ്നേഹമോ മാത്രമെ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ളവെങ്കിൽ അവിടെ ഹൃദയഐക്യമുണ്ടാവുകയില്ല. മധുവിധുവിനോടുകൂടി അതു് അസ്തമിച്ചേക്കും. പിന്നീടു് കുടുംബജീവിതം അസംതൃപ്തവും സമാധാനരഹിതവുമാകുന്നതാണ്. എന്നാൽ വൈകാരികവും ലൈംഗികവുമായ സ്നേഹത്തെ ക്രിസ്തീയമായ ഉപവി പവിത്രീകരിച്ച് ഉദാത്തമാക്കി പൂർത്തീകരിക്കേണ്ടിയിരിക്കുന്നു.

പ്രേഷിത പ്രവരനായ വി. പൗലോസ്, എഫേസൂസുകാർക്കുള്ള ലേഖനത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടായിരിക്കേണ്ട സ്നേഹത്തിൻെറ ഉന്നതമായ മാനദണ്ഡം നമ്മെ അനുസ്മരിപ്പിക്കുന്നു. ഭാര്യമാരെ ഉപദേശിച്ചശേഷം ഭർത്താക്കന്മാരെ അഭിസംബോധന ചെയ്തു പറയുകയാണ്. "മിശിഹാ തന്നെയും തൻെറ സഭയെ സ്നേഹിക്കുകയും ജലത്തിലുള്ള മാമ്മോദീസാകൊണ്ടും വചനംകൊണ്ടും അവളെ ശുദ്ധീകരിക്കുവാനും, വെടിപ്പാക്കുവാനും അവളിൽ കറയോ, മുഖച്ചുളിവോ ഇവയ്ക്കു തുല്യമായ എന്തെങ്കിലുമില്ലാതെ എന്നല്ല മലിനതയില്ലാത്ത പരിശുദ്ധയായിരിക്കേണ്ടതിനു് തനിക്കായിട്ടു തന്നെ മഹത്വമുള്ളവളായി സഭയെ നിറുത്തുവാനുംവേണ്ടി അവളെ പ്രതി തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. ഭർത്താക്കന്മാർ തങ്ങളുടെ ശരീരങ്ങളെപ്പോലെതന്നെ ഭാര്യമാരേയും സ്നേഹിക്കേണ്ടതാകുന്നു. തൻെറ ഭാര്യയെ സ്നേഹിക്കുന്നവർ തന്നെതന്നെയാകുന്നു സ്നേഹിക്കുന്നതു് (എഫേ. V. 23–28).

പരിത്യാഗപൂർണ്ണവും അർപ്പണപരവുമായ സ്നേഹമാണ് അപ്പസ്തോലൻ ഉപദേശിക്കുന്നത്. ത്യാഗമുള്ളിടത്തേ സ്നേഹം പ്രഫുല്ലമാവുകയുള്ളൂ. സ്ത്രീകൾ ലൈംഗിക സുഖഭോഗങ്ങളെക്കാൾ കൂടുതൽ വിലമതിക്കുന്നത് ഭർത്താവിന്റെ സ്നേഹവും വിശ്വസ്തതയുമാണെന്നാണ് മന:ശാസ്ത്രപണ്ഡിതന്മാരുടെ അഭിമതം. സ്നേഹമില്ലാത്ത ലൈംഗിത ജീവിതം കേവലം മൃഗീയമത്രെ. ഭർത്താവു മാത്രം പരിശ്രമിച്ചാൽ സ്നേഹം നിലനിറുത്തുവാൻ സാദ്ധ്യമല്ല. രണ്ടുപേരും ഒത്തൊരുമിച്ച് പരിശ്രമിക്കണം. സഹിക്കാനും, ക്ഷമിക്കാനും, വിട്ടുവീഴ്ച ചെയ്യുവാനും സഹകരണ മനോഭാവം വളർത്തുവാനും പരിശ്രമിക്കണം. അഭിപ്രായാന്തരമുള്ള കാര്യങ്ങളിൽ ഭാര്യയുടെ അഭിപ്രായത്തെ ഒരു പരിധിവരെ മാനിക്കേണ്ടതാണ്.

ചില കാര്യങ്ങളിൽ ഭാര്യയുടെ അഭിപ്രായമാരായുന്നതു് നല്ല സമീപനമായിരിക്കും. മദ്യപാനം കഴിവതും ഉപേക്ഷിക്കുക. അതു് കുടുംബസമാധാനത്തെ നിഹനിക്കുന്നതാണ്.

മാതാപിതാക്കന്മാർ വിവാഹാലോചന നടത്തുമ്പോൾ കുടുംബം, സൗന്ദര്യം, സാമ്പത്തികനില ഇവ അന്വേഷിക്കുന്നതോടൊപ്പം സ്വഭാവത്തെക്കുറിച്ചുകൂടി അന്വേഷിക്കുന്നതു് അത്യന്താപേക്ഷിതമാണ്. അടുത്തകാലത്തു് ഒരു ഇടവക ദേവാലയത്തിൽ ധ്യാനിപ്പിച്ച അവസരത്തിൽ ഒരു കുടുംബത്തിന്റെ പരിതാപകരമായ അവസ്ഥ മനസ്സിലാക്കുവാൻ ഇടയായി. വിവാഹം കഴിഞ്ഞു് ഒരുവർഷം കഴിഞ്ഞപ്പോഴേക്കും ഭർത്താവ് ഭാര്യയെ ഉപേക്ഷിച്ചു. അയാൾ വലിയ മദ്യപാനിയും അസാന്മാർഗ്ഗിയുമായിരുന്നു. സാമ്പത്തികശേഷിയും സൗന്ദര്യവുംമാത്രം പരിഗണിച്ചായിരുന്നു വിവാഹം. ആദർശശുദ്ധിയും, പൗരുഷവും മതതീഷ്ണതയും, സ്നേഹവുമുള്ള ഒരു വ്യക്തിയെയാണ് ഒരു സ്ത്രീ അവളുടെ ഭർത്താവിൽ കാണുവാൻ ആഗ്രഹിക്കുന്നതു്.

## പിതാവു്

വിവാഹിതനായ ഒരു പുരുഷൻെറ രണ്ടാമത്തെ റോഠം ഒരു പിതാവു് എന്നുള്ള നിലയിലാണു്. പിതൃത്വം ദൈവത്തിൻെറ പിതൃത്വത്തിലുള്ള ഒരു ഭാഗഭാഗിത്വമാണു്. എല്ലാ പിതൃത്വങ്ങളുടെയും ഉറവിടം ദൈവപിതൃത്വമാണു്. കുടുംബാംഗങ്ങളുടെ സ്വഭാവരൂപവൽക്കരണം, വിദ്യാഭ്യാസം, മതപഠനം, ജീവിതാന്തസിൽ പ്രവേശിപ്പിക്കുക, അവരുടെ ഭാവി സുരക്ഷിതമാക്കുവാനുള്ളവ സമ്പാദിക്കുക, സർവ്വോപരി അവരുടെ സനാതനമായ സൗഭാഗ്യലക്ഷ്യം വച്ചുകൊണ്ടു് പ്രവർത്തിക്കുക എന്നിവ ഒരു പിതാവിൻെറ ഗൗരവാവഹമായ ചുമതലകളാണു്. മക്കളെ സമഭാവനയോടുകൂടി വീക്ഷിക്കണം. കുട്ടികഠം അവരുടെ ആദർശപുരുഷനായി സ്വീകരിക്കുന്നതു് പിതാവിനെയാണു്. ആധുനിക മന:ശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ചു് ഒരു ശിശുവിൻെറ പിതാവുമായിട്ടുള്ള ബന്ധം സൗഹൃദമല്ലെങ്കിൽ ദൈവവുമായിട്ടുള്ള ബന്ധത്തിലും ശൈഥില്യം സംഭവിക്കുമെന്നാണു്.

കൃഷി, വ്യവസായം, രാഷ്ട്രീയം മുതലായ പ്രവത്തനങ്ങളിലേർപ്പെടുന്ന വ്യക്തികഠം ആഴ്ചയിലൊരു ദിവസമെങ്കിലും മക്കളോടുകൂടി ചെലവഴിക്കുന്നതിനു് വിനിയോഗിക്കുന്നതു് നല്ലകാര്യമത്രെ. അവർക്കു് പിതൃപുത്രബന്ധം അനുഭവവേദ്യമാകണം.

വിശ്വാസപരമായ ജീവിതത്തിലും പ്രാത്ഥനയിലും കൗദാശികമായ ജീവിതത്തിലും കുട്ടികഠക്കു് പ്രചോദനം നൽകുവാൻ പിതാവു് ശ്രദ്ധ പതിക്കേണ്ടതാണു്. ഒരിക്കൽ ഒരു പിതാവു് കുട്ടിയോടു് പ്രാത്ഥിക്കണമെന്നും കൂദാശകഠ സ്വീകരിക്കണമെന്നുമൊക്കെ ഉപദേശിച്ചു. പക്ഷെ പ്രാത്ഥനക്കു് പിതാവിനെ പലപ്പോഴും കാണാതിരുന്നതിനാൽ ഒരിക്കൽ ആ കുട്ടി പിതാവിനോടു് ചോദിച്ചു. 'അപ്പച്ചനു് പ്രാർത്ഥനയും കൂദാശകളു

മാവശ്യമില്ലേ? ഞങ്ങൾക്ക മാത്രം മതിയോ? സന്ധ്യാസ മയത്തു് കഴിയുന്നതും വീട്ടിൽ തിരിച്ചെത്തി കുടുംബ പ്രാത്ഥനയിൽ സംബന്ധിക്കുന്ന കാര്യത്തിൽ പിതാവു് വിമുഖനാണെങ്കിൽ മക്കളും അതിൽ തല്പരരായിരിക്ക കയില്ല. വി. കൊച്ചുത്രേസ്യായെ ഒരു പുണ്യവതിയാ ക്കിയതു് അവളുടെ പിതാവായ മാർട്ടിനാണെന്നു പറ യാം. പിതാക്കന്മാരുടെ വ്യക്തിമാഹാത്മ്യം മക്കളിലും ഒരു പരിധിവരെ പ്രതിഫലിക്കുന്നതാണു്.

സ്ത്രീകൾ മനഃശാസ്ത്രപരമായി സ്നേഹിക്കുവാനും സ്നേ ഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നു. അംഗീകാരം വേണ മെന്നുള്ളതും ഒരാവശ്യമത്രെ. വനിത വൈകാരികമായ മൃദുലസ്വഭാവക്കാരിയാണു്.

## കുടുംബനാഥൻ

അവസാനമായി വിവാഹിതനായ പുരുഷൻ കുടും ബനാഥനായി ജീവിക്കേണ്ടതാണു്. കുടുംബത്തിൻെറ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ അഭ്യുന്നതിക്കും കാരണഭൂതനാണു് കുടുംബനാഥൻ. ഉത്തരവാദിത്വബോ ധവും, വിവേകവും, സാമാന്യബുദ്ധിയും, ക്രൈസ്തവമായ ആദർശങ്ങളും കൈമുതലായുള്ള ഒരു പിതാവു് കുടുംബ ത്തിൻെറ അഭിമാനപാത്രമാണു്. മദ്യപാനിയും, അസ ന്മാർഗ്ഗിയും, ഉത്തരവാദിത്വബോധവും, ക്രൈസ്തവവീക്ഷ ണവുമില്ലാത്ത പിതാക്കന്മാർ കുലദ്രോഹികളാണു്. ചില കുടുംബനാഥന്മാരുടെ ഏകാദൃശമായ പെരുമാ റററത്തിൻെറ കരളലിയിക്കുന്ന കദനകഥകൾ ചിലപ്പോ ഴെങ്കിലും കേൾക്കുന്നതിനിടയായിട്ടുണ്ടു്. കുലീനവും സാമ്പത്തികശേഷിയുള്ളതുമായ ചില കുടുംബങ്ങൾ ക്ഷ യിച്ചു് പൂർവ്വപ്രതാപത്തിൻെറ മധുരസ്മരണകൾമാത്രം അയവിറക്കിക്കൊണ്ടു് കഴിയേണ്ട ദുരവസ്ഥ സംജാത മായിട്ടുള്ളതായിട്ടറിയാം.

കുടുംബാംഗങ്ങളുടെ എല്ലാവരുടെയും ക്ഷേമവും സൗഭാഗ്യവുമായിരിക്കണം കുടുംബനാഥൻെറ പ്രധാന ചിന്താവിഷയം. സ്വസുഖവും താൽപ്പര്യവും വിഗണിച്ചുകൊണ്ടുപോലും അതിനായി ത്യാഗസുരഭിലമായ ജീവിതം നയിക്കുന്ന കുടുംബനാഥന്മാരുണ്ട്. എന്നാൽ അതേപ്പററി യാതൊരു ശ്രദ്ധയുമില്ലാതെ, മദ്യപാനവും, ചീട്ടുകളിയും, അസന്മാർഗ്ഗിക ജീവിതവുമായി തങ്ങളുടെയും മററുള്ളവരുടെയും ആത്മനാശത്തിനു കാരണഭൂതരാകുന്ന കുടുംബനാഥന്മാർ നിത്യവിധിയാളനായ ക്രിസ്തുവിൻെറ പക്കൽ ഒരിക്കൽ അവരുടെ കുടുംബഭരണത്തിൻെറ കണക്കു കേൾപ്പിക്കേണ്ടതായിവരും. ശരിയായി കുടുംബം ഭരിക്കുന്നവർക്കേ നാടു ഭരിക്കുവാൻ സാധിക്കുകയുള്ളു.

രാഷ്ട്രീയത്തിൽ മുഴുകി അഥവാ വ്യവസായ വ്യാപാരങ്ങളിലേർപ്പെട്ട് തങ്ങളുടെ കുടുംബജീവിതത്തിൻെറ ചുമതലകൾ വിസ്മരിക്കുന്നവർ തങ്ങളുടെ മക്കൾക്കു വേണ്ടി സമ്പാദിക്കുന്നത് അവർ ധൂർത്തടിച്ച് നശിപ്പിക്കും.

ഒരിക്കൽ പിരീസിലുള്ള ഒരു വിശ്വാസരഹിതയായ മേർളിയും കത്തോലിക്കനായ അല്ലോൻസും തമ്മിൽ വിവാഹിതരായി. അല്ലോൻസ് ഭാര്യയോട് കത്തോലാക്കാവിശ്വാസം സ്വീകരിക്കണമെന്ന് പല പ്രാവശ്യവും നിർബന്ധിച്ചു. പക്ഷെ അവൾ ഭർത്താവിൻെറ സ്നേഹപൂർണ്ണമായ അഭ്യർത്ഥനകൾ നിരസിച്ചു. ഒരു ദിവസം മേർളിയുടെ പിറന്നാളിന് ഒരു ബൈബിൾ സമ്മാനമായി കൊടുത്തിട്ട് വായിക്കുവരൻ ആവശ്യപ്പെട്ടു. അവൾ റൂത്ത് എന്ന ഗ്രന്ഥത്തിൽനിന്ന് വായിച്ചപ്പോൾ ഒരു വാക്യം അവളെ സ്പർശിച്ചു. റൂത്തിൻെറ അമ്മാവി അമ്മ അവളെ സ്വഗൃഹത്തിലേക്കു മടങ്ങിപ്പൊയ്ക്കൊള്ളുവാൻ ഉപദേശിച്ചപ്പോൾ അവൾ പറഞ്ഞ വാക്കുകളാണ്: ''വിട്ടുപിരിയുവാൻ എന്നെ നിർബന്ധിക്കരുത്. അമ്മ എവിടെ പോകുന്നുവോ, അവിടെ ഞാനും വരും. എവിടെ ജീവിക്കുന്നുവോ, അവിടെ ഞാനും ജീവിക്കും. നിങ്ങളുടെ ജനം എൻെറയും ജനമായിരിക്കും.

നിങ്ങളുടെ ദൈവം എന്റെ ദൈവം. നിങ്ങൾ മരിക്കുന്നിടത്തു് ഞാനും. (റൂത്തു് 1–17)''ഉടനെ മെർളി ക്രിസ്തുവിനെ കണ്ടെത്തി. അവൾ മാനസാന്തരപ്പെട്ടു. ഉത്തമ കത്തോലിക്കയായി ശിഷ്ടജീവിതം നയിച്ചു.

ഭർത്താവിന്റെ ആദർശനിഷ്ഠമായ ജീവിതം ഭാര്യയിലും മക്കളിലും വളരെ വലിയ സ്വാധീനം ചെലുത്തുമെന്നുള്ളതു് നിസ്തക്കമാണു്. ഭത്താവിനു് ഭാര്യയുടെയും മക്കളുടെയും, ഭാര്യക്കു് ഭത്താവിന്റെയും മക്കളുടെയും നിത്യരക്ഷാപ്രാപ്തിയിലും ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ നന്മകളിലും ഒരുത്തരവാദിത്വമുണ്ടെന്നുള്ള കാര്യം വിസ്മരിക്കാതിരിക്കുക.

# 4

## ഭാര്യ

വിവാഹിതയായ ഒരു സ്ത്രീക്കു് കുടുംബത്തിൽ മൂന്നു റോളുകൾ നിർവ്വഹിക്കുവാനുണ്ടു്. ഭാര്യ, മാതാവു്, കുടുംബനാഥ എന്നിവയത്രെ അവ. സ്ത്രീ കുടുംബത്തിന്റെ അലങ്കാരമാണു്. ഒരു നല്ല ഭാര്യയുടെ ലക്ഷണത്തെ സംബന്ധിച്ചു് നീതിസാരത്തിൽ ഒരു ശ്ലോകമുണ്ടു്. ''കാര്യേഷു മന്ത്രീ, കരുണേഷു ദാസി, രൂപേഷു ലക്ഷ്മി, ക്ഷമയാധരിത്രീ, സൽക്കമ്മേ നാരീകുല ധമ്മപത്നി.

കുടുംബകാര്യങ്ങളിൽ ഒരു രാജാവിനു് മന്ത്രിയെപ്പോലെയും, കരുണയിൽ ദാസിയും, രൂപത്തിൽ ഐശ്വര്യദേവതയും, ക്ഷമയിൽ ഭൂമിയെപ്പോലെയും, സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നവളുമാണു് കുലധർമ്മിണി എന്നാണു് ശ്ലോകത്തിന്റെ സാരം. ലോകപ്രശസ്തരായ പല വ്യക്തികളുടെയും വിജയത്തിനു് അവരുടെ ഭാര്യമാരും ഒരു പരിധിവരെ സഹായിച്ചിട്ടുണ്ടു്. പ്രസിഡൻറു് കെന്നഡിയുടെയും ജിമ്മികാർട്ടറിന്റെയും തെരഞ്ഞെടുപ്പു് പ്രചരണത്തിൽ ജാക്വലിൻ കെന്നഡിയും റോസിലിൻ കാർട്ടറും സഹകരിച്ചു.

നെപ്പോളിയൻ മൂന്നാമൻ നേബായിലെ കൗണ്ടസ്സായ മരിയ എവിജിനെ വിവാഹം കഴിച്ചു. അവർ അന്നത്തെ മിസ്സു് യൂണിവേഴ്സായിരുന്നു. അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കൾ അവർ സ്പെയിനിലെ ഒരു സാധാരണക്കാരി പ്രഭ്വിയാണു്. ഫ്രാൻസിലെ ചക്രവർത്തിക്കനുയോജ്യയല്ല എന്നു പറഞ്ഞു. എന്നാൽ അതെല്ലാം വിഗണിച്ചുകൊണ്ടു് അദ്ദേഹം അവളെത്തന്നെ വിവാഹം കഴിച്ചു. ആ വിവാഹം നെപ്പോളിയന്റെ ജീവിതം ഏററവും ദുരിതപൂർണ്ണമാക്കി. ലെയോ ടോൾസ്റ്റോയിയുടെ കുടുംബജീവിതം പ്രാരംഭദശയിൽ സൗഭാഗ്യപൂർണ്ണമായിരുന്നു. അദ്ദേഹത്തിന്റെ യുദ്ധവും സമാധാനവും (War and Peace) അന്ന കരിനീന (Anna Karinina) എന്ന നോവലുകൾ അദ്ദേഹത്തെ വിശ്വസാഹിത്യകാരനായി ഉയർത്തി. അദ്ദേഹം ഭൂതകാലത്തിൽ ചെയ്തിട്ടുള്ള പാപങ്ങൾക്കു് പരിഹാരമായി ക്രിസ്തുവിനെ പൂർണ്ണമായി അനുകരിച്ചു ജീവിക്കുവാൻ പരിശ്രമിച്ചു. പക്ഷേ ഭാര്യ അദ്ദേഹത്തെ ദുരിതത്തിലാഴ്ത്തി. എൺപത്തിരണ്ടാമത്തെ വയസ്സിൽ തണുപ്പുകാലത്തു് ഒരു ദിവസം വീടു വിട്ടു് ഒളിച്ചുപോയി. റെയിൽവേ സ്റ്റേഷനിൽ കിടന്നു ന്യുമോണിയ പിടിച്ചു് മരിച്ചു. അദ്ദേഹത്തിന്റെ അന്തിമാഭിലാഷം ഭാര്യയെ അടുത്തുവരുവാൻ അനുവദിക്കരുതു് എന്നതായിരുന്നു. പിന്നീടു് അദ്ദേഹത്തിന്റെ ഭാര്യ മരണാവസരത്തിൽ പുത്രിമാരോടു് ഖേദപൂർവ്വം

ഏററുപറഞ്ഞു: പിതാവിൻെറ മരണത്തിൻെറ കാരണക്കാരി താനാണെന്നു്. അബ്രഹാം ലിങ്കൻെറ ദാമ്പത്യജീവിതം ഏററവും യാതനാപൂർണ്ണമാക്കിയതും ഭാര്യയുടെ ദു:സ്വഭാവമായിരുന്നു. (Dale Carnegie. How to win friends and influence people· 1240· P. 261–63)

വി. പൗലോസ് എഫേസൂസുകാർക്കുള്ള ലേഖനത്തിൽ ഭാര്യമാരോടായി പറയുന്നു: ''ഭാര്യമാരെ നിങ്ങൾ നമ്മുടെ കർത്താവിനു് എന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാർക്കു് കീഴടങ്ങിയിരിക്കുവിൻ. എന്തെന്നാൽ മിശിഹാതന്നെയും സഭയുടെ തലയും ശരീരത്തിൻെറ രക്ഷകനുമായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യയുടെ തലയാകുന്നു. ആ സ്ഥിതിക്കു് സഭ മിശിഹായ്ക്കു് കീഴ്പ്പെട്ടിരിക്കുന്നതുപോലെ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാർക്കു് സകലത്തിലും കീഴ്പ്പെട്ടിരിക്കണം.
(വി. പൗലോ. എഫേ. V. 22–24)

ഭാര്യമാർ ഭർത്താക്കന്മാർക്കു് വിധേയരായി വർത്തിക്കണമെന്നാണു് അപ്പസ്തോലൻ ഉപദേശിക്കുന്നതു്. സ്ത്രീവിമോചനത്തിൻെറ യുഗത്തിലും ഭാര്യ ഭർത്താവിനു് വിധേയയായി വർത്തിക്കുന്നില്ലെങ്കിൽ കുടുംബത്തിൽ സമാധാനവും ഭദ്രതയും സുരക്ഷിതത്വവും പുരോഗതിയും ഉണ്ടാവുകയില്ല. ക്രൈസ്തവമായ വീക്ഷണത്തിലുള്ള വിമോചനത്തിനു് അതു് പ്രതിബന്ധവുമല്ല. കുടുംബത്തെ സ്വർഗ്ഗമാക്കുന്നതിൽ സ്ത്രീക്കു് സുപ്രധാനമായ ഒരു പങ്കു വഹിക്കുവാനുണ്ടു്. ഉത്തമ സ്ത്രീ കുടുംബത്തിനലങ്കാരമാണു്. ഒരിക്കൽ സമ്പന്ന കുടുംബാംഗമായ ഒരു യുവതി ദരിദ്രകുടുംബത്തിൽപ്പെട്ട ഒരു യുവാവുമായി വിവാഹിതയായി. അവൾ വളരെ ദാരിദ്ര്യക്ലേശങ്ങൾ അനുഭവിക്കേണ്ടതായിവന്നു. പക്ഷേ അവൾ സംതൃപ്തയും സൗഭാഗ്യവതിയുമായിരുന്നു. അവളുടെ സ്നേഹിതമാർ അവളോടു് ചോദിച്ചു: ''എന്തുകൊണ്ടു് നീ ഇത്ര ത്യാഗപൂർണ്ണമായ ഒരു ജീവിതം നയിക്കുന്നതിനു് സന്നദ്ധയായി?'' അപ്പോൾ അവൾ ഇപ്രകാരം മറുപടി കൊടുത്തു:

''ഞാൻ ഈ ലോകത്തിൽ ഏററവും സ്നേഹിക്കുന്ന വ്യക്തി എൻെറ ഭർത്താവാണ്. സമ്പത്തിലും, ദാരിദ്ര്യത്തിലും, രോഗത്തിലും അനാരോഗ്യത്തിലും സുഖത്തിലും, ദുഃഖത്തിലും ഭാര്യാഭർത്താക്കന്മാർ തമ്മിൽ സ്നേഹമുണ്ടെങ്കിൽ കുടുംബജീവിതം സൗഭാഗ്യപൂർണ്ണമാകാം. എവിടെ മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുന്നുവോ അവിടെ ദൈവമുണ്ട്. അവിടെ ഐക്യവും, സമാധാനവും, സംതൃപ്തിയും, സൗഭാഗ്യവും ഉണ്ടായിരിക്കും. എന്നാൽ എവിടെ മനുഷ്യർ പരസ്പരം ദ്വേഷിക്കുന്നുവോ അവിടെ ദൈവം മരിച്ചു.

ഭർത്താവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തുകൊണ്ടും മക്കളുടെ സ്വഭാവരൂപീകരണത്തിൽ ശ്രദ്ധ പതിച്ചും കുടുംബത്തിൻെറ ലൗകികവും ആദ്ധ്യാത്മികവുമായ സുസ്ഥിതിയിൽ ശ്രദ്ധ പതിച്ചുകൊണ്ടുമാണ് ഒരു സ്ത്രീ കുടുംബത്തിന് അലങ്കാരമായിത്തീരുന്നത്. സ്നേഹം, സേവനം, ത്യാഗം എന്നുള്ള സ്ത്രീയുടെ ഉദാത്തമായ ഗുണങ്ങൾ അവർ പരിപോഷിപ്പിച്ച് ദൈവസേവനത്തിനും, സഭാസേവനത്തിനും കുടുംബ സേവനത്തിനുമായി അർപ്പിക്കണം. ആധുനിക ലോകത്തിൻെറ ധാർമ്മികമായ ഭാവി സ്ത്രീയുടെ കരങ്ങളിലാണ് എന്ന് കർദ്ദിനാൾ സുവനൻസ് അഭിപ്രായപ്പെടുന്നു. പരസ്പരം സഹിച്ചും ക്ഷമിച്ചും സഹിഷ്ണതാമനോഭാവത്തോടും കൂടി വർത്തിച്ചാൽ മാത്രമെ കുടുംബം ഐശ്വര്യസമ്പൂർണ്ണമാവുകയുള്ളു.

## യഥാ മാതാ തഥാ സുതാ!

മാതാവിൻെറ സ്വഭാവം മക്കളിൽ ഏററവും കൂടുതൽ സ്വാധീനശക്തി ചെലുത്തും. (Mothers love is the key to God's love). മാതൃസ്നേഹമാണ് ദൈവസ്നേഹത്തിൻെറ താക്കോൽ എന്ന് മോൺ. ഫുൾട്ടൺ ജെ. ഷീനും പ്രസ്താവിക്കുന്നു. മാതാവ് സ്തന്യപാനത്തോടൊപ്പം, ഈശ്വരവിശ്വാസവും, സന്മാർഗ്ഗബോധവും, പ. കുർബാ

നയോടും പ. കന്യകമറിയത്തോടുമുള്ള ഭക്തിയും ശിശ്രൂക്കാംക്ക പകർന്നുകൊടുക്കണം. തൊട്ടിൽ ആട്ടുന്ന കരങ്ങളാണ് ലോകത്തെ ഭരിക്കുന്നതു് എന്നു് ഒരു പണ്ഡിതൻ പറയുന്നു. അലക്സാണ്ടർ, നെപ്പോളിയൻ ബോണപ്പാർട്ട് എന്നിവരെലോകജേതാക്കളാക്കിത്തീർത്തത് അവരുടെ മാതാക്കളാണ്. "ലോകത്തിൽ പ്രശസ്തരാം വ്യക്തികരം പാടുന്നു മാതാക്കരം തൻമാഹാത്മ്യം എന്നൊരു കവി പാടിയിട്ടുണ്ട്. അമ്മ എന്ന വാക്ക് എല്ലാവക്കും പ്രിയങ്കരമാണ്. ഏററവും നിർമ്മലമായ, ത്യാഗസുരഭിലമായ സ്നേഹത്തിൻെറ പര്യായമാണ് മാതൃത്വം"

## കുടുംബനാഥ

ഭർത്താവിനോട് വിധേയമായും സഹകരിച്ചും കുടുംബത്തിൻെറ സർവ്വതോന്മുഖമായ ഉൽക്കർഷത്തിനുവേണ്ടി പരിശ്രമിക്കുക എന്നുള്ളതു് കുടുംബനാഥയുടെ ചുമതലയത്രെ. വരവനുസരിച്ച് ചെലവുചെയ്തും മിതവ്യയം അഭ്യസിച്ചും കുടുംബത്തിൻെറ സാമ്പത്തികമായ അഭിവൃദ്ധിയിൽ പല വിധത്തിൽ കുടുംബനാഥ സഹകരിക്കണം. ഒരു കുടുംബ ബഡ്ജററ് തന്നെ തയ്യാറാക്കി കുടുംബത്തിലെ കാര്യങ്ങരം ശരിയായി നിർവഹിക്കേണ്ടതാണ്. ഭർത്താവ് കൊണ്ടുവരുന്നതു് മുഴുവനും ഒരു ദിവസംകൊണ്ട് ചെലവാക്കിയശേഷം കലഹം ഉളവാക്കുന്ന ഭാര്യമാർ കുടുംബത്തിൻെറ അടിത്തറ മാന്തും.

കുടുംബാംഗങ്ങളെ തമ്മിൽ ഐക്യപ്പെടുത്തുന്ന സ്നേഹശൃംഖലയാവണം കുടുംബനാഥ എന്ന നിലയിൽ മാതാവ് കുടുംബത്തെ ഒരു സജീവശരീരമായി സങ്കൽപ്പിച്ചാൽ അതിൻെറ ഹൃദയമാണ് മാതാവ്. ഹൃദയത്തിൽ നിന്നും ജീവരക്തം ശരീരത്തിൻെറ എല്ലാ അവയവങ്ങളിലേയ്ക്കും പ്രവഹിക്കുന്നതുപോലെ കുടുംബനാഥയിൽ നിന്നും ഊഷ്മളമായ സ്നേഹം അംഗങ്ങളിലേയ്ക്കു് പ്രവഹിച്ച് എല്ലാവരെയും ഐക്യപ്പെടുത്തണം. അഭിപ്രായഭിന്നതകളും, അപസ്വരങ്ങളുമെല്ലാം മാതൃഹൃദയത്തിൻെറ

മുമ്പിൽ വിസ്മൃതമാകും. കുടുംബനാഥയുടെ നയവും സ്നേഹവും മന:ശാസ്ത്രപരവും മാനുഷികമായ സമീപനവും കുടുംബപ്രശ്നങ്ങൾ പലതും പരിഹരിക്കും.

ഭർത്താക്കന്മാർ മദ്യപാനികളോ, അധാർമ്മികരോ ആയിത്തീരുവാൻ ഒരു പരിധിവരെ കാരണക്കാർ ഭാര്യമാരായിരിക്കാം. ഭാര്യയുടെ സ്നേഹവും പരിചരണങ്ങളും ആശ്വാസവചനങ്ങളും ലഭിക്കാതെ വരുമ്പോൾ തല്ക്കാലത്തേയ്ക്കെങ്കിലും ഒരു മിഥ്യാലോകത്തിൽ വിഹരിച്ച് ഇവയിൽനിന്നും മോചനം തേടുന്നതിനാണ് പലരും മദ്യപാനത്തിലേയ്ക്കു തിരിയുന്നത്. കുടുംബ പ്രശ്നങ്ങളിൽനിന്നുള്ള ഭീരുത്വപൂർണ്ണമായ ഒരു പലായനം. ഭാര്യയുടെ ആത്മാർത്ഥമായ സ്നേഹവും, പ്രോത്സാഹന വചസ്സുകളും, പരിചരണവും വഴി അവരെ നേരായ പാതയിൽ കൊണ്ടുവരാനും സാധിക്കുന്നതാണ്. വി. മാത്യു ടാബട്ടിൻെറ ഭാര്യയുടെ പ്രാർത്ഥനയും ക്ഷമാശീലവും കുടിലഹൃദയനായ ഭർത്താവിൽ മാനസാന്തരം ഉളവാക്കി അദ്ദേഹത്തെ ഒരു വിശുദ്ധനാക്കി.

ചില കുടുംബങ്ങളിൽ ഭാര്യ കുടുംബം ഭരിക്കാറുണ്ട്. പക്ഷേ അപ്രകാരമുള്ളവരുടെ മക്കളുടെ സ്വഭാവരൂപീകരണം അപകടപ്പെടുന്നു. ഒരു സ്ത്രീ കുടുംബത്തിൽ ഒരു പിശാചും അന്യസ്ഥലത്ത് ഒരു മാലാഖയുമാണെന്ന് ഒരു ലേഖനത്തിൽ വായിച്ചതായി ഓർമ്മിക്കുന്നു. എന്നാൽ ഒരു സ്ത്രീ എല്ലായിടത്തും ഒരു മാലാഖയായിവർത്തിക്കേണ്ടവളാണ്. എഡ്വേർഡ് എട്ടാമൻ ചക്രവർത്തി തൻെറ ആഗ്രഹാനുസരണമുള്ള ഒരു സ്ത്രീയെ പരിഗ്രഹിക്കുവാൻ ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ കിരീടം വലിച്ചെറിഞ്ഞു. സ്ത്രീയ്ക്കു് ഒരു മാസ്മരിക ശക്തി തന്നെ ഉണ്ട്. അതു് നന്മയ്ക്കായി ഉപയോഗിക്കുക.

5

# കത്തോലിക്കാ അന്തരീക്ഷം

ഒരു നല്ല കത്തോലിക്കാ ഭവനത്തിൽ പ്രവേശിക്കുമ്പോഠം പ്രകൃത്യാതീതമായ ഒരു അനുഭൂതി ഉളവാകും. അവിടെ മാതാപിതാക്കളും, മക്കളും, സഹോദരീ സഹോദരങ്ങളും ഒത്തൊരുമിച്ച് സ്നേഹത്തിലും, ഐകൃത്തിലും ജീവിക്കുമ്പോഠം അതു് ദൈവഭവനംതന്നെയാണ്. നസ്രസിലെ തിരുക്കുടുംബത്തിന്റെ ഒരു പ്രതീകമത്രെ ഒരു ഉത്തമ കത്തോലിക്കാ കുടുംബം. അവിടെ മതപരമായ ഒരു ചൈതന്യം കളിയാടണം. ഭവനത്തിൽ മതത്തിനു്, വിശ്വാസപരമായ ജീവിതത്തിന് എത്രമാത്രം പ്രാധാന്യം നൽകുന്നുവോ അതനുസരിച്ചായിരിക്കും സന്താനങ്ങളുടെ ചിന്താഗതി.

അവിടെ മതവിരുദ്ധമോ, ഉതപ്പുകൊടുക്കുന്നതോ ആയ സംസാരമോ, വൈദികരെയും സന്യാസിനീ സന്യാസികളെയും സംബന്ധിച്ചുള്ള അടിസ്ഥാനരഹിതമായ കുററാരോപണങ്ങളും, നിഷേധാത്മകമായ വിമർശനങ്ങളും ഉണ്ടാകാതിരിക്കുവാൻ മാതാപിതാക്കഠം ശ്രദ്ധിക്കണം. എല്ലാ ദിവസവും കുടുംബാംഗങ്ങഠം സന്ധ്യാസമയത്തു് സമ്മേളിച്ച് ഭക്തിപൂർവ്വം പ്രാർത്ഥിക്കേണ്ടതാണ്.

ഒരു കുട്ടിയും അവൻെറ മാതാവും ഒരുമിച്ച് പ്രാത്ഥിക്കുക പതിവായിരുന്നു. പിതാവ് പ്രാത്ഥനയിൽ തല്പരനല്ലായിരുന്നു. ഒരു ദിവസം അമ്മയ്ക്ക് ഏതോ ജോലിത്തിരക്കായിരുന്നതിനാൽ കുട്ടിയോട് പറഞ്ഞു. "ഇന്ന് അപ്പച്ചനും മോനുംകൂടി പ്രാത്ഥിക്കുവാൻ." കുട്ടി ഉടനെ കരഞ്ഞുകൊണ്ട് പറഞ്ഞു: അപ്പച്ചന് പ്രാർത്ഥിക്കുവാൻ അറിഞ്ഞുകൂടാ. ഇതു കേട്ട പിതാവ് ഉടനടി മാനസാന്തരപ്പെട്ടതായി ഒരു സംഭവം ഒരു ഗേറിയൻ ദൈവശാസ്ത്രജ്ഞനായ ഫാ. ടോത്ത് രേഖപ്പെടുത്തുന്നു. (Fr. Liatsa–mmer Totu The Church) ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനിൽക്കും എന്നാണ് ജപമാല പ്രേഷിതനായ ഫാ. പാട്രിക്ക് പേയററൻെറ മുദ്രാവാക്യം. ഒരുമിച്ചു പ്രാത്ഥിക്കുകയും, ജോലി ചെയ്യുകയും, ഭക്ഷിക്കുകയും ചെയ്യുന്നതു് ഹൃദയഐക്യത്തിനു് സഹായകമാണ്. കേരള കത്തോലിക്കാ കുടുംബങ്ങളുടെ ഭദ്രതയും, പവിത്രതയും ഐക്യവും കഴിഞ്ഞ രണ്ടായിരം വത്സരങ്ങളായി സംരക്ഷിച്ചുകൊണ്ടു പോരുന്നതിൽ കുടുംബപ്രാത്ഥന, പ്രത്യേകിച്ചും ജപമാല വളരെ സഹായകമായിരുന്നു. എന്നാൽ ആധുനിക കാലത്തു് പുരോഗമനത്തിൻെറയും മററും മറയിൽ ജപമാല ഉപേക്ഷിച്ചു തുടങ്ങി. തൽഫലമായി കുടുംബങ്ങളിൽ ശിഥിലീകരണശക്തികരം പെരുകിവരുന്നു.

ദിവ്യബലിയിൽ സംബന്ധിക്കുന്നതിന് മക്കളെ പ്രോത്സാഹിപ്പിക്കുക, കുടുംബത്തെ പ്രതിനിധീകരിച്ച് ഒരാളെങ്കിലും എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിക്കണം അപ്രകാരമുള്ള കുടുംബങ്ങളിൽ ദൈവത്തിൻെറ പ്രത്യേകാനുഗ്രഹമുണ്ടായിരിക്കും. എല്ലാ കുടുംബങ്ങളെയും ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കണം. രൂപം സ്ഥാപിച്ച് പ്രതിഷ്ഠാജപം നടത്തിയതുകൊണ്ടുമാത്രം മതിയാവുകയില്ല. ഈശോ കുടുംബത്തിൽ ഭരണം നടത്തണം. പരിശുദ്ധമായ വിവാഹം ക്രിസ്തുവിൽ കേന്ദ്രീകൃതമായ കുടുംബജീവിതത്തിൻെറ കൂദാ

ശയാണ്. ഭാര്യാഭർത്തൃബന്ധത്തിലും മാതാപിതാക്കന്മാരും മക്കളും തമ്മിലും, സഹോദരീസഹോദരന്മാരും അയൽവാസികളുമായുള്ള ബന്ധത്തിലുംകുടുംബത്തിൻെറ സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിലുമെല്ലാം ക്രിസ്തുവിനെ കണ്ടെത്താൻ സാധിക്കണം. ദിവ്യനാഥനോടൊപ്പം പ. കന്യകയ്ക്കും സുപ്രധാനമായ ഒരു സ്ഥാനം കുടുംബത്തിൽ നൽകേണ്ടതാണ്.

കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പപര സ്നേഹമാണ് കുടുംബത്തിൽ ക്രൈസ്തവചൈതന്യമുളവാക്കുന്ന സവ്വപ്രധാനമായ ഒരു വസ്തുത. അപ്പസ്തോല പ്രവരൻ ഉപദേശിക്കുന്നതു് ഇപ്രകാരമത്രെ. "സ്നേഹം ദീർഘശാന്തതയുള്ളതും ദയയുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല; അഹങ്കരിക്കുന്നില്ല, അതു് ലജ്ജാവഹമായതു് പ്രവത്തിക്കുന്നില്ല,തൻകാര്യം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, തിന്മയായിട്ടുള്ളതു് വിചാരിക്കുന്നില്ല, അതു് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അതു് സകലവും സഹിക്കുന്നു, സകലവും വിശ്വസിക്കുന്നു, സകലവും പ്രതീക്ഷിക്കുന്നു, സകലവും അനുഭവിക്കുന്നു. (വി. പൗലോ. I. കോ. XIII. 4–7.)

## നരകമോ സ്വർഗ്ഗമോ?

ഒരിക്കൽ ഈ ഗ്രന്ഥകാരൻ ഒരു ഇടവക ദേവാലയത്തിൽ പൊതുജനധ്യാനം പ്രസംഗിക്കുന്നതിനായി പോയി. ഒരു ദിവസം ധ്യാനം കഴിഞ്ഞു് സായാഹ്ന സമയത്തു് കുറച്ചു നടക്കുന്നതിനായി പുറത്തേയ്ക്കിറങ്ങിയപ്പോൾ ഒരു ബ. വൈദികനെ കണ്ടു. ഉടനെ ആ വൈദികൻ ഇന്നു നമുക്കു നരകത്തിലേയ്ക്കു പോകാമെന്നു പറഞ്ഞു.

കൊള്ളാം. എനിക്കു് നാളെ നരകത്തെക്കുറിച്ചാണു് ധ്യാനിപ്പിക്കേണ്ടതു്. നരകം നേരിട്ടു കണ്ടാൽ നന്നായിട്ടു ധ്യാനിപ്പിക്കാമല്ലൊ. അതുകൊണ്ടു് അങ്ങോട്ടു

തന്നെ പോകാമെന്നു് ഞാൻ പറഞ്ഞു. മാർഗ്ഗ മദ്ധ്യേ എന്റെ ഭാവനയിൽ വന്നതു് ക്രിസ്തുനാഥൻ നരകത്തെ കുറിച്ചു് അരുളിചെയ്തിട്ടുള്ള ദിവ്യവചസ്സുകളാണ്. ഭൂത പ്രേതാദികളെ ഒന്നും കണ്ടില്ലെങ്കിലും അതെല്ലാം ഉണ്ടെന്നുള്ള ഒരു പ്രതീതി ഉളവാകുക. അവിടെ കരച്ചിലും പല്ലുകടിയുമുണ്ടു്. അവരുടെ പുഴ ചാകുന്നില്ല. തീ കെടുന്നുമില്ല. രണ്ടുപേരും കൂടി ഏകദേശം ഒരു മൈൽ യാത്ര ചെയ്തു. അപ്പോൾ അദ്ദേഹം എന്നോടു് വീണ്ടും നരകം കാണണമോ എന്നു ചോദിച്ചു. കാണണം അതിനാണല്ലോ നാം ഇങ്ങോട്ടു യാത്ര തിരിച്ചതു്. നരകം കണ്ടു ഭയപ്പെടരുതു് എന്നു് പറഞ്ഞശേഷം അദ്ദേഹം വഴിവക്കത്തുള്ള ഒരു വീടു് ചൂണ്ടിക്കാണിച്ചുകൊണ്ടു് പറഞ്ഞു: ഇതാണു് ഇവിടത്തെ നരകം.

ഞാൻ ആ ഭവനത്തിലേയ്ക്കു സൂക്ഷിച്ചുനോക്കി, എന്താണു് അതു് നരകമാണെന്നു് പറയുവാൻ കാരണമെന്നറിയുന്നതിനുള്ള ജിജ്ഞാസയോടുകൂടി, ചിലർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. വേറെ ചിലർ ജോലിയിൽ വ്യാപൃതരായിട്ടുണ്ടു്. മററു ചിലരുടെ സംസാരം കേൾക്കാം ഞാൻ ആ ബ. വൈദികനോടു് ''ഇതു് മനുഷ്യാധിവാസമുള്ള ഭവനമാണല്ലോ. പിന്നെന്തുകൊണ്ടാണു് ഇതു നരകമാണെന്നു് പറയുവാൻ കാരണമെന്നു് ചോദിച്ചു.'' ഉടനെ അദ്ദേഹം പ്രതിവചിക്കുകയാണ്. ഈ ഭവനത്തിൽ ഭാര്യാഭർത്താക്കന്മാരും, മാതാപിതാക്കളും മക്കളും, സഹോദരീസഹോദരന്മാരും പരസ്പര കലഹമാണ്. അതിനാൽ ഈ സ്ഥലവാസികൾ ഈ ഭവനത്തിനു് നല്കിയിരിക്കുന്ന അപരാഭിധാനമാണ് ''നരകം.''

യഥാർത്ഥമായ സ്നേഹമില്ലാത്ത ഒരു ക്രിസ്തീയ ഭവനം നരകമാണ്. എന്നാൽ പരിപൂർണ്ണമായ സ്നേഹം പുലരുന്ന ഒരു ഭവനം സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാണ്.

(Rev. Fr. Lynch, Wither thou goest P. 112.)

ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ അഭിമതം നാം

ഇനി മരണാനന്തരമുള്ള നരകത്തെകുറിച്ചും സ്വർഗ്ഗത്തെപ്പററിയും പ്രസംഗിക്കുന്നതിനെക്കാളുപരി ഇപ്പോഴത്തെ നമ്മുടെ ജീവിതം സ്വർഗ്ഗസമാനമാക്കുവാനാണ് പ്രസംഗിക്കേണ്ടതു് എന്നാണ്. മരണാനന്തരം സ്വർഗ്ഗവും നരകവും ഇവിടെ ആരംഭിച്ചു കഴിഞ്ഞുവെന്നാണ് അവരുടെ അഭിമതം. ഇവിടെ നാം ദൈവത്തേയും സഹോദരങ്ങളെയുംസ്നേഹിച്ചുകൊണ്ടുള്ള ഒരു ജീവിതമാണ് നയിക്കുന്നതെങ്കിൽ നമ്മുടെ സ്വർഗ്ഗം ഇവിടെ ആരംഭിച്ചു. നേരെമറിച്ചു് നാം ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കാതെ ജീവിക്കുന്നെങ്കിൽ നമ്മുടെ നരകവും ആരംഭിച്ചു കഴിഞ്ഞു. "ഒരുവൻ ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു് പറയുകയും തൻെറ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നു എങ്കിൽ അവൻ വ്യാജം പറയുന്നവനാകുന്നു. കാണപ്പെടുന്ന തൻെറ സഹോദരനെ സ്നേഹിക്കാതിരിക്കുവാൻ എങ്ങനെ കഴിയും. (1യോഹ: IV. 20.) നമ്മുടെ ദൈവസ്നേഹത്തിൻെറ മാനദണ്ഡമാണ് സഹോദര സ്നേഹം. "Charity begins at home" സ്നേഹം ആരംഭിക്കേണ്ടതു് വീട്ടിലാണ് എന്നൊരു പഴമൊഴിയുണ്ട്. വീട്ടിൽ മാതാപിതാക്കന്മാരെയും സഹോദരീ സഹോദരങ്ങളെയും സ്നേഹിച്ചു് ജീവിച്ചിട്ടുള്ളവർക്കേ പുറമെ ചെന്നു് സാമൂഹ്യജീവിതത്തിൽ സ്നേഹിക്കുവാനും സേവനധന്യമായ ജീവിതം നയിക്കുവാനും സാധിക്കുകയുള്ളു.

## ദൈവവചനം

എല്ലാ കത്തോലിക്കാ ഭവനത്തിലും ഒരു വി. ഗ്രന്ഥം ഉണ്ടാകണം. അനുദിനം പ്രാർത്ഥനയ്ക്കുമുമ്പോ, പിമ്പോ അതിൽനിന്നും ഒരദ്ധ്യായമെങ്കിലും വായിച്ചിട്ടേ കിടന്നുറങ്ങാവൂ എന്ന നിഷ്ഠ വയ്ക്കണം. മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ദൈവവചനംകൊണ്ടുമാണ് ജീവിക്കുന്നതു് (വി. മത്താ. IV.) എന്നു് ദിവ്യഗുരു അരുളിച്ചെയ്തിട്ടുണ്ടല്ലൊ. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി അദ്ദേഹത്തിൻെറ പ്രാർത്ഥനാസമ്മേളനങ്ങളിൽ ബൈബിൾ വായിച്ചിരുന്നു. അദ്ദേഹത്തിൻെറ ജീവിതത്തിൽ

അതു് വളരെ സ്വാധീനം ചെലുത്തിയിരുന്നു. അമേരിക്കയിലെ ആഭ്യന്തര സമരകാലത്തു് അബ്രാഹം ലിങ്കനും രണ്ടാം ലോകമഹായുദ്ധകാലത്തു് വിൽസ്റ്റൺ ചർച്ചിലും ബൈബിൾ പരായണത്തിൽ ശക്തി കണ്ടെത്തി. കമ്യൂണിസ്റ്റ് ചൈനയിലെ നിഷ്ഠൂരമായ മതമർദ്ദനത്തെ അതിജീവിക്കുവാൻ ക്രിസ്ത്യാനികളെ പ്രാപ്തമാക്കിയതു് വി. ഗ്രന്ഥപാരായണമാണു്. (Dr. Billy Graham. (What message of the Bible. ReadersDigest.)

ബംഗാളിൽ മധുരനാഥ ബോസു് എന്നൊരാൾ ജീവിച്ചിരുന്നു. ഒരിക്കൽ അദ്ദേഹത്തിനു് കോളേജിൽ വച്ചു് ഒരു ബൈബിൾ സമ്മാനിച്ചു. പക്ഷേ അതു് ക്രൈസ്തവ മതഗ്രന്ഥമാണെന്നറിഞ്ഞു് അതു് പിച്ചിചീന്തിക്കളഞ്ഞു. പിന്നീടൊരിക്കൽ അദ്ദേഹം യാത്രാമദ്ധ്യേ മത്തായിയുടെ സുവിശേഷത്തിലെ ഗിരിപ്രഭാഷണഭാഗം ആനുഷംഗികമായി കേട്ടപ്പോൾ അത്ഭുതപരതന്ത്രനായി. ആ ഗ്രന്ഥം ഏതാണെന്നറിയുവനുള്ള ജിജ്ഞാസയോടുകൂടി ഒരു സ്നേഹിതനെ സമീപിച്ചു. ബൈബിളാണെന്നറിഞ്ഞപ്പോൾ അദ്ദേഹം അതു് വാങ്ങി വായിച്ചു. ഈ ഗ്രന്ഥത്തിൽ പറയുന്നതിനനുസരിച്ചു് മനുഷ്യൻ ജീവിക്കുന്നെങ്കിൽ ലോകത്തെ സ്വർഗ്ഗമാക്കി പകർത്തുവാൻ സാധിക്കും എന്നദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു് ഒരു പ്രേഷിതനായി തീർന്നു.

നീ വായിക്കുന്ന പുസ്തകങ്ങൾ ഏവയെന്നു് എന്നോടു് പറയുക. നീ എപ്രകാരമുള്ളവനാണെന്നു് ഞാൻ നിന്നോടു് പറയാം എന്നൊരു പണ്ഡിതൻ പ്രസ്താവിച്ചിട്ടുണ്ടു്. സൽഗ്രന്ഥങ്ങൾ വായിക്കുന്നവർ നല്ലവരാകും. അശ്ലീലമായ ഗ്രന്ഥങ്ങളും പത്രമാസികകളും വായിക്കുന്നവർ ദുർമാർഗ്ഗികളായി തീരും. അണുബോംബു് ഹിരോഷിമായിലും നാഗസാക്കിയിലും ചെയ്തതിലും വലിയ നാശമാണു് അശ്ലീലമായ ഗ്രന്ഥങ്ങളും പത്രമാസികകളും സിനിമയും ആധുനിക ലോകത്തിൽ ചെയ്യുന്നതു്. സൽഗ്രന്ഥങ്ങൾ മനുഷ്യരെ നല്ലവരാക്കുന്നു.

മിസിസ് ഇന്ദിരാഗാന്ധിയെ പ്രധാനമന്ത്രിപദത്തിലേക്കു നയിക്കുന്നതിന് വി. ജോവാൻ ഓഫ് ആർക്കിന്റെ ജീവചരിത്രപരായണം സഹായിച്ചതായി അവർ തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

## ഇരുന്നൂറു കൊല്ലം പിറകിൽ

കത്തോലിക്കാ ഭവനങ്ങളിൽ കത്തോലിക്കാ പത്രമാസികകളും ഉണ്ടാകണം. ഇന്ന് പൊതുജനാഭിപ്രായരൂപീകരണത്തിൽ പത്രമാസികകളും, സിനിമയും വഹിക്കുന്ന പങ്ക് വലുതാണ്. അതിനാൽ കത്തോലിക്കാ കുടുംബങ്ങളിൽ കത്തോലിക്കാപത്രമാസികകൾ ഉണ്ടാകുന്നതിനു ശ്രദ്ധ പതിക്കേണ്ടതാണ്. ഇന്നത്തെ നമ്മുടെ യുവതീയുവാക്കന്മാർക്ക് സഭയോടു സ്നേഹമില്ല, സമുദായത്തോടു കൂറില്ല. അവർ അഭിമാനബോധമുള്ള കത്തോലിക്കരായി ജീവിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം ഇന്നത്തെ അശ്ളീലമായ പത്രങ്ങളും, മാസികകളും, സിനിമയും, ഗ്രന്ഥങ്ങളും ഒരു കത്തോലിക്കൻ ഏററവും വലിയ പിന്തിരിപ്പനാണ്. മൂരാച്ചിയാണ്, പുരോഗമനത്തിനു വിലങ്ങുതടിയാണു് എന്ന ആശയമാണു് അവർക്കു നൽകിയിരിക്കുന്നതു്. പിന്നെ അവക്ക് എപ്രകാരം കത്തോലിക്കാവീക്ഷണം, മനസ്ഥിതി ഉണ്ടാകും? അവർ അഭിമാനബോധമുള്ള കത്തോലിക്കരാകും?

1975 ഫെബ്രുവരി മാസത്തിലെ വിദ്യാജ്യോതി എന്ന മാസികയിൽ ഒരു കമ്യൂണിസ്റ്റ്കാരൻ കത്തോലിക്കർക്കു് കൊടുത്ത ഉപദേശം വായിക്കുകയുണ്ടായി. ''കത്തോലിക്കരെ, കമ്യൂണിസ്റ്റ്കളായ ഞങ്ങളെ സംബന്ധിച്ചിടത്തോളം കത്തോലിക്കരായ നിങ്ങൾ ഈ രാജ്യത്തു് ജീവിക്കുന്നില്ല നിങ്ങൾ ഇരുന്നൂറു കൊല്ലം പിറകിലാണ്. നിങ്ങൾ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നു. പക്ഷേ ഞങ്ങൾ കമ്യൂണിസ്റ്റ് തത്വശാസ്ത്രം പ്രചരിപ്പിക്കുന്നു. നിങ്ങൾ വിദ്യാലയങ്ങളും കലാലയങ്ങളും സ്ഥാപിച്ച് നിങ്ങളുടെ മക്കളെ എഴുതാനും വായിക്കാനും പഠ

പ്പിക്കുന്നു. എന്നാൽ അവർക്കു വായിക്കാനുള്ള വസ്തുതകൾ ഞങ്ങൾ കൊടുക്കുന്നു. നിങ്ങൾ നിങ്ങളുടെ മക്കളുടെ വിശപ്പടക്കുവാൻ ഭക്ഷണപാനീയങ്ങൾ നൽകുന്നു. സാധുക്കൾക്ക് ഗോതമ്പും പാലും വിതരണം ചെയ്യുന്നു. പക്ഷേ അവരുടെ ബുദ്ധിക്കാവശ്യമുള്ള ഭക്ഷണം ഞങ്ങൾ നൽകുന്നു. കത്തോലിക്കരെ കത്തോലിക്കാ പത്രമാസികകളുടെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ ഇന്നു് അതിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ പത്തിരട്ടി നിങ്ങൾ ചെലവഴിക്കുമായിരുന്നു.''

ഇന്നത്തെ തിരുസ്സഭയെ അഭിമുഖീകരിക്കുന്ന ഏററവും, വലിയ പ്രശ്നം സഭയുടെ അരുമസന്താനങ്ങളിൽ പലർക്കും സഭയോടുള്ള താദാത്മ്യപ്രാപ്തി ജീവിതത്തിൻെറ വിവിധ മണ്ഡലങ്ങളിൽ നാമമാത്രമാണെന്നുള്ളതാണു്. കത്തോലിക്കരുടെ ഇടയിൽ ഇന്നുള്ള അനൈക്യത്തിൻെറ പ്രധാനപ്പെട്ട കാരണം അകത്തോലിക്കാ അക്രൈസ്തവ ചിത്രങ്ങളുടെയും മാസികകളുടെയും പരായണമാണ്. കത്തോലിക്കാ സമുദായത്തെ തമ്മിലടിപ്പിച്ചു് നശിപ്പിക്കണമെന്നു കരുതുന്ന പത്രങ്ങളും മാസികകളും ഗ്രന്ഥങ്ങളും വായിച്ചാൽ എപ്രകാരം ക്രൈസ്തവരുടെ ഇടയിൽ ഐക്യമുണ്ടാകും?

ഒരു കമ്യൂണിസ്റ്റുകാരൻ ദേശാഭിമാനിയും, ജനയുഗവും ഒരു ഈഴവൻ കൗമുദിയും, മുസ്ളീം ചന്ദ്രികയും, അകത്തോലിക്കൻ മനോരമയും മാത്രം വായിക്കുമ്പോൾ കത്തോലിക്കൻ കത്തോലിക്കാ പത്രമാസികകൾ അവഗണിച്ചുകൊണ്ടു് പ്രസ്തുത പത്രങ്ങൾ വായിക്കുന്നു. പിന്നെ അവർക്കെങ്ങനെ കത്തോലിക്കാ വീക്ഷണം ഉണ്ടാകും? കത്തോലിക്കാ ഭവനങ്ങളുടെ പരിപാവനമായ അന്തരീക്ഷം ഇന്നു് മലീമസമാക്കിയിരിക്കുന്ന ഇപ്രകാരമുള്ള പത്രങ്ങൾ.

## മദ്യപിശാച്

കേരള കത്തോലിക്കാ സമുദായത്തെയും, കുടുംബങ്ങളെയും ധാർമ്മികമായും സാമ്പത്തികമായും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ വിപത്താണ് മദ്യപാനാസക്തി. അതുകൊണ്ടുമാത്രം അനേകം കുടുംബങ്ങൾ നശിച്ച് നാമാവശേഷമാകുന്നു. കുടുംബങ്ങളിൽ സമാധാനമില്ല, സംതൃപ്തിയില്ല, സൗഭാഗ്യമില്ല, സന്തോഷമില്ല.

ഒരു ബ. വൈദികൻ ദേവാലയത്തിലെ പ്രസംഗാവസരത്തിൽ ഒരു സംഭവം പറഞ്ഞതായി അനുസ്മരിക്കുന്നു. ഒരിക്കൽ ഒരു നവവൈദികൻ പട്ടമേററ് പ്രഥമ ദിവ്യബലി അർപ്പിച്ചപ്പോൾ ഒരു സുഹൃത്തായ ഗോപാലൻനായർ അദ്ദേഹത്തെ സന്ദർശിച്ചു അനുമോദനഭാവുകങ്ങളർപ്പിച്ചു. അതിനുശേഷം പട്ടത്തിൻെറയും—പുത്തൻ കുർബാനയുടെയും സ്മാരകമായി എന്താണ് സമ്മാനം നൽകുന്നതെന്നാരാഞ്ഞു. അപ്പോൾ ആ വൈദികൻ എൻെറ പുത്തൻ കുർബാനയുടെയും പട്ടത്തിൻെറയും സ്മാരകമായി ഗോപാലൻനായരെ ജ്ഞാനസ്നാനം നൽകി കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കാമെന്നു് പറഞ്ഞു.

ഉടനെ ഗോപാലൻനായരുടെ മുഖം വാടി. അദ്ദേഹം മ്ലാനവദനനായിരിക്കുന്നതു കണ്ടപ്പോൾ ഫലിതരൂപേണയുള്ള അദ്ദേഹത്തിൻെറ പ്രസ്താവം അതിരു കടന്നു പോയോ എന്ന് സംശയിച്ചു തമാശു് പറഞ്ഞതാണല്ലോ, അതിൽ വിഷമിക്കരുതെന്നു പറഞ്ഞു് ആശ്വസിപ്പിച്ചു.

അപ്പോൾ ആ ഹിന്ദുസ്നേഹിതൻ നവവൈദികനോടു പറഞ്ഞു. ഞാൻ അങ്ങയുടെ വാക്കുകൾ ആത്മാർത്ഥമാണെന്നു കരുതിപ്പോയി. ''അച്ചൻ എന്നെ പുത്തൻ കുബ്ബാനയുടെ സമ്മാനമായി'' മദ്യപാനികളുടെയും, അസ

ന്മാർഗ്ഗികളുടെയും കൊലപാതികളുടെയും സമൂഹത്തിലേക്കു സ്വീകരിക്കാമെന്നു് പറഞ്ഞതിനാൽ വിഷമം തോന്നി! ചില പ്രദേശങ്ങളിലെങ്കിലും അകത്തോലിക്കാ അക്രൈസ്തവ സഹോദരങ്ങൾക്കു കത്തോലിക്കാസമുദായത്തെപ്പററിയുള്ള അഭിപ്രായമിതാണെന്നുള്ളതു് ഖേദകരമായ ഒരു വസ്തുതയാണു്. അതിനാൽ കത്തോലിക്കാ കുടുംബങ്ങളും, വ്യക്തികളും, സമുദായവും ഒത്തൊരുമിച്ചു പരിശ്രമിച്ചു് മദ്യപിശാചിൻെറ സേവയിൽനിന്നും വിമുക്തി പ്രാപിച്ചേ മതിയാവൂ. മദ്യപാനം, ജഡികാസക്തി എന്നീ ദുർഗ്ഗുണങ്ങൾ മാതാപിതാക്കന്മാരിൽ നിന്നും മക്കളിലേക്കു പരമ്പരാഗതമായി സംക്രമിക്കുമെന്നാണു് മന:ശാസ്ത്രജ്ഞന്മാരുടെ അഭിമതം.

## കുടുംബാംഗങ്ങളായി പരിഗണിക്കുക

സമ്പന്ന കുടുംബങ്ങളിൽ ഗൃഹജോലിക്കായും മററു ജോലികൾക്കായും വരുന്നവരെ കുടുംബാംഗങ്ങളേപ്പോലെ കരുതുക. കത്തോലിക്കർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവരോടു് സാമൂഹ്യനീതി പാലിക്കുകയും സഭയുടെ സാമൂഹ്യസിദ്ധാന്തങ്ങൾ മററുള്ളവരെ മനസ്സിലാക്കുകയും ചെയ്യുമ്പോൾ അവരെ കമ്യൂണിസം മുതലായ വിദ്ധ്വംസക പ്രസ്ഥാനങ്ങളിൽ കുടുങ്ങാതെ രക്ഷിക്കുവാൻ സാധിക്കും.

## അമ്മായിഅമ്മ

ഫാ. ഡാനിയേൽ ലോർഡു് എസ്. ജെ. എന്ന വന്ദ്യ വൈദികൻ ഒരിക്കൽ ഒരു ഇടവകദേവാലയത്തിൽ ചെന്നു് ധ്യാനപ്രസംഗം നടത്തി. അദ്ദേഹം ആദിമാതാപിതാക്കന്മാരുടെ സൗഭാഗ്യാവസ്ഥയെപ്പററി പ്രൗഢഗംഭീരമായ ഒരു പ്രസംഗം നിർവ്വഹിച്ചു. പ്രസംഗം കഴിഞ്ഞപ്പോൾ ഒരു യുവതി അടുത്തുവന്നു് അദ്ദേഹത്തോടു് ഇപ്രകാരം പറഞ്ഞു. ബ. അച്ചൻ ആദിമാതാപിതാക്കന്മാരുടെ സൗഭാഗ്യാവസ്ഥയെപ്പററി ഭംഗിയായി പ്രതി

പാദിച്ചു. പക്ഷേ ഒരു കാര്യം വിട്ടുകളഞ്ഞു എന്നു്. എന്താണ് വിട്ടുകളഞ്ഞതു് എന്നു ചോദിച്ചപ്പോൾ ആ യുവതി പ്രതിവചിച്ചു. ഹവ്വായ്ക്കു് അമ്മായിഅമ്മ ഇല്ലായിരുന്നു എന്ന കാര്യം. അവളെ സംബന്ധിച്ചിടത്തോളം അവളുടെ ഏററവും വലിയ പ്രശ്നം അമ്മായിഅമ്മ ആയിരുന്നു. വിദ്യാഭ്യാസവും പരിഷ്കാരവുമൊക്കെ ഇന്നവളരെ പുരോഗമിച്ചിട്ടുണ്ടെങ്കിലും പല കുടുംബങ്ങളിലും അമ്മായി അമ്മ, മരുമകൾ, അമ്മായിഅപ്പൻ, നാത്തൂൻ എന്നിവരുടെ പോരുകൾ നിലനിൽക്കുന്നു. വിവാഹിതരായി വരുന്നവരെ കുടുംബത്തിലെ ഒരംഗമായി പരിഗണിക്കുമ്പോൾ പല പ്രശ്നങ്ങളും പരിഹൃതമാകും. വിവാഹിതരായി വരുന്നവരും അതു് തങ്ങളുടെ സ്വന്തം ഭവനമായി കരുതണം. പഴയനിയമത്തിൽ റൂത്ത് അവളുടെ ഭർത്താവു് മരണമടഞ്ഞ ശേഷവും അമ്മായി അമ്മയെ സംരക്ഷിക്കുന്നതിനായി ത്യാഗപൂർണ്ണമായ ജീവിതം നയിച്ചതു് അനുകരിക്കുക.

## 6

# മാതാപിതാക്കന്മാരുടെ ചുമതലകൾ

ദമ്പതികരം വിവാഹിതരാകുമ്പോരം പരസ്പരം വിശുദ്ധീകരണത്തിനും മക്കളുടെ വിശുദ്ധീകരണത്തിനുമുള്ള ഒരു അഭിഷേചനമാണ് സ്വീകരിക്കുന്നത് (Bernard Harring. Christian renewal in a Changing World. P. 75.) എന്ന് ഫാ. ബെർണാദ് ഹേറിംഗ് അഭിപ്രായപ്പെടുന്നു. ഭർത്താവിന് ഭാര്യയുടെ വിശുദ്ധീകരണത്തിനും, ഭാര്യക്ക് ഭർത്താവിൻെറ വിശുദ്ധീകരണത്തിനും, രണ്ടുപേരുംകൂടി മക്കളുടെ വിശുദ്ധീകരണത്തിനുമുള്ള ചുമതലയാണ് ഭരമേൽക്കുന്നത്. മാതാപിതാക്കന്മാർമക്കളുടെ ആത്മരക്ഷയെ സംബന്ധിച്ച ഒരു കണക്ക് വിധിയാളനായ ക്രിസ്തുവിൻെറ പക്കൽ ബോധിപ്പിക്കേണ്ടിവരും. ദൈവം നമുക്ക് നൽകുന്ന ഏററവും വലിയ സമ്പത്താണ് മക്കരം. ദാമ്പത്യവല്ലരിയിൽ വിടരുന്ന ഓമൽ പ്രസൂനങ്ങളാണ് അവർ. അവരെ നല്ലവരായി വളർത്തി ദൈവത്തിനുതന്നെ സമർപ്പിക്കുന്നതിനു വേണ്ടിയാണ് സന്താനങ്ങളെ ദൈവം നൽകുന്നത്.

## വ്യക്തിത്വം പകർന്നു കൊടുക്കുന്നു

ഒരു ശിശുവിൻെറ കാതലായ സ്വഭാവരൂപവൽക്കരണം അഞ്ചാറു വയസ്സുകൊണ്ട് അവസാനിക്കുന്നു എന്നാണ് മനഃശാസ്ത്രപണ്ഡിതന്മാരുടെ അഭിമതം. ഈ ആറു വയസ്സുവരെ ഒരു ശിശു ഏററവും കൂടുതൽ സമയം ചെലവഴിക്കുന്നത് അതിൻെറ മാതാപിതാക്കന്മാരോടുകൂടിയാണ്. അതിനാൽ അവർക്ക് ഒരു ശിശുവിൻെറ

സ്വഭാവരൂപവൽക്കരണത്തിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കുവാനുണ്ട്. മാതാപിതാക്കന്മാർ തങ്ങളുടെ വിജ്ഞാനത്തെക്കാൾ ഉപരി വ്യക്തിത്വമാണ് മക്കൾക്ക് പകർന്നുകൊടുക്കുന്നതു്. അവരുടെ ജീവിതമാതൃക മക്കളിൽ ഏററവും വലിയ സ്വാധീനം ചെലുത്തും. ശിശുക്കളുടെ ഏററവും ആദർശയോഗ്യരായ വ്യക്തികൾ അവരുടെ മാതാപിതാക്കളാണ്. അവർതന്നെയാണ് ആദ്യത്തെ ഗുരുക്കന്മാർ.

എന്താണ് സ്വഭാവം? ആദർശത്തിലധിഷ്ഠിതമായ ജീവിതം എന്നു് സ്വഭാവത്തെ നിർവ്വചിക്കാം. അല്ലെങ്കിൽ ഒരു വ്യക്തിയുടെ സാമൂഹ്യ, സാംസ്കാരിക, മത, സാന്മാർഗ്ഗികമണ്ഡലത്തിലെ ജീവിതശൈലിയാണ് സ്വഭാവം എന്നു പറയാം.

നമ്മുടെ പ്രധാനമന്ത്രി മിസിസ്സ് ഇന്ദിരാഗാന്ധിയെ രണ്ടാം പ്രാവശ്യം പ്രധാനമന്ത്രിയായി തെരഞ്ഞെടുത്തപ്പോൾ ഒരു അമേരിക്കൻ പത്രപ്രതിനിധി അവരെ സമീപിച്ചുകൊണ്ട് അവരെ പ്രധാനമന്ത്രിപദത്തിലേക്കുയർത്തുന്നതിൽ അവരിൽ ഏററവും കൂടുതൽ സ്വാധീനശക്തി ചെലുത്തിയ വ്യക്തി ആരാണ് എന്നു് ചോദിച്ചപ്പോൾ അവർ പറഞ്ഞതു് അവരുടെ മാതാവായ കമലാ നെഹ്രുവാണെന്നത്രെ. (Deepika 19th July. 1970.) ഗ്രീസിലും ഭാരതത്തിലുമുള്ള മാതാക്കൾ അവരുടെ പുരാതനപുരുഷന്മാരെയും താതപികരെയും ആദർശപുരുഷരായി മക്കൾക്ക് കാണിച്ചു കൊടുത്തിട്ട് അവരെപ്പോലെ വളരുവാൻ പ്രചോദനം നൽകുന്നു. അതുപോലെ കത്തോലിക്കാ മാതാപിതാക്കൾ മിശിഹായെയും അവിടുത്തെ ദിവ്യജനനിയെയും വിശുദ്ധരെയും മക്കളുടെ ആദർശപുരുഷരായി കാണിച്ചു കൊടുക്കണം. ഭാരതീയർ പൊതുവേ വീരാരാധകരാണ്. പക്ഷേ ഇന്ന്പലരും സിനിമാതാരങ്ങളെയാണാരാധിക്കുന്നതു് എന്നുള്ളതാണ് ശോചനീയം.

## മനഃസാക്ഷിരൂപീകരണം

മക്കളിൽ ഒരു നല്ല മനസ്സാക്ഷി രൂപീകരിക്കുക എന്നുള്ളതും മാതാപിതാക്കന്മാരുടെ ചുമതലയാണ്. നന്മ ഏതാണ്, തിന്മ ഏതാണ് എന്നു ചൂണ്ടിക്കാണിക്കുകയും, നന്മ ചെയ്യണമെന്നും തിന്മ വർജ്ജിക്കണമെന്നും നമ്മെ അനുശാസിക്കുന്ന ഒരു ആന്തരികമായ സ്വരം അഥവാ ദൈവസ്വരം തന്നെയാണ് മനഃസാക്ഷി. അതിന്റെ രൂപീകരണത്തിൽ മാതാപിതാക്കന്മാർ, സമൂഹം, വിദ്യാഭ്യാസം, മതം, സന്മാർഗ്ഗം എന്നിവ സുപ്രധാനമായ പങ്കുവഹിക്കുന്നു. പ്രത്യേകിച്ചും വിശ്വാസത്തിന്റെ പ്രകാശത്തിൽ ദൈവപ്രമാണങ്ങളും, പ്രകൃതിനിയമങ്ങളും തിരുസ്സഭയുടെ അദ്ധ്യാപനാധികാരവും മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ഒരു ക്രൈസ്തവ മനഃസാക്ഷി രൂപപ്പെടുത്തണം.

## സ്വാതന്ത്ര്യശിക്ഷണം

സ്വാതന്ത്ര്യമെന്നുള്ളത് എന്തും ചെയ്യാനുള്ള ഒരു ലൈസൻസാണെന്നാണ് ഇന്നു് പലരുടെയും ധാരണ. എന്നാൽ നന്മ പ്രവർത്തിക്കുവാനുള്ള അവകാശമാണ് സ്വാതന്ത്ര്യം, അഥവാ നമ്മുടെ പരമാത്മാവുമായി അവഗാഢം ബന്ധപ്പെട്ട ഒരു കഴിവാണ് സ്വാതന്ത്ര്യം. അതിനാൽ സ്വാതന്ത്ര്യം എന്താണെന്നും അതെങ്ങനെയാണ് വിനിയോഗിക്കേണ്ടതെന്നും സന്താനങ്ങളെ പഠിപ്പിക്കണം.

മക്കൾ പക്വത പ്രാപിക്കുന്നതുവരെ നിയന്ത്രിത സ്വാതന്ത്ര്യമേ നൽകാവൂ. അതിനു് സ്വാതന്ത്ര്യശിക്ഷണമാണാവശ്യമത്രെ. മക്കളെ ശിക്ഷിച്ച് ഭയപ്പെടുത്തി രൂപീകരിക്കുന്നതിലും നല്ലതു് അവർ തെററിൽ ഉൾപ്പെടാതിരിക്കുവാനുള്ള അറിവും നിർദ്ദേശവും പ്രായോഗിക പരിശീലനവും നൽകുന്നതാണ്. അവർ കുററംചെയ്താൽ ശാസിക്കുകയും, ശിക്ഷിക്കുകയും ചെയ്യണം. എന്നാൽ

ശിക്ഷയും ശാസനയും മിതമായിരിക്കട്ടെ. അതിവാത്സല്യവും അതിരുകടന്ന കാഠിന്യവും ഉപേക്ഷിക്കുക, ഭയരഹിതമായ ഹൃദയം, കുനിക്കാത്ത മൌലി, സത്യത്തിൽ നിന്നും ഉയിർക്കൊള്ളുന്ന വചനം എന്നാണ് രവീന്ദ്രനാഥ ടാഗോർ സ്വാതന്ത്ര്യത്തിന്ന് കൊടുക്കുന്ന നിർവ്വചനം.

## കത്തോലിക്കാവിദ്യാഭ്യാസം

സന്താനങ്ങൾക്ക് ഉത്തമമായ കത്തോലിക്കാവിദ്യാഭ്യാസം നല്കുന്നതിൽ മാതാപിതാക്കൾക്കു ഗൗരവാവഹമായ ചുമതലയുണ്ട്. മക്കളെ സ്കൂളിൽ ചേർത്തു കഴിഞ്ഞാൽ തങ്ങളുടെ ഉത്തരവാദിത്വം പൂർണ്ണമായി നിർവ്വഹിച്ചു കഴിഞ്ഞു എന്നാണ് പല മാതാപിതാക്കളുടെയും ധാരണ. കുട്ടികൾ സ്കൂളിൽ ചെന്നാൽ എപ്രകാരം പഠിക്കുന്നു. എന്തു് പഠിക്കുന്നു—അവരുടെ ഗുരുഭൃതന്മാരെ അനുസരിക്കുന്നുണ്ടോ, അവരുടെ സംസാരരീതി എന്തു്? കൂട്ടുകാർ ആരെല്ലാം എന്നിങ്ങനെയുള്ള കാര്യങ്ങൾ മാതാപിതാക്കന്മാർ അന്വേഷിക്കണം. ''സംസർഗ്ഗ ജാദോഷഗുണ ഭവന്തി'' എന്നുള്ള തത്വം നാം വിസ്മരിക്കരുതു്. നിൻെറ കൂട്ടുകാർ ആരെല്ലാമെന്നു് എന്നോടു് പറയുക, നീ എപ്രകാരമുള്ളവനാണെന്നു ഞാൻ പറയാം എന്നു് ഒരു പണ്ഡിതൻ പറയുന്നു. നീ സംസാരിക്കുക നീ ആരാണെന്നു ഞാൻ അറിയട്ടെ എന്നു് യവന താത്വികനായ സോക്രട്ടീസും അഭിപ്രായപ്പെട്ടു. ഹൃദയത്തിൻെറ തികവിൽനിന്നും അധരങ്ങൾ സംസാരിക്കുന്നു എന്നു് ക്രിസ്തുനാഥനും അരുളിച്ചെയ്തിട്ടുണ്ടല്ലൊ. അവർ ദേവാലയത്തിൽ സന്നിഹിതരാകുമ്പോൾ എപ്രകാരം പെരുമാറുന്നു ദിവ്യബലിയിൽ സജീവമായി ഭാഗഭാക്കുകളാകുന്നുണ്ടോ എന്നുള്ള വസ്തുതയും മാതാപിതാക്കൾ ശ്രദ്ധിക്കണം.

സന്താനങ്ങൾ വായിക്കുന്ന ഗ്രന്ഥങ്ങളും അവർ കാണുന്ന സിനിമകളും, അവരിൽ വലിയ സ്വാധീനശക്തി ചെലുത്തുന്നുണ്ട്. സൽഗ്രന്ഥങ്ങൾ നമ്മെ നല്ലവരാക്കും, എന്നാൽ അശ്ശീലമായിട്ടുള്ളവ അഥവാ ദൈവ

വിശ്വാസം, സനാതനമൂല്യങ്ങൾ, ക്രൈസ്തവസഭയേയും സഭാധികാരികളേയും അവഹേളിക്കുന്ന ഗ്രന്ഥങ്ങളും പത്രമാസികകളും പകുതി പ്രായപൂർത്തിയാകാത്തവർ വായിച്ചാൽ അപകടമുണ്ടാകും. രണ്ടുവർഷം മുമ്പ് ഹരിപ്പാട്ട് ഒരു ഹൈസ്കൂൾ വിദ്യാർത്ഥി സൈക്കിളിനോടുള്ള കമ്പം നിമിത്തം സഹപാഠിയെ വധിച്ച സംഭവം പത്രങ്ങളിൽ വായിക്കുകയുണ്ടായി. അതിനു കാരണമായി പറഞ്ഞത് ഡിററക്ടീവ് നോവലുകളും സിനിമയുമാണ്.

മക്കളുടെ വിദ്യാഭ്യാസത്തെസംബന്ധിച്ചിടത്തോളം മാതാപിതാക്കളുടെ ചുമതല നിരന്തരമായ ഒരു ജനിപ്പിക്കൽ കർമ്മമാണെന്ന് വേദപാരംഗതനായ വി. തോമസ് അകപിനാസ് അഭിപ്രായപ്പെടുന്നു. മക്കളെ ശാരീരികമായി ജനിപ്പിക്കുന്നതുകൊണ്ടുമാത്രം ജനയിതാക്കൾ എന്ന ചുമതല അവർ നിർവ്വഹിക്കുന്നില്ല. വി. പൗലോസ് അപ്പസ്തോലൻ ഗാലാത്യർക്കുള്ള ലേഖനത്തിൽ പ്രസ്താവിക്കുന്നു. ''എന്റെ മക്കളെ മിശിഹാ നിങ്ങളിൽ ഉരുവാകുവോളം ഞാൻ വീണ്ടും പ്രസവവേദന അനുഭവിക്കുന്നു. (ഗലാ. IV. 19.) മാതാപിതാക്കന്മാർ തങ്ങളുടെ മക്കളിൽ മിശിഹാ ഉരുവാകുവോളം പ്രസവവേദന അനുഭവിക്കേണ്ടവരാണ്. ഇതാണ് കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ ഏററവും നല്ല നിർവ്വചനം എന്നൊരു ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നു. (Rev. Fr. Corbishelly Contemporary Christian Education according to St. Thomas Aquinas.)

മാതാപിതാക്കന്മാരും, അദ്ധ്യാപകരും, അദ്ധ്യാത്മിക നിയന്താക്കളും തിരുസ്സഭാധികാരികളും ഗവണ്മെൻറും ഒത്തൊരുമിച്ചു പരിശ്രമിച്ചാൽ മാത്രമെ വിദ്യാഭ്യാസം പൂർണ്ണമാവുകയുള്ളു ''The Soul of the Culture is the Culture of the Soul'' സംസ്ക്കാരത്തിന്റെ ആത്മാവ് ആത്മസംസ്ക്കാരമാണ്. ആത്മസംസ്ക്കരണം നിർവ്വഹിക്കാത്ത വിദ്യാഭ്യാസം ജീവിതപരാജയത്തിന് കാരണമായിരിക്കും. ലൗകിക ശാസ്ത്രങ്ങളും

കലകളും അഭ്യസിക്കുന്നതുകൊണ്ടുമാത്രം വിദ്യാഭ്യാസം പൂർണ്ണമാകുന്നില്ല. മതപരമായ വിജ്ഞാനവും ആവശ്യമത്രെ. സന്താനങ്ങളെ ആഭ്യചരിതരും, സംസ്ക്കാരസമ്പന്നരും, സദാചാരനിരതരും ഈശ്വര വിശ്വാസികളുമാക്കിത്തീർക്കുന്ന വിദ്യാഭ്യാസം നല്കണം. ജീവിതത്തെ സംബന്ധിച്ച സമഗ്രമായ വീക്ഷണം ലഭിക്കത്തക്ക വിദ്യാഭ്യാസം കൂടിയേ തീരൂ.

ഇന്നത്തെ യുവതലമുറയിൽ കാണുന്ന, അസ്വാസ്ഥ്യവും, വിപ്ലവവാസനയും, ശിക്ഷണരാഹിത്യത്തിനും കാരണം ജീവിത വീക്ഷണമില്ലാത്ത വിദ്യാഭ്യാസമത്രെ. വിശ്രുതമായ രണ്ടാം വത്തിക്കാൻ സൂനഹദോസ് വിദ്യാഭ്യാസത്തെ നിർവ്വചിക്കുന്നതു് ഇപ്രകാരമത്രെ. മനുഷ്യൻെറ പരമാന്ത്യംപ്രാപ്തിക്കുയോജ്യമാംവിധം ശാരീരികവും, മാനസികവും, ധാർമ്മികവുമായ രൂപീകരണമാണ്. വ്യക്തി അംഗമായിരിക്കുന്ന സമൂഹത്തിൻെറ സുസ്ഥിതിക്കു് സഹായകമായ രീതിയിലായിരിക്കണം. (കൗൺസിൽ പ്രമാണ രേഖകൾ, ധർമ്മാരാം, വിദ്യാഭ്യാസം. No. 1)

മതത്തിനു മാത്രമെ മനുഷ്യരെ നല്ലവരാക്കുവാൻസാധിക്കുകയുള്ളു. ശാസ്ത്രത്തിനും കലകൾക്കും അതു സാദ്ധ്യമായിരുന്നെങ്കിൽ എല്ലാവരും എത്ര നല്ലവരാകുമായിരുന്നു. ഇന്നു് നമ്മുടെ വിദ്യാലയങ്ങളിലും, കലാലയങ്ങളിലുംനിന്നു് പുറത്തിറങ്ങുന്നവരിൽ ഒരു വിഭാഗം നാസ്തികരോ, നിർമ്മത പ്രസ്ഥാനക്കാരോ, മതപരമായ കാര്യങ്ങളിൽ അനാസ്ഥയുള്ളവരോ ആണ്. പലരും കമ്യൂണിസ്റ്റ് ചിന്താഗതിക്കാരുമാണു്. അതിനുള്ള പ്രധാന കാരണം മതപരമായ അജ്ഞതയാകുന്നു.

ഒരിക്കൽ ചിക്കാഗോയിലെ ആർച്ചു് ബിഷപ്പ് ഷേയിലി കോളേജ് വിദ്യാർത്ഥികളോടു് ചെയ്ത പ്രസംഗത്തിൽ ഒരു സംഭവം പറഞ്ഞതായി വായിച്ചിട്ടുണ്ടു്. അദ്ദേഹം ഒരു നവവൈദികനായിരുന്ന കാലത്തു് ചി

ക്കാഗോയിലെ ജയിലിന്റെ ചാപ്ലയിനായിരുന്നു, അക്കാലത്തു് അവിടെ ഒരു യുവാവിനെ വധശിക്ഷയ്ക്കു വിധിച്ചു. അദ്ദേഹം ആ യുവാവിനെ സമീപിച്ചു് അവന്റെ വധശിക്ഷയ്ക്കുമുമ്പു് പാപസങ്കീർത്തനം നിർവ്വഹിച്ചു് ഒരു നല്ല മരണത്തിനു് ഒരുങ്ങണമെന്നു് പലപ്പോഴും ഉപദേശിച്ചു. പക്ഷേ അവൻ ഉപദേശങ്ങളെല്ലാം വിഗണിക്കുകയാണുണ്ടായതു്. വധശിക്ഷ നടത്തുന്ന ദിവസവും അദ്ദേഹം ജയിലറമുതൽ വധസ്ഥലംവരെ അവനെ അനുഗമിച്ചു് പലതും പറഞ്ഞു. യാതൊരു പ്രയോജനവുമുണ്ടായില്ല. അവസാനം അവൻ കൊലമരത്തിലേയ്ക്കു് പ്രവേശിക്കുന്നതിനുമമ്പു് ഒരു മനുഷ്യനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു.

''നിങ്ങൾ കാണുന്നുണ്ടല്ലൊ ആ മനുഷ്യൻ. അയാൾ എന്റെ പിതാവാണ് എന്റെ കഴുത്തിൽ വീഴുന്ന ഈ കൊലക്കയറു് എന്റെ പിതാവിന്റെ കഴുത്തിലാണു് വീഴേണ്ടതു്. കാരണം ഞാൻ ഒരു വിദ്യാർത്ഥിയായിരുന്ന കാലത്തു് വേദപാഠ ക്ലാസ്സിൽ ഞാൻ പോകാതിരുന്നപ്പോൾ എന്റെ പിതാവു് എന്നെ ശാസിക്കുകയോ, ശിക്ഷിക്കുകയോ ചെയ്യാതിരുന്നതിനാണ് ഈ കൊലക്കയറു് എന്റെ കഴുത്തിൽ വീഴുന്നതു്'' എന്നു് അവന്റെ പിതാവിനെ ശപിച്ചുകൊണ്ടു് അവൻ കൊലമരത്തിലേക്കു കയറി

അന്ത്യവിധി ദിവസം നിങ്ങളുടെ സന്താനങ്ങൾ നിത്യവിധിയാളനായ ക്രിസ്തുവിന്റെ ഇടത്തുഭാഗത്തു് നിന്നു് നിങ്ങളെ ശപിച്ചുകൊണ്ടു് നിത്യമായി വേർപെടാതിരിക്കണമെങ്കിൽ നിങ്ങളുടെ മക്കളുടെ മതപഠനത്തിൽ ശ്രദ്ധയുള്ളവരായിരിക്കുക. പല മാതാപിതാക്കന്മാരും മക്കൾക്കു് സ്വത്തു് സമ്പാദിക്കുന്നതിനും ലൗകികബിരുദങ്ങൾ നേടിക്കൊടുക്കുന്നതിനും തല്പരരാണ്. എന്നാൽ അതുമാത്രം മതിയാവുകയില്ല. അവരുടെ ഭാവി ഭാസുരമാക്കി കുടുംബത്തിന്റെ മണിദീപങ്ങളും സമുദായത്തിന്റെ അഭിമാന പാത്രങ്ങളും ഭാവിരാഷ്ട്ര

ത്തിൻെറ വിധിതാക്കളും ലോകത്തിൻെറ മാർഗ്ഗ ദീപ ങ്ങളുമായിരിക്കാൻ പരിശീലിപ്പിക്കണം. അടുത്ത തല മുറയിൽ നമുക്കു് ഉത്തമ കത്തോലിക്കരുണ്ടായിരിക്കണ മെങ്കിൽ വളരുന്ന തലമുറയ്ക്കു മതപരമായ വിദ്യാഭ്യാസം നൽകണം. ആധുനികകാലത്തു് ശാസ്ത്രീയവും ഏററവും നവീനവുമായ രീതിയിൽ മതപരമായ വിജ്ഞാനം ലഭിച്ചിട്ടില്ലെങ്കിൽ ഇന്നത്തെ ഭൗതികവാദം, കമ്യൂ ണിസം മുതലായവയെ അതിജീവിച്ചു് അമൂല്യ സമ്പ ത്തായ വിശ്വാസം സംരക്ഷിക്കുക ദുഷ്കരമാണു്.

എൻെറ കർത്താവേ, സകല ലൗകിക ശാസ്ത്രങ്ങളും ഗ്രഹിച്ചതിനുശേഷം അങ്ങേ അറിയാത്ത മനുഷ്യൻ നിർ ഭാഗ്യനാണു്, എന്നു് സഭാപിതാവും വേദപാഠംരഗതന്മ മായ വി.ആഗസ്റ്റിനോസു് പ്രസ്താവിച്ചിരിക്കുന്നു. എന്തെ ല്ലാം കലകളും, ശാസ്ത്രങ്ങളും അഭ്യസിച്ചാലും ഈശോ മിശിഹായെ അറിയാത്തവർ നിർഭാഗ്യരാണു്. തിരു സ്സഭയേയും അവളുടെ പ്രബോധങ്ങളെയും ധാർമ്മിക പ്ര മാണങ്ങളെയും മനസ്സിലാക്കുവാനും, ആരാധനാക്രമ ത്തിൽ സജീവമായി പങ്കെടുക്കുവാനും, ഉത്തമമായ ക്രൈസ്തവജീവിതം നയിക്കുന്നതിനും മതപഠനം അനി വാര്യമത്രെ. പന്ത്രണ്ടു വയസ്സിനു താഴെയുള്ള വിദ്യാർത്ഥി കളെ എനിക്കു തരിക. ലോകം മുഴുവൻ കീഴടക്കിത്തരാം എന്നു് കമ്യൂണിസത്തിൻെറ ആചാര്യനായ ലെനിൻ പറയുകയുണ്ടായി.

1970 ജനുവരിയിൽ ഇൻഡ്യാഗവണ്മെൻറ് നിയോ ഗിച്ച വിദ്യാഭ്യാസ കമ്മീഷൻ സ്കൂളിൽ മതധാർമ്മികപഠ നം നിർബന്ധിതമാക്കണമെന്നു് നിർദ്ദേശിക്കുകയുണ്ടാ യി. (Indian Express. 1970 January 13th)

## ജീവിതാന്തസ്

മക്കൾ ആഗ്രഹിക്കുന്ന ജീവിതാന്തസിൽ പ്രവേശി ക്കുവാൻ മാതാപിതാക്കന്മാർ വേണ്ട ഒത്താശകൾ ചെയ്യു

കൊടുക്കണം. ജീവിതാന്തസ് തെരഞ്ഞെടുക്കുവാനുള്ള മൗലികാവകാശം മക്കൾക്കുണ്ട്. കാരണം നമ്മുടെ പരമാന്ത്യ പ്രാപ്തി നാം തെരഞ്ഞെടുക്കുന്ന ജീവിതാന്തസ്സിനെക്കൂടി ആശ്രയിച്ചാണിരിക്കുന്നതു്. കുറെക്കാലങ്ങൾ മുമ്പ് ഒരു ഇടവക ദേവാലയത്തിൽ ധ്യാനപ്രസംഗത്തിനായി ചെന്ന അവസരത്തിൽ മുപ്പത്തഞ്ചോടടുത്ത ഒരു സ്ത്രീ എന്നെ സമീപിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു. 'അച്ചൻ ഇനി ധ്യാനം പ്രസംഗിക്കുന്ന സ്ഥലങ്ങളിൽ ദയവായി മാതാപിതാക്കന്മാരോട് ഒരു കാര്യം പറയണമെ'. എന്താണ് പറയേണ്ടതു് എന്നു ചോദിച്ചപ്പോൾ അവൾ പറയുകയാണ് പെൺമക്കളാണ് എന്ന കാരണത്താൽ മാതാപിതാക്കന്മാർ അവരോട് വിവേചനം കാണിക്കരുതു് എന്നു പറഞ്ഞാൽ മതി. എന്തുകൊണ്ടാണ് അപ്രകാരം പറഞ്ഞതു് എന്നു ചോദിച്ചപ്പോൾ അവൾ അശ്രുധാര ഒഴുക്കിക്കൊണ്ടു് ഇപ്രകാരം പറഞ്ഞു: മുപ്പത്തിയഞ്ചു വയസ്സായിട്ടും സ്ത്രീധനമില്ല എന്നു് പറഞ്ഞ് അപ്പൻ വീട്ടിൽ നിറുത്തിക്കൊണ്ടിരിക്കുന്നു. അവൾ കാഴ്ചക്ക് സുമുഖിയും, നല്ല വസ്ത്രാഭരണവിഭൂഷിതയുമത്രെ. കുടുംബം ഒരുവിധം സാമ്പത്തികശേഷിയുള്ളതുമാണ് ഇപ്രകാരം മക്കളോട് അനീതി പ്രവത്തിക്കുന്ന മാതാപിതാക്കന്മാർ അവരുടെ ആത്മനാശത്തിനു പോലും കാരണക്കാരാകാം.

സന്യാസത്തിലേക്കും വൈദികാന്തസിലേയ്ക്കും ദൈവവിളി ഉണ്ടെന്നു പറയുന്ന മക്കളെ അതിനായി പ്രോത്സാഹിപ്പിക്കുകയും, സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യണം. കുടുംബമാണ് ദൈവവിളിയുടെ പിള്ളത്തൊട്ടിൽ എന്നു പ. പിതാവ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അരുളിച്ചെയ്തിട്ടുണ്ട്. നല്ല കത്തോലിക്കാ കുടുംബങ്ങളിൽ നിന്നുമാത്രമേ നല്ല ദൈവവിളികൾ ഉണ്ടാവുകയുള്ളു. യൂഗോസ്ളാവിയായിലെ പ്രീമേററായിരുന്ന കർദ്ദിനാൾ ജോസഫ് സ്റ്റെപ്പിനാക്കിനെ ടിറേറായുടെ പട്ടാളക്കാർ അറസ്റ്റ് ചെയ്തുകൊണ്ടു പോകുന്നു എന്നറിഞ്ഞപ്പോൾ സാഗ്രബിലെ ജനങ്ങൾ അരമനയിൽ തടിച്ചുകൂടി അവർക്കു് ഒരു ആശീർവ്വാദം

കൊടുക്കുന്നതിനായി ആഗതനായ മെത്രാപ്പോലീത്ത ജന ങ്ങളുടെ മുമ്പിൽവച്ച് ഗൽഗദകണ്ഠനായി തിരിച്ചു വന്ന മററു് മെത്രാന്മാർ ആരാഞ്ഞു എന്താണതിനു കാര ണമെന്ന്. തദവസരത്തിൽ അദ്ദേഹം ഇപ്രകാരം പ്രതി വചിച്ചു. ആ ജനസമൂഹത്തിൽ എൻെറ അമ്മയെ ഞാൻ കണ്ടു. എൻെറ അമ്മ ആഴ്ചയിൽ ഒരു ദിവസം വീതം ഇരുപത്തിനാലു വർഷക്കാലത്തേക്കു ഉപവസിക്കുകയും എല്ലാദിവസവും ഒരു മുഴുവൻ ജപമാല ജപിക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണ് എനിക്കു ദൈവവിളി ലഭിച്ചതു്. അദ്ദേഹത്തെ അറസ്റ്റ് ചെയ്തുകൊണ്ടുപോയ പ്പോൾ ആ പുത്രനെ ഒന്നടുത്തു ചെന്നു കാണുവാൻ ചെന്ന മാതാവിനെ അദ്ദേഹം വിലങ്ങുവച്ച കൈകളോടുകൂടി അഭിവാദ്യം ചെയ്തു. ഉടനെ ആ ധീരമാതാവ് സ്വപുത്ര നോടു് ഇപ്രകാരമാണ് പറഞ്ഞതു്. എൻെറ പ്രിയ മകനെ, അങ്ങേ സാഗ്രബിലെ കർദ്ദിനാൾ മെത്രാപ്പോ ലീത്തയായി ചുവന്ന തൊപ്പി ധരിച്ചു കാണുന്നതിനെ ക്കാൾ സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനായി ഒരു വേദസാക്ഷിയായി മരിച്ചുകാണുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഇപ്രകാരമുള്ള ധീരരായ മാതാപി താക്കന്മാരിൽനിന്നു മാത്രമേ ധീരരായ വൈദികരെയും സന്യാസാനീസന്യാസികളെയും ലഭിക്കുകയുള്ളു.

വൈദികരും സന്യാസീസന്യാസിനികളും ത്രിശങ്കു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന പ്രത്യേകതരം സൃഷ്ടി കളാണെന്നാണ് പലരുടെയും ധാരണ. എന്നാൽ അവർ നിങ്ങളുടെ മാംസത്തിൻെറ മാംസവും രക്തത്തിൻെറ രക്തവുമാണെന്നുള്ള കാര്യം വിസ്മരിക്കരുതു്.

1972–ൽ കോഴിക്കോട് ക്രൈസ്റ്റ്ഹാളിൽ വൈദി കർക്കുവേണ്ടിയുള്ള ഒരു മാസത്തെ ധ്യാനത്തിൽ സംബ ന്ധിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം രാവിലെ ഞങ്ങൾ രണ്ടുമൂന്നു വൈദികർ ഒരുമിച്ച് പുറത്തേക്കു നട ക്കാൻ പോയി. മാർഗ്ഗമദ്ധ്യേ ഒരു കടയുടെ തിണ്ണയിൽ ഇരുന്ന് മൂന്നുനാലു് ആളുകൾ പത്രം വായിക്കുന്നതു കേട്ടു.

ഞങ്ങൾ കേൾക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ദിഗന്തങ്ങൾ ഭേദിക്കുമാറാണ് അവർ വായിക്കുന്നതു്. അവർ വായിച്ചതു് ഇപ്രകാരമാണ്. ''മാറിക മഠത്തിൽ നാലു കന്യാസ്ത്രീകളെ കെട്ടിത്തൂക്കി പുകച്ചുകൊന്നു.'' ധ്യാന ദിവസങ്ങളായിരുന്നതിനാൽ ഞങ്ങൾക്കു് പത്രം വായിക്കാനനുവാദമില്ല. എങ്കിലും ധ്യാനഗുരുവിന്റെ പ്രത്യേകാനുവാദത്തോടുകൂടി ഒരു പത്രം വാങ്ങി വായിച്ചപ്പോഴാണ് സത്യം ഗ്രഹിക്കുവാൻ സാധിച്ചതു്. ഒരു വേലക്കാരി ഒരു കന്യാസ്ത്രീയുടെ മുഖത്തു് എണ്ണ ഒഴിച്ചു എന്ന സംഭവത്തിന്റെ ചിത്രീകരണമാണല്ലോ അതു്.

ഇതുപോലെ ഇന്നത്തെ വൈദികരിലും സന്യാസിനീസന്യാസികളിലുമുള്ള നിസ്സാരമായ കുററങ്ങൾ പർവ്വതീകരിച്ചു് സഭയെയും സമുദായത്തെയും തേജോവധം ചെയ്യുവാൻ പരിശ്രമിക്കുന്ന സഭാവൈരികൾ ഇന്നു ധാരാളമുണ്ടു്. വിശ്വാസികളെ വൈദികരിൽനിന്നും സന്യാസിനീസന്യാസികളിൽനിന്നും അകററി അവരെ രണ്ടു വർഗ്ഗങ്ങളായി തിരിച്ചു് കമ്യൂണിസ്റ്റുകളുടെ വർഗ്ഗസമരസിദ്ധാന്തം പ്രാവർത്തികമാക്കി സഭയെ നശിപ്പിക്കുകയാണ് അവരുടെ കുതന്ത്രം. അവയെല്ലാം പഞ്ചസാരയിൽ പൊതിഞ്ഞ കാകോളമാണെന്നു് ശുദ്ധമനസ്സരായ കത്തോലിക്കർ മനസ്സിലാക്കുന്നില്ല. നവീകരണത്തിന്റെ വക്താക്കളായിട്ടാണ് പലരും രംഗപ്രവേശം ചെയ്യുന്നതു്.

വൈദികരെയും സന്യാസിനീസന്യാസികളെയും മാത്രം നന്നാക്കാനായി നടത്തുന്ന മാസികകളുമുണ്ടു്. അവയെല്ലാം ഇന്നത്തെ യുവജനങ്ങളുടെ ഇടയിലും കോളേജ് കുമാരീ കുമാരന്മാരുടെ ഇടയിലും നല്ല പ്രചാരമാണ്. അവർ കുറെ കഴിയുമ്പോൾ വിശ്വാസം നഷ്ടപ്പെട്ടു് വൈദിക വിദ്വേഷികളാകാം. ചില വൈദികർ പോലും അപ്രകാരമുള്ള മാസികയ്ക്കു് പ്രോത്സാഹനം നൽകുന്നു എന്നുള്ളതാണ് വളരെ ശോചനീയമായ വസ്തുത. ''സ്വന്ത വാളാൽ സ്വയം വെട്ടി ഹന്ത നശിപ്പുമർ

ത്യർ'' എന്ന കവിവാക്യമനുസ്മരിച്ചുപോകുന്നു. അതു് പ്രവേശിക്കുന്ന ഭവനങ്ങളിൽനിന്നും ഭാവിയിൽ ദൈവവിളി ഉണ്ടാകുന്ന കാര്യവും സംശയമാണു്.

വിമർശിക്കുന്നതുകൊണ്ടുമാത്രം യുവജനങ്ങളുടെ ഉത്തരവാദിത്വം തീരുന്നില്ല. അവർ മുമ്പോട്ടുവന്നു് ആദർശയോഗ്യരായ സന്യാസിനീസന്യാസികളും വൈദികരുമായി സേവനം അനുഷ്ഠിക്കുക. ആത്മാർത്ഥമായി സഭയെ സ്നേഹിക്കുന്നവർ അപ്രകാരമാണു് ചെയ്യേണ്ടതു്. പിന്നെ നല്ല ദൈവവിളി ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## സമ്പാദ്യം ഭാഗിച്ചുകൊടുക്കുക

മാതാപിതാക്കന്മാർ മക്കളെ സമഭാവനയോടുകൂടി സ്നേഹിക്കുകയും തങ്ങളുടെ സമ്പത്തു് അവക്കു് ഭാഗിച്ചു കൊടുക്കുകയും ചെയ്യണം. കുടുംബത്തിൽ മാതാപിതാക്കന്മാരുടെ മരണശേഷം കലഹവും മററും ഉണ്ടാകുന്നതിനിടയാകുന്നതു് മാതാപിതാക്കന്മാർ ഇക്കാര്യത്തിൽ വിവേകപൂർവ്വം സ്നേഹത്തോടും വേണ്ട ക്രമീകരണങ്ങൾ ചെയ്യാതിരിക്കുന്നതാണു്.

ഒരിക്കൽ ഒരു ദേവാലയത്തിൽ ധ്യാനിപ്പിക്കുന്നതിനായി ചെന്നപ്പോൾ ഒരു സംഭവം കേൾക്കുന്നതിനിടയായി. ഒരു വീട്ടിൽ മാതാപിതാക്കൾക്കു് രണ്ടു ആൺമക്കൾ മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ അമ്മയ്ക്കു് ഇളയപുത്രനോടായിരുന്നു കൂടുതൽ താല്പര്യം. അതിനാൽ മൂത്തപുത്രനു് വസ്തു കൊടുക്കുവാൻ സമ്മതിക്കുകയില്ല. സ്വല്പം സ്ഥലവും ഒരു വീടുംമാത്രം കൊടുത്തു് അവനെ വേറെ താമസിപ്പിച്ചു. അവൻ കൂലിവേലയ്ക്കു പോലും പോയി ജീവസന്ധാരണം നിർവ്വഹിക്കേണ്ടതായ ഗതികേടാണു് ഉണ്ടായതു്. ഒരു ദിവസം അവൻ വീട്ടിലേയ്ക്കു് പ്രവേശിച്ചു് അമ്മയെ കൊലപ്പെടുത്തി. ഇതുപോലെ ഉള്ള അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കണമെങ്കിൽ മാതാപിതാക്കൾ മക്കളോടും നീതിപുലർത്തണം.

ഇനി ഭാഗം ചെയ്യുമ്പോഠം വല്ലതും സ്വൽപ്പം കുറഞ്ഞു പോയെങ്കിൽ അതിൻെറ പേരിൽ മാതാപിതാക്കളെ കണ്ണുനീരു് കുടിപ്പിക്കാതിരിക്കാനും മക്കഠം ശ്രദ്ധിക്കേണ്ടതാണ്. സമ്പത്തിൻെറ പേരിൽ സഹോദരഹത്യ പലതും നടന്നതായി അറിയാം.

മക്കഠംക്കു് സമ്പത്തു് കൊടുക്കുവാനില്ലെങ്കിൽ മാതാപിതാക്കഠം തങ്ങളുടെഅനുഗ്രഹാശിസ്സുകളാൽ അവരെ ധന്യരാക്കുക എന്നാണു് വി. അംബ്രോസ് അഭിപ്രായപ്പെട്ടിട്ടുള്ളതു്. പൂർവ്വപിതാക്കന്മാർ അവരുടെ മക്കളെ അനുഗ്രഹിച്ചു് മരിച്ചതായി ഉല്പത്തിയുടെ പുസ്തകത്തിൽ വായിക്കുന്നുണ്ടു്. അവരുടെ അനുഗ്രഹങ്ങഠം ദൈവം അംഗീകരിച്ചു.

അന്യായമായി സമ്പാദിക്കുന്ന വസ്തുക്കഠം മക്കഠംക്കു് ഭാഗിച്ചുകൊടുത്താലും അതു് അനുഭവിക്കുവാൻ അവക്കു് സാധിക്കാതെവരും. അവർ അതു് നശിപ്പിക്കുന്നതാണ്. മക്കളുടെ പ്രായത്തിനനുസരണമായി അവരെ ഉത്തരവാദിത്വബോധമുള്ളവരാക്കുവാനും വേണ്ട പരിശീലനം നൽകണം. ചില മാതാപിതാക്കന്മാർ കുഴിയിലേയ്ക്കു കാലുനീട്ടിയിരുന്നാലും മക്കളെ ഉത്തരവാദിത്വം ഏല്പിക്കുകയില്ല. പിന്നീടു് ഉടനടി കുടുംബഭാരം ചുമലിൽ പേറാനുള്ള കരുത്തില്ലാതെ പലരും പരാജയപ്പെടുന്നു. അല്ലെങ്കിൽ ധൂർത്തടിച്ചു് നശിപ്പിക്കും.

7

# മക്കൾക്കു് മാതാപിതാക്കളോടുള്ള കടമകൾ

മാതാപിതാക്കന്മാർ ദൈവത്തിൻെറ പ്രതിനിധികളാണ്. ദൈവം കഴിഞ്ഞാൽ നമ്മുടെ സർവ്വനന്മകൾക്കും അവരാണ് കാരണഭൂതർ. അവർ ദൈവത്തോടുകൂടി നമ്മുടെ സഹസൃഷ്ടകർത്താക്കളാണ്. മക്കൾ ആദ്യമായി ആരാധിക്കേണ്ട ദൈവമാണ്, കാണപ്പെട്ട ദൈവമാണ് എന്നെല്ലാം സാധാരണ പറയാറുണ്ടല്ലൊ. തന്നിമിത്തം മാതാപിതാക്കന്മാരെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്യേണ്ടതു് മക്കളുടെ കടമയാണ്. ഈശോമിശിഹാ നമുക്ക് അതിനു് മാതൃക നല്കിയിട്ടുണ്ട്.

നരകുലപരിത്രാതാവായ മിശിഹാ പരിത്രാണ കർമ്മത്തിനു് മകുടമണിയുന്ന കപാലഗിരിയിലെ മഹായജ്ഞത്തിനു് മൂന്നുമണിക്കൂറും, പരസ്യജീവിതത്തിനു് മൂന്നുവത്സരവും മാത്രം വിനിയോഗിച്ചപ്പോൾ മാതാപിതാക്കന്മാരെ അനുസരിച്ചുകൊണ്ട് മുപ്പതു നെടുനീണ്ട വത്സരങ്ങൾ ചെലവഴിച്ചു. (വി. ലൂക്കാ. II 51–52)

മാതാപിതാക്കന്മാരോട്ട് കൃതജ്ഞതാനിർഭരമായ

ഒരു സ്നേഹമാണ് നമുക്ക സ്വാഭാവികമായും ഉണ്ടാകേണ്ടതു്. നമ്മുടെ അസ്തിത്വത്തിനു് കാരണഭൂതരും സകല ഭാവിഭാഗധേയങ്ങൾക്കുംവേണ്ടി ആകാംക്ഷയോടെ രാപകൽ പരിശ്രമിക്കുകയും ചെയ്യുന്നവരാണ് മാതാപിതാക്കന്മാർ. എത്ര ദിനരാത്രങ്ങൾ ഊണും ഉറക്കവും ഉപേക്ഷിച്ച് നമുക്കുവേണ്ടി അവർ കഷ്ടപ്പെട്ടിട്ടുണ്ടാകണം. അവരുടെ രക്തം വിയർപ്പാക്കി മാററിയാണു് അവർ നമ്മെ സംരക്ഷിച്ചുവന്നതു്. ഇപ്രകാരമുള്ള മാതാപിതാക്കന്മാരോടു് സ്നേഹവും കൃതജ്ഞതയുമില്ലാത്തവർ തീച്ച്യായും മനുഷ്യത്വം മരവിച്ചവരാണു്.

ഈ ഗ്രന്ഥം എഴുതിക്കൊണ്ടിരിക്കുമ്പോൾതന്നെ ഒരു ദയനീയമായ സംഭവം കേൾക്കുന്നതിനിടയായി. പുത്രൻ സ്വമാതാവു കിടന്ന കട്ടിൽ തീവെച്ച് നശിപ്പിച്ചു. അതിനും പുറമേ ആ അമ്മയെ ദേഹോപദ്രവമേല്പിക്കുന്നു. അമ്മയെ വധിക്കുമെന്നു ഭീക്ഷണിപ്പെടുത്തിയതിനാൽ ആ അമ്മ സ്വപുത്രനെ ഭയന്നു് ഒരു അനാഥശാലയിൽ അഭയം പ്രാപിച്ചു. അനാഥശാലയിൽനിന്നും അമ്മയെ തട്ടിക്കൊണ്ടു വന്നു വധിക്കണമെന്നാണ് ആ മകൻെറ ഉദ്ദേശം. അതിനു സമ്മതിക്കാതിരുന്നതിനാൽ അതു നടത്തുന്ന ബ. കന്യാസ്ത്രീകളെ ഭീക്ഷണിപ്പെടുത്തിയിരിക്കുകയാണു്. മൃഗങ്ങൾക്കുപോലും മാതൃസ്നേഹമുണ്ടെന്നുപറയാം. അതു് പ്രദർശിപ്പിക്കാത്ത മനുഷ്യർ മനുഷ്യരല്ല

മാതാപിതാക്കന്മാർ വാദ്ധക്യലെത്തിക്കഴിയുമ്പോൾ അവർക്കു് പരിഷ്കാരമില്ല, വിദ്യാഭ്യാസം കുറഞ്ഞുപോയി, സൗന്ദര്യമില്ല, സംസ്കാരമില്ല, അവർക്കു് ഫാഷനൊത്ത വസ്ത്രമില്ല എന്നിങ്ങനെയുള്ള കാരണങ്ങളാൽ തങ്ങളുടെ മാതാപിതാക്കന്മാരാണെന്നു് അംഗീകരിക്കുവാൻ വൈമുഖ്യം പ്രദർശിപ്പിക്കുന്ന മക്കൾ എത്ര നികൃഷ്ടരായിരിക്കണം.

നമുക്കു് എന്തെല്ലാം കഴിവുകളും യോഗ്യതകളും

ഉണ്ടോ അതിനെല്ലാം ദൈവം കഴിഞ്ഞാൽ നാം കടപ്പെട്ടിരിക്കുന്നതു് മാതാപിതാക്കന്മാരോടാണു്.

ക്രിസ്തുനാഥൻ മാതാപിതാക്കന്മാരെ അനുസരിച്ചതും ജ്ഞാനത്തിലും കൃപയിലും വളർന്നു വന്നതും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. അവിടുന്നു് അതിലൂടെ പ്രഖ്യാപിച്ചതു് നാലാം പ്രമാണം സമുദായത്തിന്റെ അടിത്തറയാണെന്നും എല്ലാ അധികാരങ്ങളും ദൈവദത്തമാണെന്നുമാകുന്നു. വി. പൗലോസ് ശ്ലീഹായും ഉൽബോധിപ്പിക്കുന്നു. ''മക്കളെ നിങ്ങൾ മിശിഹായിലെന്നപോലെ മാതാപിതാക്കന്മാരെഅനുസരിക്കുവാൻ.''(എഫേ. VI-1)

മാതാപിതാക്കന്മാരെ അനുസരിക്കുന്നതു് നമ്മുടെ സ്വാതന്ത്ര്യഭഞ്ജകമല്ല. നാം നമ്മുടെ മേലധികാരികളെ അനുസരിക്കുന്നതു് വഴിയാണ് ദൈവം നമുക്കു നിശ്ചയിച്ചിരിക്കുന്ന കൃത്യസ്ഥാനത്തു് ഓരോ നിമിഷവുമെത്തിച്ചേരുന്നതു് എന്നത്രെ വി. തോമസ് അക്വീനാസിന്റെ അഭിമതം. അനുസരണം സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയല്ല അതിനെ പൂർണ്ണമാക്കുന്നു. സ്വാതന്ത്ര്യം നമ്മുടെ പരമാന്ത്യപ്രാപ്തിയുമായി ബന്ധപ്പെട്ട ഒരു ആന്തരീകമായ കഴിവാണ്. മനുഷ്യർ ദൈവപുത്രർ എന്നുള്ള നിലയിൽ ആ സ്വാതന്ത്ര്യം ശരിയായി വിനിയോഗിച്ചു് പരമാന്ത്യം പ്രാപിക്കണം. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ് (രാജാക്കന്മാർ ഒന്നാം പുസ്തകം) എന്നു് സാമുവേൽ ദീർഘദർശി വഴി ദൈവം അരുളിച്ചെയ്തു. മാതാപിതാക്കന്മാരെ അനുസരിക്കാത്ത മക്കൾക്കു വന്ന ദുരന്തത്തിനുദാഹരണമാണു് ഹേലിയുടെ പുത്രന്മാർ. അവർ ഫിലിസ്ത്യരോടുള്ള യുദ്ധത്തിൽ മൃതിയടഞ്ഞു.

മാതാപിതാക്കന്മാരെ ബഹുമാനിക്കുകയുംചെയ്യണം. കർദ്ദിനാൾ ലെജർ, ഫ്രഞ്ചു ജനതയുടെ പാരമ്പര്യമനുസരിച്ചു് നവവത്സരദിനത്തിൽ അദ്ദേഹത്തിന്റെ മാതാവിന്റെ അനുഗ്രഹം വാങ്ങിച്ചിരുന്നു. മുത്തുക്കുടിമെത്രാൻ

റോച്ചു്, അദ്ദേഹത്തെ മെത്രാനായി ഉയർത്തിയ അവസരത്തിൽ അദ്ദേഹത്തിൻെറ അമ്മയുടെ അനുഗ്രഹത്തിനായി മുട്ടുകുത്തി. സർ തോമസ്സ് മൂർ അദ്ദേഹത്തിൻെറ പിതാവിൻെറ അനുഗ്രഹം വാങ്ങിച്ചുകൊണ്ടാണു് ഇംഗ്ലണ്ടിലെ ചാൻസലർ പദം സമലങ്കരിച്ചതു്.

കുറെ വർഷങ്ങൾക്കുമുമ്പ് ഞാൻ താമസിച്ചിരുന്ന സ്ഥലത്തു് ഒരു സംഭവം നടന്നതായി അറിയാം. ഒരു ചെറിയ കച്ചവടക്കാരനാണു് സംഭവത്തിലെ കഥാനായകൻ. അയാൾ എന്നും മദ്യസേവ കഴിഞ്ഞു് വീട്ടിൽ തിരിച്ചെത്തുമ്പോൾ പ്രിയങ്കരമായ വിഭവങ്ങളില്ലെങ്കിൽ ഭാര്യയോടു് അസഭ്യവാക്കുകൾ പറയുകയും ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്യും. 1974–ൽ ഒരു ദിവസം അയാൾ രാത്രി വളരെ വൈകി വീട്ടിലെത്തി. മദ്യപാനവും കഴിഞ്ഞു്, അന്നു് ഇഷ്ടമുള്ള ഭക്ഷണമില്ലാതിരുന്നതിനാൽ ഭാര്യയെ ദേഹോപദ്രവമേൽപ്പിക്കുന്നതിനായി ചെന്നു. അമ്മ വന്നു തടസം പറഞ്ഞു. അപ്പോൾ അമ്മയേയും പിന്നീടു് അപ്പനേയും ദേഹോപദ്രവം ഏല്പിക്കുകയും അവരോടു് അസഭ്യവാക്കുകൾ പറയുകയും ചെയ്തു. അന്നു് രാത്രിയിൽ അയാൾ ഉറങ്ങുവാൻപോകുന്നതിനു് മുമ്പു് മാതാപിതാക്കൻമാരോടു് ഇപ്രകാരം പറഞ്ഞിട്ടാണു് കിടന്നതു്. ഞാൻനാളെ നിങ്ങളെ പെട്രോളൊഴിച്ചു് കത്തിക്കും.''

അടുത്ത ദിവസം ഇയാൾ പതിവുപോലെ കടയിൽ പോയി കച്ചവടമാരംഭിച്ചു. ആ സ്ഥലത്തു് വൈദ്യുതി ഉണ്ടെങ്കിലും ഇയാളുടെ കടയിൽ ഒരു പെട്രോൾ മാക്സാണു് ഉപയോഗിച്ചിരുന്നതു്. വൈകുന്നേരം അയാൾ പെട്രോൾ മാക്സ് കത്തിച്ചുവച്ചു് കച്ചവടം തുടർന്നു. കുറെകഴിഞ്ഞു് അയാൾ ഏതോ സാധനം അവിടെ ചെന്നു് കുനിഞ്ഞു് എടുത്തു. നിവർന്ന അവസരത്തിൽ അയാളുടെ തല ചെന്നു് പെട്രോൾ മാക്സിൽ അടിച്ചു. അതു് തകർന്നു് അയാളുടെ തലയിൽ വീണു. തലമുടി മുഴുവൻ കത്തി, അയാൾ ബോധരഹിതനായി നിലം

പതിച്ചു. ഉടനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. ഇതു് അയാളുടെ അയൽവാസിയായ ഒരു വൈദികനിൽ നിന്നുമാണു് ഞാൻ അറിഞ്ഞതു്.

മാതാപിതാക്കന്മാരോടു് നാം ചെയ്യുന്നതു് ദൈവത്തോടു്തന്നെ ചെയ്യുന്നതായി പരിഗണിക്കും. അവരെ അനുസരിക്കുകയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവരെ ദൈവം ഈ ലോകത്തിൽ തന്നെ അനുഗ്രഹിക്കും. അവർക്കു ദീർഘായുസ്സുമുണ്ടാകും. എന്നാൽ മാതാപിതാക്കന്മാരെ വേദനിപ്പിക്കുന്ന മക്കൾ ചിലപ്പോഴെല്ലാം അകാലചരമമടയുന്നതും കാണാം.

വാർദ്ധക്യകാലത്തു് മാതാപിതാക്കന്മാരെ സംരക്ഷിക്കുന്നതിനും മക്കൾക്കു ചുമതലയുണ്ടു്. അവരെ കണ്ണുനീർകുടിപ്പിച്ചിട്ടു് സുഖിക്കുന്ന കുടുംബത്തിന്റെ ശാപവും ആരംഭിച്ചു, എന്നുള്ളതു് വിസ്മരിക്കരുതു്. മക്കൾ സംരക്ഷിക്കാത്തതുകൊണ്ടു് അനാഥാലയങ്ങളിൽ അഭയംപ്രാപിച്ചിട്ടുള്ള ചില മാതാപിതാക്കന്മാരെ നേരിൽ കണ്ടിട്ടുണ്ടു്. കുറെ മാസങ്ങൾക്കു് മുമ്പു് മാങ്ങാനം അഗതിമന്ദിരത്തിൽ ഒരു ദിവ്യബലി അർപ്പിക്കുന്നതിനിടയായി. അപ്പോൾ അവിടെ ഒരു വൃദ്ധനെപ്പററി മററുള്ളവർ എന്നോടു് പറഞ്ഞതിപ്രകാരമാണു്. “അയാളുടെ മകൻ അപ്പനെ കൊണ്ടുവന്നു് കാറിൽ ഇറക്കിയിട്ടുപോയിട്ടു് മാസങ്ങൾ പലതായി. പിന്നീടു് തിരിഞ്ഞുനോക്കിയിട്ടില്ല.” ഇപ്രകാരം മാതാപിതാക്കന്മാരോടു് പെരുമാറുന്നവർക്കും ഇതേ അനുഭവമായിരിക്കും ഭാവിയിൽ ഉണ്ടാവുക. ചിലപ്പോൾ പലിശ സഹിതം കടം വീട്ടേണ്ടതായി വരും. ഒരു ധനികനായ പിതാവു് ധാരാളം സമ്പാദിച്ചു. വാർദ്ധക്യത്തിൽ എത്തിയപ്പോൾ സ്വപുത്രൻ അയാളെ ഒരു വേലക്കാരനെന്നപോലെ പരിഗണിച്ചു് പൊട്ടച്ചട്ടിയിൽ കഞ്ഞി കൊടുത്തുകൊണ്ടിരുന്നു.

കുറെക്കാലം കഴിഞ്ഞു് അപ്പൻ മരിച്ചു. മരിച്ചു കഴിഞ്ഞപ്പോൾ മകൻെറ പ്രതാപം മനസ്സിലാക്കത്തക്ക വലിയ ശവസംസ്കാരകർമ്മങ്ങളൊക്കെ നടത്തി. വൈകുന്നേരം വൃദ്ധൻെറ പൗത്രൻ പിതാമഹൻ കഞ്ഞികുടിച്ചപൊട്ടച്ചട്ടി എടുത്തു സൂക്ഷിച്ചു. മകൻ പറഞ്ഞു, വല്യപ്പനൊക്കെ മരിച്ചതുകൊണ്ടു് പൊട്ടച്ചട്ടി നശിപ്പിച്ചുകളയാൻ. അയാളുടെ പുത്രൻ ഉടനെ പറയുകയാണ്. അപ്പച്ചനു വയസ്സാകുമ്പോൾ കഞ്ഞിതരാൻ ഞാൻ ഈ പൊട്ടച്ചട്ടി ഇപ്പോൾത്തന്നെ സൂക്ഷിക്കുകയാണെന്നു്. നമ്മുടെ മാതാപിതാക്കന്മാരോടു് നാം പെരുമാറുന്നതു കണ്ടാണു് ഭാവി തലമുറ വളർന്നുവരുന്നതു് എന്ന കാര്യം മനസ്സിലാക്കുക, അപ്രകാരമുള്ള പെരുമാററം ദൈവശാപത്തിനു് നമ്മെ അർഹരാക്കും.

തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം, ത്യാഗമില്ലാത്ത മതജീവിതം, അദ്ധ്വാനിക്കാതെ സമ്പത്തു് സമ്പാദിക്കുക, ബുദ്ധിമുട്ടു കൂടാതെ വിജ്ഞാനം സമ്പാദിക്കുക, മന:സാക്ഷികൂടാതെ സന്തോഷിക്കുക: ഈശ്വരവിശ്വാസമില്ലാത്ത ശാസ്ത്രീയ വീക്ഷണവും ഇന്നു് കത്തോലിക്കരുടെ ഇടയിൽപോലും ശക്തിപ്രാപിച്ചുവരുന്നു.

ഒരു മനുഷ്യൻെറ മഹത്വം അവൻ എത്രമാത്രം സമ്പാദിച്ചു എന്നതിലല്ല, പ്രത്യുത എന്തുമാത്രം മററുള്ളവർക്കുംകൊടുത്തു എന്നതിലെത്രെ. അവൻഎത്ര നന്നായി പ്രസംഗിച്ചു എന്നതല്ല മറിച്ചു് എങ്ങനെ ജീവിച്ചു എന്നതാണു്പ്രാധാന്യം. അവൻെറ സാമൂഹ്യരംഗത്തെ സ്ഥാനമാഹാത്മ്യത്തേക്കാൾ സ്നേഹിക്കാൻ ഒരു ഹൃദയമുണ്ടോ എന്നതാണ് മഹത്തരമായിട്ടുള്ളതു്. ദൈവം ഒരു വ്യക്തിയോടു് അഭിനയിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളറോൾ എത്ര ഭംഗിയായി തന്മയത്വപൂർവ്വം നിർവഹിച്ചു എന്നതത്രെ പരിഗണിക്കുക.

## 8

## ആധുനിക യുഗത്തിൽ ക്രൈസ്തവ കുടുംബങ്ങളുടെ ദൗത്യം

ക്രിസ്തുവിന്റെ രക്ഷണീയ കർമ്മത്തിൽ കുടുംബങ്ങൾക്കു സുപ്രധാനമായ ഒരു പങ്കുണ്ട്. ദമ്പതികൾ വിവാഹിതരായിത്തീരുന്നതു് വിശുദ്ധരാകുന്നതിനാണ് വത്തിക്കാൻ സൂനഹദോസിനുമുമ്പുള്ള ചിന്താഗതി പൈദികരും സന്യാസിനിസന്യാസികളും മാത്രമാണു് വിശുദ്ധിക്കായി ക്ഷണിക്കപ്പെട്ടിരിക്കുന്നതു്, മററുള്ളവർ കഷ്ടിച്ച് രക്ഷപ്രാപിച്ചാൽ മതി എന്നുള്ളതായിരുന്നു. എന്നാൽ വത്തിക്കാൻ സൂനഹദോസ് തിരുസ്സഭയിൽ എല്ലാവരും വിശുദ്ധിക്കായിട്ട് ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്നു് പ്രഖ്യാപിച്ചു(വത്തിക്കാൻ സൂനഹദോസ്, തിരുസ്സഭ ഡിക്രി)പ്പോൾ അൽമേയർക്കും വിശുദ്ധി പ്രാപിക്കുവാനുള്ള ചുമതലയുണ്ട്.

അൽമേയരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതാവസ്ഥയുടെ പ്രത്യേക ചുമതലകൾ നിർവഹിച്ചുകൊണ്ടാണു് അവർ വിശുദ്ധി പ്രാപിക്കേണ്ടതു്. വൈവാഹിക വിശ്വസ്തത, അഥവാ ചാരിത്ര്യശുദ്ധി പാലിക്കണം. ഭാര്യയുടെ ശരീരത്തിന്മേൽ അവളുടെ ഭർത്താവിനല്ലാതെഅവൾക്കു് അധികാരമില്ല. അങ്ങനെ തന്നെ ഭർത്താവിന്റെ ശരീരത്തിന്മേൽ ഭാര്യക്കല്ലാതെ അവനും അധികാരമില്ല. (വി. പൗലോ. 1 കോ VII 4)

വിവാഹിതരായിട്ടുള്ളവർക്കും ശുദ്ധത പാലിക്കുവാൻ

കടമയുണ്ട്. വൈവാഹികവിശുദ്ധി (Marital Chastity) അവർ വിവാഹജീവിതാന്തസ്സുകാർക്ക് അനുവദിച്ചിട്ടുള്ള സുഖഭോഗങ്ങളെ അനുഭവിക്കാവൂ.

## കുടുംബക്ഷേമം

പുതിയ ലേബലൊട്ടിച്ച് ചില പഴയ തിന്മകൾ രംഗപ്രവേശം ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ഒന്നാണ് ഇന്നത്തെ കുടുംബക്ഷേമം. ജോൺ വാഷ് (JohnWalsh) എന്ന സാഹിത്യകാരൻെറ അങ്കി (Shroud) യിൽ ഭാവനാ കൽപ്പിതമായി ക്രിസ്തുവിൻെറ അങ്കിയെപ്പററി പ്രതിപാദിക്കുന്നു. ക്രിസ്തുവിൻെറ അങ്കി തയ്യലില്ലാതിരുന്നതിനാൽ അത് ചിട്ടിയിട്ട എന്ന് യോഹന്നാൻെറ സുവിശേഷത്തിൽനാംവായിക്കുന്നു. (വി. യോ. XIX20–24) പടയാളികൾ അത് ജറുസലേത്ത് ലേലത്തിൽവില്ക്കാൻ തീരുമാനിച്ചു. ക്രിസ്തുവിൻെറ അങ്കി ലേലത്തിൽവില്ക്കുന്നു എന്നറിഞ്ഞപ്പോൾ ലൂസിഫറിന് ഒരാഗ്രഹം അതൊന്നു ധരിച്ചാൽകൊള്ളാമെന്ന്. ലൂസിഫർ അയാളുടെ കിങ്കരന്മാരെ ധാരാളം പണവുംകൊടുത്ത് ക്രിസ്തുവിൻെറ അങ്കി ലേലത്തിൽ പിടിക്കുന്നതിനായി അയച്ചു. അവർ അത് ലേലത്തിൽ പിടിച്ചുകൊണ്ടുപോയി.

ചില അവസരങ്ങളിൽ ലൂസിഫർ ആ അങ്കിയും ധരിച്ചുകൊണ്ട് ലോകത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്, ക്രൈസ്തവരെവഴിപിഴപ്പിക്കുവാൻ. (John Walsh, Shroud) വത്തിക്കാൻ സൂനഹദോസിന് ശേഷം ചിലരെല്ലാം ക്രിസ്തുവിൻെറ പ്രബോധനങ്ങൾക്കെതിരായി പ്രസംഗിക്കുകയും എഴുതുകയുമൊക്കെ ചെയ്യുന്നുണ്ട്. അതിലൂടെ ക്രൈസ്തവരിൽ പലരും ഇന്ന് ചിന്താക്കുഴപ്പത്തിലുമായിരിക്കുകയാണ്. നിങ്ങൾ വ്യാജ പ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ എന്നുള്ള ക്രിസ്തുനാഥൻെറ വാക്കുകൾ നാം അനുസ്മരിക്കണം. കുടുംബസംവിധാനത്തെ സംബന്ധിച്ച സഭയുടെ പ്രബോധനം വളരെ വ്യക്തമാക്കിയിട്ടും ഇന്നും അതിനു കടകവിരുദ്ധമായി

പഠിപ്പിക്കുന്നവരുണ്ടാകാം. അതു് സഭാംഗങ്ങളോടു് ചെയ്യുന്ന ദ്രോഹമത്രെ. ക്രിസ്തുവിൻെറയും, തിരുസ്സഭയുടെയും, വത്തിക്കാൻ സൂനഹദോസിൻെറയും പ്രബോധനങ്ങളുടെ പശ്ചാത്തലത്തിൽ കൃത്രിമമായിട്ടുള്ള ജനന നിയന്ത്രണ രീതികൾ കുടുംബജീവിതത്തിൻെറ പരിപാവനതയ്ക്കു കളങ്കം ചാർത്തുന്നതാണെന്നു് പറയാതിരിക്കുവാൻ നിർവാഹമില്ല.

സന്താനനിയന്ത്രണം ഒരു പരിധിവരെ അപരിത്യാജ്യമാണു്. പക്ഷേ ലക്ഷ്യം പ്രാപിക്കുന്നതിനുള്ള മാർഗ്ഗവും നല്ലതായിരിക്കണമെന്നേ സഭ അനുശാസിക്കുന്നുള്ളു. പാവനസ്മരണാർഹനായ ആറാം പൗലോസു് മാർപ്പാപ്പാ മനുഷ്യജീവൻ (Humanae vitae) എന്ന വിശ്വലേഖനത്തിലും രണ്ടാം വത്തിക്കാൻ സൂനഹദോസു് തിരുസ്സഭ ആധുനിക യുഗത്തിൽ എന്ന ഡിക്രിയിലും ഉത്തരവാദിത്വപൂർണ്ണമായ മാതൃപിതൃത്വങ്ങളെക്കുറിച്ചു് പരാമർശിക്കുന്നു. അതായതു് മാതാപിതാക്കന്മാർ തങ്ങൾക്കു് സംരക്ഷിക്കാവുന്നത്ര സന്താനങ്ങളേയെ ഉല്പാദിപ്പിക്കാവൂ. കൃത്രിമമായ മാർഗ്ഗങ്ങളും, വന്ധ്യംകരണ ശസ്ത്രക്രിയയും അധാർമ്മികമാണു്. (Rev. Fr Bernard Harring· Law of Chirst vol: III· Ch. IV·) അതു് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ളപരസ്പരവിശ്വാസം നശിപ്പിക്കുന്നു. വൈവാഹിക ജീവിത വിശുദ്ധിക്കുപ്രതിബന്ധമാണു്. സന്താനങ്ങളുടെ സുശിക്ഷണം പരാജയപ്പെടുത്തും, സ്ത്രീയുടെ വ്യക്തിത്വത്തോടുള്ള കയ്യേററവുമാണു്. (Pope Paul VI· Ency· Humanae Vitae·) എന്നാൽ പ്രകൃത്യനുസരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതു് ശ്ലാഘനീയമത്രെ. ചിലരൊക്കെ മനഃസാക്ഷിയനുസരിച്ചു് ജീവിച്ചാൽ മതി എന്നുള്ള വാദം ഉന്നയിക്കുന്നു. നല്ല ഒരു മനഃസക്ഷി രൂപീകരിച്ചതിനുശേഷം നിഷിദ്ധമല്ലെന്നു പരിപൂർണ്ണ ബോദ്ധ്യമുള്ള മാർഗ്ഗം സ്വീകരിക്കാവുന്നതാണു്. ദൈവവും മനുഷ്യനും തമ്മിൽ കണ്ടുമുട്ടുന്ന മണ്ഡലമാണു് മനഃസാക്ഷി എന്നുള്ള കാര്യം വിസ്മരിക്കരുതു്.

എല്ലാവരും അവരുടെ ജീവിതാന്തസിനനുസരണമായ ശുദ്ധത സംരക്ഷിച്ചേ മതിയാവൂ. ശുദ്ധത മനുഷ്യവ്യക്തിവികാസത്തിനു് പ്രതിബന്ധമാണ്, ആരോഗ്യത്തിനു് ഹാനികമാണു് സ്വഭാവത്തിനു് വിരുദ്ധമാണു് എന്നെല്ലാം ചിലർ വിതണ്ഡവാദം മുഴക്കുന്നുണ്ടു്. ശുദ്ധതയെ കേവലം നിഷേധാത്മകമായ വിധത്തിൽ വീക്ഷിക്കുന്നതാണ്കാരണം, അതിന്റെ ക്രിയാത്മകമായ വശം ദൈവസ്നേഹവും സഹോദരസ്നേഹവുമാകുന്നു. ജീവിതാന്തസിന്റെ ചുമതലകൾ നിവ്വഹിക്കുന്നതും ശുദ്ധത പാലിക്കുന്നതിനു് സഹായകമായിരിക്കും. കുടുംബജീവിതം നയിക്കുന്നവർ കുടുംബത്തിന്റെ എല്ലാവിധമായ ഉൽക്കർഷത്തിനായും പ്രവർത്തിക്കേണ്ടവരാണല്ലൊ. ശുദ്ധത മനുഷ്യാത്മാവിനെ ദൈവത്തിനു് ഏററം പ്രിയങ്കരമാക്കിത്തീർക്കുന്ന ഒരു സുകൃതമാണ്.

ഭ്രൂണഹത്യ കൊലപാതകമാണെന്നുള്ള കാര്യം വ്യക്തമായി മനസ്സിലാക്കണം. അതു് ദൈവത്തിന്റെ പക്കലേക്കു് പ്രതികാരത്തിനായി നിലവിളിക്കുന്ന പാപമായിരിക്കും. സ്വരക്ഷയ്ക്കു കഴിവില്ലാത്തവരുടെ മനഃപൂർവ്വകമായ കൊലപാതകം മാതൃഉദരം തന്നെ കൊലക്കളം. ഇരുപതാം നൂററാണ്ടിലെ ഏററവും വലിയ പ്രേഷിതപ്രവർത്തനം കുടുംബങ്ങളെ ക്രൈസ്തവമാക്കുക എന്നുള്ളതാണ്. വത്തിക്കാൻ സൂനഹദോസിന്റെ പതിനാറു് ഡിക്രികളും കുടുംബത്തിൽ കേന്ദ്രീകൃതമായ ക്രൈസ്തവ നവീകരണത്തിനുള്ള ആഹ്വാനമാണ് നൽകിയിരിക്കുന്നതു്. പാവന് ചരിതനായ ആറാം പൗലോസ് മാർപ്പാപ്പാ "മനുഷ്യജീവൻ'' എന്ന വിശ്വലേഖനത്തിലും അതു് ഉൽബോധിപ്പിച്ചിരിക്കുന്നു. 1980—ൽ നടന്ന സിനഡിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ടു് ജോൺപോൾരണ്ടാമൻ മാർപ്പാപ്പാപ്രസംഗിച്ചതു് സനാതനമൂല്യങ്ങൾ സംരക്ഷിക്കുകയാണ് കുടുംബങ്ങളുടെ ദൗത്യം. കുടുംബംസമുദായത്തിന്റെ അസ്ഥിവാരമാണു്. ഓരോ കുടുംബവും ക്രൈസ്തവമാകുമ്പോൾ ഓരോ ഇടവകയും ക്രൈസ്തവമാകും. ഓരോ ഇടവകയും ക്രൈസ്തവ

മാകുമ്പോഴാ ഓരോ രൂപതയും ക്രൈസ്തവമായി. അങ്ങനെ ലോകത്തെ മുഴുവനും ക്രൈസ്തവമായി നവീകരിക്കുവാൻ സാധിക്കുന്നതാണ്.

ജ്ഞാനസ്നാനം സ്വീകരിച്ചവർ, അഥവാ കത്തോലിക്കാ മാതാപിതാക്കളിൽനിന്നും ജനിച്ചവർ ജീവിച്ചതു കൊണ്ടുമാത്രം കുടുംബം ക്രൈസ്തവമാകുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ, സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിലെല്ലാം ക്രിസ്തുവിന്റെ ആദർശങ്ങളിൽ അടിയുറച്ച് വിശ്വസിക്കുകയും അതിനനുസൃതമായി ജീവിക്കുകയും ചെയ്യുന്നവരുടെ കുടുംബമാണ് ക്രൈസ്തവകുടുംബം.

കുടുംബങ്ങളുടെ പരിപാവനവും അലംഘ്യവുമായ അവകാശങ്ങഠംക്ക് ഇന്ന് സർവ്വാധിപത്യരാഷ്ട്രങ്ങഠം തുരങ്കംവയ്ക്കുന്നു. വിദ്യാഭ്യാസംദേശസാൽക്കരിക്കുക അപ്രകാരം രാഷ്ട്രത്തിന്റെ ചൊല്പടിക്കു നില്ക്കുന്ന കുറെ രാഷ്ട്രീയക്കാരെ വാർത്തെടുക്കുക മാത്രമാണ് ഗവൺമന്റുകഠം ചെയ്യുന്നതു്.

മാർക്സിയൻ സിദ്ധാന്തം സ്വീകരിച്ചിട്ടുള്ളവരും അസ്തിത്വവാദികളും മാതാപിതാക്കന്മാരെയും ന്യായയുക്തരായ അധികാരികളെയും അനുസരിക്കേണ്ടാ എന്ന് പഠിപ്പിക്കുന്നു. മാതാപിതാക്കന്മാർ മക്കളെ ചൂഷണം ചെയ്യുന്നവരാണെന്നുവരെയാണ് പഠിപ്പിക്കുന്നതു്. മതം മനുഷ്യനെ മയക്കുന്ന കറപ്പാണ്. അല്ലെങ്കിൽ മതമേതായാലും തരക്കേടില്ല മനുഷ്യൻ നന്നായാൽ മതി എന്നിങ്ങനെയുള്ള അബദ്ധ ജടിലവും വികലവുമായ ആശയങ്ങളെല്ലാം കുടുംബങ്ങളുടെ ശിഥിലീകരണത്തിന് ആക്കം കൂട്ടുന്നു.

ക്രിസ്തുവിൽ വിശ്വസിക്കുന്നു സഭ വേണ്ടാ, കൂദാശകഠം വേണ്ടാ, പ്രാത്ഥന വേണ്ടാ, വിശുദ്ധ ഗ്രന്ഥപാരായണംമതി എന്നൊക്കെ പ്രസംഗിക്കുകയും എഴുതുകയും

ചെയ്യുന്നവരുമുണ്ട്. ഇതെല്ലാം കുടുംബങ്ങളുടെ ക്രൈസ്തവാന്തരീക്ഷത്തെ അപകടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കമ്യൂണിസ്റ്റ് പാർട്ടിയെ കേവലം രാഷ്ട്രീയ പ്രസ്ഥാനമായി മാത്രം വീക്ഷിച്ചുകൊണ്ട് അതിൽ സജീവമായി പ്രവർത്തിക്കുന്ന കത്തോലിക്കരുമുണ്ട്. അവരെയെല്ലാം ഉത്തമമായ കത്തോലിക്കാ ജീവിതത്തിലേയ്ക്കു നയിക്കുവാൻ ഓരോ കുടുംബത്തിലെയും അംഗങ്ങൾ പരിശ്രമിക്കേണ്ടതാണ്. സാമൂഹ്യമായും അതിനുള്ള നീക്കങ്ങൾ നടത്തണം.

# 9

## അല്മായ പ്രേഷിതത്വം

ആരംഭിച്ചിട്ട് ഒരു നൂററാണ്ടുമാത്രമായിട്ടുള്ള കമ്യൂണിസ്റ്റ് സിദ്ധാന്തം ഇന്നു ലോകം മുഴുവൻ വ്യാപിച്ചു. കമ്യൂണിസം ലോകത്തിൻെറ പകുതിയും കീഴടക്കി. ബാക്കി പകുതി കീഴടക്കുവാനായി അവർ അക്ഷീണയത്നം ചെയ്യുന്നു കാരണം ഇന്നു ലോകത്തിലുള്ള ഓരോ കമ്യൂണിസ്റ്റുകാരനും നാളത്തെ ലോകത്തെ കാണുന്നതു് അവരുടെ കമ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൻെറ വെളിച്ചത്തിലാണ്. കേരളത്തിലെ ഒരു ചോട്ടാ കമ്യൂണിസ്റ്റുകാരൻമുതൽ റഷ്യൻ പ്രധാനമന്ത്രിയും ചൈനീസ് ചെയർമാനുംവരെയുള്ള ഓരോ കമ്യൂണിസ്റ്റുകാരനും നാളത്തെ ലോകത്തെ കാണുന്നതു് അവരുടെ കമ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൻെറ പശ്ചാത്തലത്തിലാണ്. ഇന്നത്തെ

ലോകത്തിലുള്ള സകല പ്രശ്നങ്ങളെയും അതിനനുയോജ്യമായ വിധത്തിൽ അവർ കൈകാര്യം ചെയ്യുന്നു. എന്നാൽ കത്തോലിക്കരായ നാം ദൈവത്തിൻെറ പിതൃത്വത്തിലും ക്രിസ്തുവിലുള്ള വിശ്വസാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു മാനവരാശിയെ വിഭാവനം ചെയ്യുന്നുണ്ടോ? ആഗ്രഹിക്കുന്നുണ്ടോ? അതിനായി പ്രവർത്തിക്കുന്നുണ്ടോ?

കത്തോലിക്കർ അത് സന്യാസിനീസന്യാസികളുടെയും വൈദികരുടെയും ചുമതലയായി അവഗണിച്ചിരിക്കുകയാണ്. ഓരോ കത്തോലിക്കനും അതിന് ഒരു വലിയ ഉത്തരവാദിത്വമുണ്ടെന്നുള്ള കാര്യം വിസ്മരിക്കരുത്. ദൈവം മരിച്ചു എന്ന് ആക്രോശിച്ച നീഷേ എന്ന ജർമ്മൻ താത്വികൻ കത്തോലിക്കരോടായി ഇപ്രകാരം പറയുന്നു ''ക്രിസ്ത്യാനികളെ നിങ്ങൾ ലോകപരിത്രാതാവായ ക്രിസ്തുവിനാൽ പരിത്രാണം ചെയ്യപ്പെട്ടവരാണെന്നു ഞങ്ങൾ അറിഞ്ഞ് നിങ്ങളുടെ പരിത്രാവിൽ വിശ്വസിക്കണമെങ്കിൽ നിങ്ങൾ ഞങ്ങളുടെ അടുത്ത് ഒരു നല്ല പാട്ടുപാടണം. നിങ്ങളുടെ സ്വരമാധുരിയുള്ള പാട്ടല്ല പ്രത്യുത നിങ്ങളുടെ ജീവിത മാതൃകയാകുന്ന പാട്ടാണ് ഞങ്ങൾക്ക് കേൾക്കേണ്ടത്.'' ക്രിസ്തുമതം സത്യമതമാണെങ്കിൽ നാം അവിടെ അരൂപിയുടേതായ ഒരു പരാജയം കാണുന്നു, ഓരോ ക്രിസ്ത്യാനിയും ഓരോ പ്രേഷിതനായിത്തീരുന്നില്ലെങ്കിൽ? ഓരോ കത്തോലിക്കനും ഓരോ പ്രേഷിതനായിത്തീരേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ലോകത്തെ പവിത്രീകരിക്കുക അല്മേയരുടെ കർത്തവ്യമാണെന്ന് വത്തിക്കാൻ സൂനഹദോസ് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. അല്മേയർ അവരുടെ സ്ഥാനമാഹാത്മ്യത്തെയും കടമകളെയുംപററി അവബോധമുള്ളവരാകണം. മററ് മനുഷ്യരെ ക്രിസ്തുനാഥൻ ആരെ ഭരമേല്പിച്ചിരിക്കുന്നുവോ അവനാണ് ഒരു ക്രിസ്ത്യാനി എന്നത്രെ ലക്കോ ഡയർ എന്ന പണ്ഡിതൻ ഒരു ക്രിസ്ത്യാനിയെ നിർവ്വചിക്കുന്നത്. അതിനാൽ നമുക്ക് മററുള്ളവരുടെ ലൗകികവും ആദ്ധ്യാത്മികവുമായ

നന്മയിൽ ഉത്തരവാദിത്വമുണ്ട്. "നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളോടും എൻെറ സുവിശേഷം പ്രസംഗിച്ച് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവരെ മാമ്മോദീസാ മുക്കി ഞാൻ കൽപ്പിച്ചിട്ടുള്ളവയെല്ലാം ആചരിക്കുവാൻ പഠിപ്പിക്കുക" (വി. മത്തായി XXVIII. 18) എന്നുള്ള ക്രിസ്തുവിൻെറ കൽപ്പന വൈദികരെ മാത്രമല്ല എല്ലാ ക്രൈസ്തവരേയും ബാധിക്കുന്നതാണ്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഭാരതത്തിൽ സുവിശേഷദീപം പ്രകാശിപ്പിച്ച നമ്മുടെ പിതാവ് മാർത്തോമ്മാശ്ലീഹാ ഇന്ന് കേരളം സന്ദർശിക്കുകയാണെങ്കിൽ അദ്ദേഹത്തിനുണ്ടാകുന്ന ചേതോവികാരമെന്തായിരിക്കാം. കേരളത്തിലെ ക്രൈസ്തവ സഭതന്നെ ഇന്ന് ഛിന്നഭിന്നമായി പരസ്പരം കലഹിക്കുന്നു. അദ്ദേഹത്തിൻെറ പരിപാവനമായ പാദസ്പർശത്താൽ പരിപൂർണ്ണമാക്കപ്പെട്ട കേരളം ഇന്ന് നാസ്തികരുടെയും ഭൗതികവാദികളുടെയും, കമ്യൂണിസ്റ്റുകളുടെയും കേളീരംഗമായി മാറിയിരിക്കുകയാണല്ലോ. ഫ്രഞ്ചു വ്യാഘ്രം എന്ന പഞ്ചരാഭിധാനത്താൽ അറിയപ്പെടുന്ന ക്ലെമെൻസെ ഫ്രാൻസിലെ സഭയെ നിശേഷം നശിപ്പിക്കുവാൻ പരിശ്രമിച്ചിട്ട് പരാജിതനായി. അവസാനം അദ്ദേഹം ഡോംഷത്തോർ എന്ന ട്രാപ്പിസ്റ്റ് ആർബട്ടിനോട് ഇപ്രകാരം പ്രസ്താവിച്ചു: "ഞാൻ നിങ്ങളെ പീഡിപ്പിച്ചതു് എനിക്ക് നിങ്ങളുടെ സുവിശേഷത്തോട് എന്തെങ്കിലും വിരോധമുള്ളതുകൊണ്ടല്ല പ്രത്യുത, ഞാൻ ആത്മാർത്ഥമായി നിങ്ങളുടെ സുവിശേഷത്തെ സ്നേഹിച്ചതുകൊണ്ടാണ്. വി. ഫ്രാൻസീസ് അസീസിയുടെ സിരകളിൽകൂടി പ്രവഹിച്ചിരുന്ന സ്നേഹത്തിൻെറ ഒരുതുള്ളി രക്തമുള്ള ഒരു ഫ്രഞ്ചു കത്തോലിക്കനെ കാണിച്ചുതരിക. ഫ്രാൻസിൻെറ മുഴുവൻ പുനരുത്ഥാനത്തിന് ഞാൻ നിങ്ങൾക്കു ഉറപ്പുതരാം." കേരളകത്തോലിക്കർ ക്രിസ്തുവിൻെറ സ്നേഹത്താൽ ഉത്തേജിതരാകുന്നെങ്കിൽ നമുക്ക് കേരളത്തെ മാത്രമല്ല ഭാരതത്തെത്തന്നെ സമുദ്ധരിക്കുവാനുള്ള ചൈതന്യവിശേഷമുണ്ടാകും.

ക്ളെമെൻസെയെ സംസ്ക്കരിച്ച ശവകുടീരത്തിൽ ഇപ്രകാരം ഉല്ലേഖനം ചെയ്തിരിക്കുന്നതായി ഒരു ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. ക്ളെമെൻസെയെ, നീ ഉണരുക, ഇന്നത്തെ ലോകത്തിനു് നിന്നെക്കൊണ്ടാവശ്യമുണ്ടു്.

ഇതുതന്നെയാണ് ഇന്നത്തെ കേരളകത്തോലിക്കാരോടും നമ്മുടെ പിതാവ് മാർത്തോമ്മാ ശ്ളീഹാപ്രഖ്യാപിക്കുന്നതു്. "കേരളകത്തോലിക്കരെ, നിങ്ങൾ ഉണരുവിൻ ഇന്നത്തെ കേരളത്തിന് നിങ്ങളെക്കൊണ്ടാവശ്യമുണ്ടു്." കേരള കത്തോലിക്കൻ 1959-ലെ ഐതിഹാസികമായ വിമോചനത്തിനു ശേഷം സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുകയാണ്. ആ സുഖസുഷുപ്തിയിൽ നിന്നും നാം ഉണരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇനിയും നാം ഉണരുന്നില്ലെങ്കിൽ പിന്നെ നാം ഉണരുന്നതുകൊണ്ടു് പ്രയോജനമില്ലെന്നു വന്നേക്കാം. അല്ലെങ്കിൽ നമുക്ക് ഉണരാൻ സാധിക്കാതെ വരും.

വി.പത്താംപീയൂസ് മാർപ്പാപ്പാ ഒരിക്കൽ കർദ്ദിനാൾ സംഘത്തോട് ഇപ്രകാരം അരുളിച്ചെയ്തു ഓരോ ഇടവകയിലും പ്രേഷിതചൈതന്യമുള്ള പത്തു് അൽമായരെ എനിക്കു കാണിച്ചു തരിക. ലോകത്തെ മുഴുവൻ ക്രിസ്തുവിനു വേണ്ടി കീഴടക്കുവാൻ ഞാൻ ഉറപ്പു തരാം. അതിനാൽ അൽമേയർ തങ്ങളുടെ ജീവിതം ധന്യമാക്കിത്തീക്കുവാൻ സഭയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കണം.

ഏററവും പ്രധാനപ്പെട്ട പ്രേഷിത വൃത്തി മാതൃകയാണ്. ലോകത്തിലുള്ള എല്ലാ കത്തോലിക്കരും ഒരൊററദിവസം മാത്രം മാതൃകാപരമായ കത്തോലിക്കാവിതം നയിച്ചിരുന്നെങ്കിൽ ഒരൊററദിവസം കൊണ്ടു് തിരുസഭയുടെ പ്രേഷിതപ്രവത്തനം അമ്പതു ശതമാനം ജീവിജയിക്കുമായിരുന്നുഎന്നു് കർദ്ദിനാൾ ബൂൺ ഒരിക്കൽ പ്രസ്താവിച്ചു. ബാംഗ്ളൂരിലെ ഒരു ലക്ഷപ്രഭുവിൻെറ

പുത്രനായ ജോസഫ് മഹമ്മദിന്റെ മാനസാന്തരത്തിനുള്ളകാരണം അദ്ദേഹത്തിന്റെ സഹപാഠിയായ വിദ്യാർത്ഥി അദ്ധ്യാപകനെ അസഭ്യംപറഞ്ഞു് ക്ലാസ്സിൽ നിന്നു് ഇറങ്ങിപ്പോയി, എന്നാൽ പിറെറദിവസം അവൻവന്നു് ക്രിസ്തു പഠിപ്പിച്ചതു് ക്ഷമിക്കാനാണെന്നും പറഞ്ഞു് ക്ഷമായാചനം ചെയ്തത്രെ. അദ്ദേഹം തന്നെ വിവരിച്ചതാണ് ഈ സംഭവം. സഭയുടെപ്രേഷിത വിജയത്തിനായി എല്ലാ കത്തോലിക്കരും അനുദിനം പ്രാർത്ഥിക്കണം. സാമൂഹ്യ, കലാസാംസ്ക്കാരിക, വ്യാപാരവ്യവസായ, രാഷ്ട്രീയമണ്ഡലങ്ങളിലൊക്കെ ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുവാൻ ഓരോ കത്തോലിക്കനും സന്നദ്ധരാകേണ്ടതാണ്. പ്രസ്തുത മണ്ഡലങ്ങളിലെല്ലാം ക്രൈസ്തവമായ ആദർശങ്ങൾ നമ്മെ നയിക്കേണ്ടതാണ് ഒരിക്കൽ ഒരു കല കച്ചവടക്കാരൻ ചൈനയിൽ ക്രിസ്തുമതത്തിന്റെ ഒരു വലിയ പ്രേഷിതനായിത്തീർന്നു. അയാൾ കലവുമായി ഏതെങ്കിലും സ്ഥലത്തു് എത്തുമ്പോൾ ഒരു മണി അടിക്കും. അവിടെ ധാരാളം ആളുകൾ വന്നുചേരുന്ന അവസരത്തിൽ അയാൾ അവരോട് ക്രിസ്തുവിനെപ്പററിയും ക്രിസ്തുമതതത്വങ്ങളും വളരെനയത്തിൽ പ്രതിപാദിച്ചിരുന്നു. അപ്രകാരം അയാൾ അനേകരെ മാനസാന്തരപ്പെടുത്തി. ഒരു ക്രിസ്ത്യാനിക്കു് ഈ ലോകത്തിൽ ഒരേ ഒരു വിജയമേയുള്ളു. ഒരു പൂർണ്ണക്രിസ്ത്യാനി, ക്രിസ്തുവിലും ക്രിസ്തുവിനോടു കൂടിയും ക്രിസ്തുവിനുവേണ്ടിയും, ഒരു മനുഷ്യൻ പൂർണ്ണമനുഷ്യനാകുന്നതു് ഒരു പൂർണ്ണക്രിസ്ത്യാനിയാകുമ്പോഴാണ്. (Michael Quist. Christ is alive,p.78)

വിൻസെൻറ് ഡി.പോൾ, ലീജിയൻ ഓഫ് മേരി മൂന്നാംസഭ, ചെറുപുഷ്പ മിഷ്യൻലീഗ്, കത്തോലിക്കാകോൺഗ്രസ് മുതലായ അത്മായപ്രേഷിതസംഘടനകളിൽ അംഗത്വം സ്വീകരിച്ചു കൊണ്ടു് അവയിലെല്ലാം സജീവമായി പ്രവത്തിക്കണം. കാലത്തിന്റെ ചുവരിലെഴുത്തു് എന്താണെന്നു് മനസ്സിലാക്കി നാം പ്രവത്തിക്കുന്നില്ലെങ്കിൽ കാലം നമ്മെ പിന്തള്ളും. സന്യാസ

ത്തിലേക്കും, പൗരോഹിത്യത്തിലേക്കുമുള്ള ദൈവവിളി കഠം പ്രോത്സാഹിപ്പിക്കാനും എല്ലാവക്കും ചുമതലയുണ്ട്. ആദ്യത്തെ സെമിനാരിയും നൊവിഷ്യേറ്റും കത്തോലിക്കാ കുടുംബം തന്നെ.

എല്ലാ കത്തോലിക്കരും അവരുടെ സാമ്പത്തിക ശേഷിയനുസരിച്ച് സഭയുടെ പ്രേഷിത പ്രവത്തനങ്ങളെ ധനസഹായത്തിലൂടെയും വളർത്തണം, വരുമാനത്തിൽ ഒരു നിശ്ചിത ശതമാനം അതിനായി നീക്കിവെയ്ക്കേണ്ടതാണ്.

സമാധാനവും സ്വാതന്ത്ര്യവും എന്ന അഭിധാനത്തോടുകൂടി ഫ്രാൻസിൽ പ്രസിദ്ധീകരിക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് പത്രം 1957–ൽ ഒരു ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തി അല്ലയോ ക്രിസ്ത്യാനികളെ നിങ്ങളുടെ സുവിശേഷം ഞങ്ങളുടെ കമ്മ്യുണിസ്റ്റ് വീക്ഷണത്തേക്കാഠം ലോകത്തെ നവീകരിയ്ക്കുന്നതിന് ഏററവും ശക്തമായ ആയുധമാണ്. പക്ഷേ അവസാനം ഞങ്ങഠം നിങ്ങളെ കീഴടക്കും. കാരണം നിങ്ങഠം നിങ്ങളുടെ സുവിശേഷം പ്രാവത്തികമാക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നില്ല. നിങ്ങഠം അത് ഒന്നാമതായി പ്രാവർത്തികമാക്കുക. പിന്നീട് അതു പ്രചരിപ്പിക്കുക. (Lift up your hearts. Christopher Publications.)

1980 ജൂൺമാസത്തിൽ പ. പിതാവ് ജോൺപോഠം രണ്ടാമൻ തിരുമേനി ആഫ്രിക്കയിൽ പര്യടനം നടത്തിയ അവസരത്തിൽ അവിടത്തെ കത്തോലിക്കരെ സജീവമായ രാഷ്ട്രീയ പ്രവത്തനത്തിലേപ്പെടുവാൻ ആഹ്വാനം ചെയ്തു. എന്നാൽ കത്തോലിക്കന്റെ രാഷ്ട്രീയ മീമാംസയുടെ അടിസ്ഥാനതത്വം സീസറിന്റേതു് സീസറിനും ദൈവത്തിന്റേതു ദൈവത്തിനും എന്നതായിരിക്കണം. (വി. മത്താ. XXII 21)

രാഷ്ട്രീയം പൂർണ്ണമായ അർത്ഥത്തിൽ രാജ്യനന്മയ്ക്കുവേണ്ടിയുള്ള സഹകരണമാണ് എന്നത്രെ പാവനചരിതനായ പന്ത്രണ്ടാം പീയൂസ് തിരുമേനി രാഷ്ട്രീയത്തെ നിർവ്വചിച്ചിരിക്കുന്നതു്. കേരളത്തിൽ കത്തോലിക്കർ മാത്രമെങ്കിലും, ആദർശത്തിൽ അധിഷ്ഠിതമായ രാഷ്ട്രസേവനം നിർവ്വഹിച്ചിരുന്നെങ്കിൽ നമ്മുടെ രാജ്യം പല രംഗത്തും വളരെ പുരോഗമിക്കുമായിരുന്നു. ഇന്നു് കമ്യൂണിസം കേരളത്തിൽ ശക്തിപ്രാപിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണം കത്തോലിക്കരുടെ ഇടയിലെ അനൈക്യമാണെന്നു പറയാം.

പലരും തങ്ങളുടെ കത്തോലിക്കത്വം പണയം വെച്ചിട്ടാണ് രാഷ്ട്രീയഭാഗ്യാന്വേഷികളായിത്തീർന്നിരിക്കുന്നതു്. കേരള കത്തോലിക്കന്റെ രാഷ്ട്രീയപാർട്ടി എന്നുതന്നെ വിശേഷിപ്പിക്കാവുന്ന കേരള കോൺഗ്രസ്സുകാർ എത്രയുണ്ടു്. ''ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം'' എന്നതിൽക്കവിഞ്ഞ ആദർശമുണ്ടോ? പണമല്ലെങ്കിൽ പദവി.

ലോകവന്ദ്യരായ കത്തോലിക്കാ രാഷ്ട്രീയനേതാക്കന്മാരുണ്ടായിരുന്നു. പരേതനായ അമേരിക്കൻ പ്രസിഡൻറു് കെന്നഡി, അദ്ദേഹത്തിന്റെ സഹോദരൻ റോബർട്ട് കെന്നഡി, ഫ്രഞ്ചു് പ്രസിഡൻറു് ഡിഗാളെ, ജർമ്മൻ ചാൻസലർ അഡനോവർ മുതലായവർ. ഇപ്പോഴത്തെ കനേഡിയൻ പ്രധാനമന്ത്രി പീയർ എലിയററ് ക്രൂത്തോയും ഒരുത്തമ കത്തോലിക്കനാണ്. മദ്രാസിൽ നിന്നു് ചരൺ മന്ത്രിസഭയിൽ അംഗമായിരുന്ന ബാല പഴന്നൂരിനോട് താങ്കൾ ഒരു കത്തോലിക്കനാണോ എന്നു് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ''ജ്ഞാനസ്നാനജലം തന്റെ തലയിൽ വീണതുകൊണ്ടു മാത്രമല്ല ഞാൻ കത്തോലിക്കനായിരിക്കുന്നതു് പ്രത്യുത അടിയുറച്ച ബോദ്ധ്യത്തിൽനിന്നുമാണ്.

ഫ്രഞ്ചു് പ്രസിഡൻറായിരുന്ന ഡിഗാളെ ക്രൂഷേവിൻെറ ഭരണകാലത്തു് റഷ്യ സന്ദർശിച്ചു. ഞായറാഴ്ച ദിവസം അദ്ദേഹത്തിനു് ദിവ്യബലിയിൽ സംബന്ധിക്കുവാനുള്ളപരിപാടി റഷ്യൻ ഗവൺമെൻറു് ഏർപ്പെടുത്തിയില്ല. പക്ഷെ ഡിഗാളെ നിർബന്ധമായി പറഞ്ഞതുനിമിത്തം ഫ്രഞ്ചു് എംബസിക്കു് അവിടെ ഒരു കത്തോലിക്കാ ദേവാലയം അനുവദിച്ചു. ഇതുപോലെ കത്തോലിക്കർ രാഷ്ട്രീയ പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ തങ്ങൾ സഭാംഗങ്ങളാണെന്നുള്ള കാര്യം വിസ്മരിക്കാതിരിക്കുക.

# 10

## ദിവ്യബലിയിലുള്ള സജീവഭാഗഭാഗിത്വം

രണ്ടാം വത്തിക്കാൻ സൂന്നഹദോസ് ആരംഭിക്കുന്നതിനുമുമ്പുതന്നെ കേരളീയർക്കു് ആരാധനാക്രമം മാതൃഭാഷയിലാക്കിയിരുന്നു. എന്തുദ്ദേശത്തോടു കൂടിയാണു് ആരാധനക്രമം മാതൃഭാഷയിലാക്കിയിരിക്കുന്നതു്? വിശ്വാസികൾ ആരാധനക്രമത്തിൽ സജീവ ഭാഗഭാഗിത്വം വഹിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണു്. പല സ്ഥലത്തും കത്തോലിക്കർ ദിവ്യബലിയോടു് ഒരു നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നതായി തോന്നിപ്പോകുന്നു.

ദിവ്യബലി ആരംഭിച്ച് വളരെ സമയം കഴിയുമ്പോഠം വരിക, വന്നാലും പ്രസംഗം കഴിയാതെ പള്ളിക്കകെത്തു പ്രവേശിക്കുകയില്ല. പ്രവേശിച്ചാലും ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുവാൻ തല്പരരാകുന്നില്ല. ചില സ്ഥലങ്ങളിൽ ദിവ്യബലിയിലുള്ള ജനങ്ങളുടെ ഭാഗഭാഗിത്വം പരിതാപകരമായ വിധത്തിലത്രെ. കേവലം പ്രേക്ഷകരോ, ശ്രോതാക്കളോ, മൂകസാക്ഷികളോ ആയിട്ടാണ് അവർ സംബന്ധിക്കുന്നത്.

വത്തിക്കാൻസൂന്നഹദോസിൻെറ ആരാധനക്രമത്തെക്കുറിച്ചുള്ളഡിക്രിയിൽ വിശ്വാസികഠം എപ്രകാരമാണ് ദിവ്യബലിയിൽ സംബന്ധിക്കേണ്ടതു് എന്നു് വ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്നു. കർമ്മനിരതമായും, ബുദ്ധിപൂർവ്വവും, ഭക്തിപൂർവ്വവും ഫലദായകമായ വിധത്തിലുമാണ് ദിവ്യബലിയിൽ സംബന്ധിക്കേണ്ടതു്. കർമ്മനിരതമായി എന്നു പറഞ്ഞാൽ ദിവ്യബലിയുടെ സമയത്തു് ജനങ്ങഠം ചൊല്ലേണ്ട പ്രാത്ഥനകഠം എല്ലാം ജപിച്ചുകൊണ്ടു് സംബന്ധിക്കുക എന്നതാണ് വിവക്ഷ.

അപ്രകാരം സംബന്ധിക്കുന്നതിനു് ചില പ്രത്യേക മനോഭാവങ്ങഠം ആവശ്യമാണു്. വിശ്വാസം, പ്രാത്ഥനാചൈതന്യം, ദൈവീകമായ അനുഭൂതി, മഹോന്നതമായ ഒരു രഹസ്യത്തിലാണു് സംബന്ധിക്കുന്നതു് എന്നുള്ള അവബോധം, നാം ഒരു കുടുംബം എന്നുള്ള ചിന്ത, ദിവ്യബലി എന്താണ്, അതിൻെറ പ്രധാന ഭാഗങ്ങഠം, കമ്മങ്ങളുടെ അത്ഥമെന്താണ് എന്നീ വസ്തുതകഠം മനസ്സിലാക്കി അതിൽ സംബന്ധിക്കുന്നതാണു് ബുദ്ധിപൂർവ്വകമായ ഭാഗഭാഗിത്വം, ദിവ്യബലി ഗാഗുൽത്തായിൽ ലോക പരിത്രാതാവായ ക്രിസ്തുനാഥൻ അർപ്പിച്ച മഹായജ്ഞത്തിൻെറ ആവത്തനമാണല്ലൊ.

ദിവ്യബലി മതപരമായ ഏററവും പ്രധാനപ്പെട്ട കർമ്മമാണു്. അതിനനുയോജ്യമായ ഭയഭക്തി ബഹുമാനപുരസ്സരമായിരിക്കണം. ദിവ്യബലിയിൽ സംബന്ധി

ക്കേണ്ടതു്. ദിവ്യബലിക്കു അനന്തമായ യോഗ്യതയുണ്ടു്. എന്നാൽ അതിൽ ഓരോ വ്യക്തിയും എത്ര മാത്രം യോഗ്യത സമ്പാദിക്കുന്നു. ആ ബലി എത്രമാത്രം സ്വന്ത മാക്കിത്തീർക്കുന്നുവോ, അഥവാ എത്രമാത്രം സജീവ മായി ഭാഗഭാക്കാകുന്നുവോ അതിൻെറ തോതനുസരി ച്ചാണ്.

കനേഡിയൻ പ്രധാനമന്ത്രി പിയർ എലിയട്ട് ട്രൂഡോ 1970–ൽ ഇൻഡ്യ സന്ദർശിക്കുകയുണ്ടായി. 1970 ജനുവരിമാസം 10–ാംതീയതി അദ്ദേഹം വാരണാ സിയിൽ ചെന്നു് മെത്രാൻ സ്ഥാനത്തു നിന്നും വിരമിച്ച മൊൺ മലോൻഫോയെ സന്ദർശിക്കുകയുണ്ടായി. അവർ പൂർവ്വ സുഹൃത്തുക്കളായിരുന്നു. സുദീർഘമായി അവർ സംഭാഷണത്തിലേർപ്പെട്ടു. കുറെ കഴിഞ്ഞപ്പോൾ ഒരു ഇൻഡ്യൻ സെക്യൂരിററി ഓഫീസർ ചെന്നു് പ്രധാ നമന്ത്രിയോടു് പറഞ്ഞു സമയം അതിക്രമിച്ചു. ഉടനെ പോയില്ലെങ്കിൽ പല പരിപാടികൾക്കും വീഴ്ച വരും. ഉടനെ പ്രധാനമന്ത്രി ഇപ്രകാരം പറഞ്ഞു. ഞാൻ ഒരു കത്തോലിക്കനാണു്. ഇന്നു ഞായറാഴ്ച ദിവസമാകയാൽ ദിവ്യബലിയിൽ സംബന്ധിക്കാതെ മററു് യാതൊരു പരിപാടിക്കും സാദ്ധ്യമല്ല ഉടനെതന്നെ നമുക്കു് വാര ണാസിയിലെ കത്തീഡ്രൽ ദേവാലയത്തിലേയ്ക്കു് പോകണം. അതിനാൽ ഇൻഡ്യൻ സെക്യൂരിററി ഓഫീ സേഴ്സിനാൽ അനുഗതനായി അദ്ദേഹം ദേവാലയ ത്തിൽ ചെന്നു് സാധാരണ എല്ലാവരും ദിവ്യബലി യിൽ സംബന്ധിക്കുന്ന സ്ഥാനത്തുതന്നെ ചെന്നു് മുട്ടു കുത്തിനിന്നു് ദിവ്യബലിയിൽ സംബന്ധിച്ചു. ദിവ്യ ബലിയുടെ പ്രധാനഭാഗം ഏതാണെന്നു് അറിയുവാൻ പാടില്ലാതിരുന്ന ഹിന്ദുക്കളായ ഇൻഡ്യൻ സെക്യൂരി ററിഓഫീസേഴ്സ് കൂദാശവചനങ്ങൾ ഉച്ചരിക്കുന്നതിനു മുമ്പായിചെന്നു് വീണ്ടും അദ്ദേഹത്തെ സമയം അതിക്ര മിച്ച കാര്യം അനുസ്മരിപ്പിച്ചു.

അപ്പോൾ പ്രധാനമന്ത്രി സ്വല്പം അക്ഷമനായി അദ്ദേഹത്തോടു് പറഞ്ഞു. ''ദയവായി നിങ്ങൾ എന്നെ

ശല്യപ്പെടുത്തരുതു്. ഞാൻ ഈ ദിവ്യബലിയിൽ പൂർണ്ണമായി ഒന്നു സംബന്ധിച്ചുകൊള്ളട്ടെ. മറെറന്തു പരിപാടിയ്ക്കു വീഴ്ച വന്നാലും തരക്കേടില്ല. അദ്ദേഹം ദിവ്യബലിയിൽ പൂർണ്ണമായി സംബന്ധിച്ചു. ദിവ്യകാരുണ്യസ്വീകരണവും കൃതജ്ഞതാ പ്രകാശനവും കഴിഞ്ഞാണു് പുറത്തേയ്ക്കിറങ്ങിയതു്. തൽസമയം ഹിന്ദുവായ ഇൻഡ്യൻ സെക്യൂരിററിഓഫീസർ പത്രപ്രതിനിധികളോടു് ഇപ്രകാരമാണു് പ്രസ്താവിച്ചതു്. ''പ്രധാനമന്ത്രി പിയർ എലിയട്ട് ട്രൂഡോ നമുക്കെല്ലാവർക്കും ഒരു നല്ല മാതൃക കാണിച്ചുതന്നു. പ്രധാനമന്ത്രിയാണെങ്കിലും കൊള്ളാം ആദ്യം ദൈവം അതിനുശേഷം ബാക്കി കാര്യങ്ങൾ.'' (The New Leader, 1970 January)

1975–ൽ ലോകത്തിലുള്ള പ്രധാന രാഷ്ട്രനേതാക്കന്മാരുടെ ഫോട്ടോകളും അവരുടെ സവിശേഷതകളും പ്രധാന പത്രങ്ങളെല്ലാം കൊടുത്തിരുന്നു. അമേരിക്കൻ പ്രസിഡൻറ് നിക്സൺ, ഇൻഡ്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി, ബ്രിട്ടീഷ് പ്രധാനമന്ത്രി മാക്മില്യൻ, ഫ്രഞ്ചു് പ്രസിഡൻറ് ജോർജ്ജ് ഹെബിസോ, കനേഡിയൻ പ്രധാനമന്ത്രി പിയർ എലിയട്ട് ട്രൂഡോ മുതലായവരുടെ. കനേഡിയൻ പ്രധാനമന്ത്രിക്കു് കൊടുത്തിരുന്ന സവിശേഷത ''ലോകത്തിലെ ഏററവും നല്ലവനായ രാഷ്ട്രതന്ത്രജ്ഞൻ എന്നാണു്.''

കേരളത്തിൽ വിദ്യാസമ്പന്നരായ കത്തോലിക്കർ ദേവാലയത്തിൽ വരുന്നതും ദിവ്യബലിയിൽ സജീവമായി സംബന്ധിക്കുന്നതും ഒരു അഭിമാനക്ഷതമായിട്ടാണ് പരിഗണിക്കുക. ദിവ്യബലിയുടെ മാഹാത്മ്യം വേണ്ട വിധത്തിൽ ഗ്രഹിക്കാത്തതിനാലാണു് അതു്.

''ലോകത്തിലെ ഏററവും മഹത്തായ വസ്തുത ദിവ്യബലിയാണു്. ഏററവും സാർവ്വത്രികമായ പ്രവൃത്തിയും ദിവ്യബലിയാകുന്നു. സ്വർഗ്ഗസ്ഥനായ പിതാവു് അവിടത്തെ അനന്തമായ ശക്തിയും സ്നേഹവും ഒരുമിച്ചു് പ്രവ

ത്തിപ്പിച്ച് കാൽവറിയിലെ ആ നിമിഷം ശാശ്വതമാക്കി. അതാണ് ദിവ്യബലി. (Cardinal J. R. Wright. The Mass and her International Order.)

മനുഷ്യർ ചെയ്യുന്ന എത്ര ഉന്നതമായ പ്രവൃത്തിയിലും ആദത്തിൻെറ അധ:പതനത്തിനുശേഷം ശാപത്തിൻേറതായ ഒരു ഘടകമുണ്ട്. എന്നാൽ ദിവ്യബലിയിലുള്ള ഭാഗഭാഗിത്വം നമ്മെ അതിൽനിന്നും വിമോചിച്ച് അവയെ പവിത്രീകരിക്കുന്നു. ഈ പ്രപഞ്ചത്തെ മുഴുവനും ദിവ്യബലി പവിത്രീകരിക്കുകയാണ്. അതു് മനസ്സിലാക്കി കത്തോലിക്കർ ദിവ്യബലിയിൽ ഏററവും കൂടുതൽ സജീവമായി സംബന്ധിക്കണം. ചില ദേവാലയങ്ങളിൽ ദിവ്യബലിയുടെ സമയത്തു് കാണുന്ന താഴ്ച വളരെ ശോചനീയമാണ്. ആ ദുരവസ്ഥ പരിഹരിക്കുവാൻ വൈദികരും സന്യാസിനീസന്യാസികളും വിശ്വാസികളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. വിശ്വാസികൾക്ക് ജ്ഞാനസ്നാനത്തിലും സ്ഥൈരലേപനത്തിലും ലഭിക്കുന്ന ക്രിസ്തുവിൻെറ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വത്തിൻെറ ഒരു ചുമതലയാണതെന്നകാര്യം മനസ്സിലാക്കി പ്രവത്തിക്കുക. ദിവ്യകാരുണ്യസ്വീകരണത്തിലുംദിവ്യകാരുണ്യസന്ദർശനത്തിലുംകൂടി തല്പരരാകുക. കത്തോലിക്കാസഭ ദിവ്യകാരുണ്യത്തിൽ കേന്ദ്രീകൃതമായ ഒരു സമൂഹമാണ്. ലോകത്തിലെ ഏററവും ചലനാത്മകമായ മതം കത്തോലിക്കാസഭയാണെന്നു് പരേതനായ നമ്മുടെ പ്രധാനമന്ത്രി പണ്ഡിററ്ജി പ്രസ്താവിച്ചു. കാരണം ജീവദാതാവായക്രിസ്തു നമ്മുടെ മദ്ധ്യത്തിൽ വസിച്ച് അവിടത്തെ ദൈവീക ജീവൻ പകർന്നു തരുന്നതാണ്. ഇന്നത്തെ കത്തോലിക്കർക്ക് ചൈതന്യമില്ലെങ്കിൽ അവർ ജീവദാതാവായ ദിവ്യകാരുണ്യനാഥനിൽനിന്നും ജീവൻ പ്രാപിക്കാത്തതാണ്.

✻✻

ARYA PALACKAL JEEVASRAMAM ALUVA
LIBRARY
10840

# കുടുംബജീവിതം


ഫാ. കമിൽ സി. എം. ഐ.

'ആധുനിക യുഗത്തിൽ കുടുംബങ്ങളുടെ ദൗത്യം' എന്നതായിരുന്നു 1980–ലെ സിനഡിൻെറ ചർച്ചാ വിഷയം. സിനഡിനു് അയച്ച സന്ദേശത്തിൽ സനാതനമൂല്യങ്ങളെ സംരക്ഷിക്കുകയാണു് ക്രൈസ്തവകുടുംബങ്ങളുടെ ദൗത്യമെന്നു് പ. പിതാവു് ജോൺ പോൾ രണ്ടാമൻ തിരുമേനി പ്രഖ്യാപിക്കുകയുണ്ടായി. കുടുംബങ്ങളുടെ ക്രൈസ്തവൽക്കരണമാണു് ഇരുപതാം നൂററാണ്ടിലെ ഏററവും വലിയ പ്രേഷിതവൃത്തി. കുടുംബം സമുദായത്തിൻെറ മൂലക്കല്ലാണു്. കുടുംബങ്ങൾ ക്രൈസ്തവമാകുമ്പോൾ സമുദായവും, ജനപദങ്ങളും, ലോകവും ക്രൈസ്തവ ചൈതന്യ പ്രകർഷമാകും. അതിനു പര്യാപ്തമായ മാർഗ്ഗങ്ങൾ ലളിതമനോഹരമായി പ്രതിപാദിക്കുന്ന ഒരുത്തമഗ്രന്ഥമാണു്, കുടുംബജീവിതം.

ഒരു ഡി. ബി. എച്ചു്. വിതരണം.

# കുടുംബജീവിതം

ഫാ:കമിൽ



1.42
3

Indic Digital Archive Foundation
gpura.org